ജി. ചേടിയത്ത്

# മാർ അപ്രേം
# പെസഹാഗീതങ്ങൾ

കോട്ടയം
2009

ജി. ചേടിയത്ത്    മാർ അപ്രേം - പെസഹാഗീതങ്ങൾ

OIRSI
312

ജി. ചേടിയത്ത്

## മാർ അപ്രേം

# പെസഹാഗീതങ്ങൾ

(De Azymis, De Crucifixione, De Resurrectione)

OIRSI
No. 312

പൗരസ്ത്യവിദ്യാപീഠം
കോട്ടയം
2009


www.malankaralibrary.com

**G.CHEDIATH, MAR APREM, Pesaha Geethangal (Hymns on the Passover: Hymns on the Unleavened Bread, Hymns on Crucifixion, Hymns on Resurrection)**

A Publication of the Oriental Institute of Religious studies, P. B. No.10. Vadavathoor, Kottayam, 686010. Kerala. India.

© G. Chediath, 2009

Printed at : Bethany Press, Kalathipady, Kottayam - 686010
Ph. 0481 - 2571355

Price : 40 /-

ISBN : 978-81-88456-37-6

www.malankaralibrary.com

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| ആമുഖം | - | 5 |
| മാർ അപ്രേം | - | 6 |
| ഗ്രന്ഥസൂചിക | - | 7 |
| **പുളിപ്പില്ലാത്ത അപ്പത്തെക്കുറിച്ച്** (പത്തീറാഗീതം) | - | **9** |
| ഗീതം 1 | - | 9 |
| ഗീതം 2 | - | 11 |
| ഗീതം 3 | - | 14 |
| ഗീതം 4 | - | 15 |
| ഗീതം 5 | - | 18 |
| ഗീതം 6 | - | 20 |
| ഗീതം 8 | - | 21 |
| ഗീതം 9 | - | 22 |
| ഗീതം 12 | - | 24 |

| | | പേജ് |
|---|---|---|
| ഗീതം 13 | - | 25 |
| ഗീതം 14 | - | 28 |
| ഗീതം 15 | - | 30 |
| ഗീതം 16 | - | 32 |
| ഗീതം 17 | - | 35 |
| ഗീതം 18 | - | 37 |
| ഗീതം 19 | - | 38 |
| ഗീതം 20 | - | 41 |
| ഗീതം 21 | - | 42 |
| **ക്രൂശാരോഹണത്തെപ്പറ്റി** (ക്രൂശാരോഹണഗീതം) | **-** | **45** |
| ഗീതം 1 | - | 45 |
| ഗീതം 2 | - | 49 |
| ഗീതം 3 | - | 51 |



www.malankaralibrary.com

| | | |
|---|---|---|
| ഗീതം 4 | - | 55 |
| ഗീതം 5 | - | 59 |
| ഗീതം 6 | - | 63 |
| ഗീതം 7 | - | 67 |
| ഗീതം 8 | - | 70 |
| ഗീതം 9 | - | 74 |
| **ഉത്ഥാനത്തെപ്പറ്റി** (ഉത്ഥാനഗീതം) | **-** | **75** |
| ഗീതം 1 | - | 75 |
| ഗീതം 2 | - | 78 |
| ഗീതം 3 | - | 81 |
| ഗീതം 4 | - | 85 |
| ഗീതം 5 | - | 88 |
| മാർ അപ്രേമിന്റെ മലയാളത്തിലുള്ള കൃതികൾ | - | **90** |
| മലയാളത്തിലുള്ള പട്രിസ്റ്റിക് ടെക്സ്റ്റുകൾ | - | 91 |

# ആമുഖം

ഭാഗ്യവാനായ മാർ അപ്രേമിന്റെ പെസഹാ ഗീതങ്ങളാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ഇതിന് മൂന്നു ഭാഗങ്ങളുണ്ട്: 1. പുളിപ്പില്ലാത്ത അപ്പത്തെപ്പറ്റി 21 ഗീതങ്ങൾ (പത്തീറായെപ്പറ്റി). 2. ക്രൂശാരോഹണത്തെപ്പറ്റി 9 ഗീതങ്ങൾ. 3. ഉത്ഥാനത്തെപ്പറ്റി 4 ഗീതങ്ങൾ. ആകെ 34 ഗീതങ്ങളുടെ ഒരു ലഘുസമാഹാരമാണിത്.

ഇതിനോടകം മാർ അപ്രേമിന്റെ പന്ത്രണ്ട് കൃതികൾ എട്ട് വാല്യങ്ങളിലായി ദൈവകൃപയാൽ ഞാൻ  പ്രസിദ്ധീകരിച്ചു. ഇത് പതിമൂന്നാമത്തെ കൃതിയാണ്. ഇത്  ഒൻപതാം വാല്യമായിട്ടാണ് പ്രസിദ്ധീകരിക്കുന്നത്. "ഉറവിടങ്ങളിലെക്കു മടങ്ങുക" എന്ന ആഹ്വാനമാണല്ലോ രണ്ടാം വത്തിക്കാൻ സൂനഹദോസ് നൽകിയിരിക്കുന്നത്. സുറിയാനിസഭകളെ സംബന്ധിച്ച് മാർ അപ്രേമിന്റെ കൃതികൾ ദൈവശാസ്ത്രത്തിന്റെ നല്ലൊരുറവിടമാണ്.

ഈ ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തിൽ എന്നെ സഹായിച്ച എല്ലാവരെയും നന്ദിപൂർവം ഓർക്കുന്നു. ഇത് പൗരസ്ത്യവിദ്യാപീഠം പ്രസിദ്ധീകരണത്തിൽ ഉൾപ്പെടുത്തിയ പ്രസിദ്ധീകരണം ഡയറക്ടർ ബ. മേക്കാട്ടുകുന്നേൽ അച്ചനും സഹപ്രവർത്തകർക്കും കൃതജ്ഞതയുടെ കൂപ്പുകൈ. ഇതിന്റെ ലേഔട്ട് ഭംഗിയായി നിർവഹിച്ച ഷാനിക്കും ബഥനി പ്രസിലെ അധികാരികൾക്കും എല്ലാ പ്രവർത്തകർക്കും നന്ദി രേഖപ്പെടുത്തുന്നു. സന്തോഷപൂർവം ഇത് സഹൃദയസമക്ഷം സമർപ്പിക്കുന്നു.

ജി.ചേടിയത്ത്

സെന്റ് മേരീസ് മലങ്കര കാത്തലിക് ചർച്ച്,
കാട്ടാക്കട, ചൂണ്ടുപലക. തിരുവനന്തപുരം. 695572.
ജൂൺ 9, 2009.


www.malankaralibrary.com

# മാർ അപ്രേം (306–373)

മാർ അപ്രേം മെസൊപ്പൊട്ടേമിയായിലെ നിസിബിസ് പട്ടണത്തിലോ, അതിനടുത്തോ ആണ് ജനിച്ചത്. ബാല്യം മുതൽ അദ്ദേഹത്തിന്റെ വിശ്വാസപരിശീലനം നിസിബിസിലെ മാർ യാക്കോബിന്റെ (303–338) കീഴിലായിരുന്നു. അദ്ദേഹം അപ്രേമിനെ ഡീക്കനാക്കി, നിസിബിസിലെ മതപഠനശാലയിൽ 326–നോടടുത്ത് പ്രധാനാധ്യാപകനായി നിയമിച്ചു. ബൈബിൾ വ്യാഖ്യാനമായിരുന്നു മുഖ്യജോലി. മാർ യാക്കോബിന്റെ പിൻഗാമികളായ മാർ ബാബോവായ് (338–350), മാർ വൊളൊഗേസ് (350–361), മാർ അബ്രഹാം (361–?) എന്നീ മെത്രാന്മാരുടെ കീഴിലാണ് മാർ അപ്രേം പ്രവർത്തിച്ചത്. പേർഷ്യൻ രാജാവായ ഷപ്പൂർ രണ്ടാമൻ (309–379) 338,346,350 എന്നീ വർഷങ്ങളിൽ നിസിബിസ് ആക്രമിച്ചു. പേർഷ്യൻ സൈന്യം മൂന്നു തവണയും പരാജയപ്പെട്ട് പിന്മാറി. എന്നാൽ 363–ലെ റോമൻ പരാജയത്തിനുശേഷം റോമാക്കാർ പേർഷ്യാക്കാർക്ക് നിസിബിസ് വിട്ടുകൊടുത്തു. മാർ അപ്രേം ഉൾപ്പെടെയുള്ള ക്രിസ്ത്യാനികളെല്ലാം തദവസരം എഡേസ്സായിലേക്ക് കുടിയേറി. ക്രി.വ. 371/2–ൽ പട്ടിണിയും പകർച്ചവ്യാധിയും പിടിപെട്ട് എഡേസ്സയിൽ അനേകർ മരിച്ചു. അപ്പോൾ സേവനസന്നദ്ധനായി മാർ അപ്രേം മുന്നോട്ടിറങ്ങി. കഷ്ടപ്പാടുകൾ നിറഞ്ഞ ഈ സാമുഹ്യസേവനം അദ്ദേഹത്തിന്റെ ആരോഗ്യം തകർത്തു. 373 ജൂൺ 9–ന് അദ്ദേഹം മരിച്ചു.

സുറിയാനി സഭയിലെ ഏറ്റവും വലിയ സഭാപിതാവ്, സുപ്രസിദ്ധ പട്രിസ്റ്റിക് കവി, ആരാധനക്രമത്തോട് വിശ്വസ്തത കാട്ടിയ വ്യക്തി, എല്ലാവർക്കും കാരുണ്യം വർഷിച്ച ഡീക്കൻ എന്നീ നിലകളിൽ മാർ അപ്രേം പ്രശസ്തനാണ്. കത്തോലിക്കാസഭ 1920–ൽ അദ്ദേഹത്തെ സാർവത്രിക സഭാമൽപ്പാൻ എന്നു വിളിച്ചു. 'പരിശുദ്ധാത്മാവിന്റെ വീണ' എന്നറിയപ്പെടുന്ന മാർ അപ്രേം നിരവധി വിഷയങ്ങളെപ്പറ്റി വളരെയധികം എഴുതി. തനിഗദ്യം (തുർഗാമാ), ഗദ്യപദ്യമിശ്രിതം (മെമ്രാ), പദ്യം (മദ്റാശാ) എന്നീ ഭാഷാരൂപങ്ങൾ അദ്ദേഹം ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ മിക്ക കൃതികളും പദ്യരൂപത്തിലാണ്. അവയിലൊന്നാണ് പെസഹാഗീതങ്ങൾ. മാർ അപ്രേമിനെപ്പറ്റി കുടുതലറിയാൻ: ജി. ചേടിയത്ത്, *സുറിയാനിസഭാസാഹിത്യം,* തിരുവനന്തപുരം, 2008, പേജ്, 8–32 കാണുക.

അക്കാലത്തെ മനുഷ്യർക്ക് മനസ്സിലാകുന്ന സാധാരണരീതികളാണ് അദ്ദേഹം തന്റെ കൃതികളിൽ സ്വീകരിച്ചിട്ടുള്ളത്. ആളുകൾ ആ ഗീതങ്ങൾ പാടി അവയിലെ ആശയങ്ങൾ സ്വായത്തമാക്കിയിരുന്നു. എന്നാലിന്ന് പലർക്കും ആ രീതികൾ വശമില്ല. ഇവിടെ ഗദ്യരൂപത്തിലാണ് വിവർത്തനം നടത്തിയിരിക്കുന്നത്. എങ്കിലും മൂലകൃതിയിൽ കാണുന്ന തലക്കെട്ടുകൾ അതേപടി കൊടുത്തിരിക്കുന്നു എന്നു മാത്രം. ഈ കൃതിയിൽ 8 രീതികളിലായിട്ടാണ് 34 ഗീതങ്ങൾ രചിച്ചിട്ടുള്ളത്. അവ താഴെ ചേർക്കുന്നു:

1. "ക്ഷമയുള്ളവൻ ആരാണ്?": പത്തീറാഗീതം 1. 2.
2. " ഒന്നിച്ചുകൂടുവിൻ, നീസാനിൽ നമുക്കാഘോഷിക്കാം": പത്തീറാഗീതം: 3–21.
3. "ദൈവം തന്റെ കാരുണ്യത്താൽ": ക്രൂശാരോഹണഗീതം 1..
4. "ശിശുക്കൾ കൊല്ലപ്പെട്ടു": ക്രൂശാരോഹണഗീതം 2. ഉത്ഥാനഗീതം 2.3.
5. "എഫ്രാതാ, നിനക്ക് ഭാഗ്യം": ക്രൂശാരോഹണഗീതം 3.8.9.
6. "രാജാവിന്റെ മണവാട്ടി": ക്രൂശാരോഹണഗീതം 4–6.
7. "സ്വർഗീയ ഗണങ്ങൾ": ക്രൂശാരോഹണഗീതം 7.
8. "ആദ്യജാതന്റെ നോമ്പ് ഇതാകുന്നു": ഉത്ഥാനഗീതം 4.5.

# ഗ്രന്ഥസൂചിക

Beck,E., *Des heiligen Ephraem des Syrers Paschahymnen* (De Azymis, de Crucifixione, de Resurrectione) (*CSCO* 248/249,Syr.108/109),Louvain, 1964.*

Botha, P. J., *Polemiese trekke in die Paasfeeshimnes van Afrem die Sirier* (=Polemical features of Ephrem the Syrian's Hymns on Easter) M.A. Dissertation: Pretoria, 1982.

Botha, P. J., 'A comparison between Aphrahat and Ephrem on the subject of Passover', in *Acta Patristica et Byzantina* 3 (1992)46-62.

Botha, P. J., 'Polarity and divine economy in Ephrem's hymn De Crucifixione V', in *Acta Patristica et Byzantina* 9 (1998)23-34.

Botha, P. J., 'Polarity: The theology of anti-Judaism in Ephrem the Syrian's hymns on Easter', in *Hervormde Theologiese Studies* 46(1990)36-46.

Brock, S.P., *The Harp of the Spirit*, London, 1975. (English tr. of some hymns).

Brock, S. P., 'The poetic artistry of saint Ephrem: an analysis of Hymn on Azym. 3' in *Parole de l'Orient* 6-7(1975-1976)21-28.


www.malankaralibrary.com

Cerbelaud, D., ‘L’antijudaisme dans les hymnes de Pascha d’Ephrem le Syrien*’* in *Parole de l’Orient* 20(1995)201-207.

Cerbelaud, D., ‘Ephrem: Celebrons la Paque’ (Hymnes sur les Azymes, sur la Crucifixione, sur la Resurrection): French tr.of the hymns. Paris, 1995.

Francesco, I. de, *Efrem il Siro, Inni pasquali*: Sugli azzimi, Sulla crocifissione, Sulla risurrezione, (*Letture cristane de primo millennio* 31), Milano,2001.

Gribomont, J., ‘Le tromphe de Paque d’apres saint Ephrem’, in *Parole de l’Orient* 4 (1973) 147-189.

Gribomont, J., ‘Les hymnes de saint Ephrem sur la Paque’ in *Melto*. Recherches Orientales 3(1967)147-182.

Gribomont, J. ‘La tradition liturgique des hymnes pascales de saint Ephrem*’* in *Parole de l’Orient* 4 (1973)191-246.

Naduvilezham, J., ‘The paschal lamb in Ephrem of Nisibis’, in *The Harp* 5 (1992)53-66.

Naduvilezham, J., *The Theology of the Paschal Lamb in Ephrem of Nisibis*, Kottayam, 2000.

Nin, M., *Efrem de Nisibis: himnes i homilies* (Catalan translation) Proa,1997.

Outtier, B., ‘Contribution a l’etude de la prehistoire des collections d’hymnes d’Ephrem’ in *Parole de l’Orient* 6-7(1975-6)49-61.(tr. of some hymns)

Rouwhorst,G.A.M., ‘De Paashymnen van Efrem de Syrer’ in *Het christelijk Oosten* 37(1985)73-92.

Rouwhorst, G. A.M., ‘Ephrem de Syrier. Hymnen voor de viering van het kerkelijk *jaar*’ *in Christelijke bronnen* 3) Kampen 1991(Dutch tr. of some hymns).

Rouwhorst,G.A.M., ‘L’evocation du mois de Nisan dans les ‘Hymnes sur la Resurrection’ d’Ephrem de Nisibe’ in *Orientalia Christiana Analecta* 229, Roma 1987,p.101-110.((IVth Symposium Syriacum 1984 at Groningen-Oosterhesselen).

Rouwhorst, G. A.M., ‘Les hymnes pascales d’Ephrem de Nisibe’ : in *Supplement to Vigiliae Christianae*, VII,1-2(2 vols.) Leiden 1989

Slim, J., ‘Hymne I de saint Ephrem sur la Resurrection,’ in *L’Orient Syrien* 12 (1967)505-514.

---

* വിവർത്തനത്തിന് ഈ ടെക്സ്റ്റാണ് ഉപയോഗിച്ചിരിക്കുന്നത്

www.malankaralibrary.com

## മാർ അപ്രേം

# പുളിപ്പില്ലാത്ത അപ്പത്തെക്കുറിച്ച്

## 1

**"ക്ഷമയുള്ളവൻ ആരാണ്?" എന്ന രീതി**

1. എല്ലാവരെയും പ്രബോധിപ്പിക്കുന്നവൻ തന്റെ സ്നേഹത്താൽ വിവേകശൂന്യരുടെ പക്കലേക്കുവന്നു. എന്നാൽ അവർ തങ്ങളുടെ വിവേകരാഹിത്യത്തിൽ ഉറച്ചുനിന്നു. അവർക്ക് മുന്നറിയിപ്പു ലഭിച്ചിട്ടും വിവേകത്തിന്റെ കലവറയെ വിവേകരഹിതമായി അവർ നിരസിച്ചുകളഞ്ഞു.

*പ്രതിസ്തോത്രം: നിന്നെ അയച്ചവന് സ്തുതി.*

2. നീ ദുഷ്ടന്റെമേൽ വർഷിച്ച നിന്റെ കാരുണ്യത്തെപ്രതി ഞാൻ ആശ്ചര്യഭരിതനാകുന്നു. ഞങ്ങളുടെ ദാരിദ്ര്യത്തെ സമ്പന്നമാക്കാനും അങ്ങനെ നീ സമ്മാനിച്ച നിക്ഷേപങ്ങളിലൂടെ ഞങ്ങൾ ഈറയർക്ക് സഖികളായിത്തീരാനും നീ നിന്റെ മഹനീയത ദരിദ്രമാക്കി.

3. തന്റെ കൃപയിൽ അവൻ പരിപൂർണനായിരുന്നു. അവൻ പ്രതിഫലം നൽകുകയും പ്രബോധിപ്പിക്കുകയും ചെയ്തു. അവൻ സുഖപ്പെടുത്തിയ പീഡിതൻ അതിലൂടെ പ്രബോധിതനായി. പഠിച്ചവന് പ്രതിഫലം കിട്ടി. കാരണം, താൻ സൗഖ്യമായതിലൂടെ അവൻ പ്രബോധിതനായി.

4. താൻ സഹിച്ചവയിലൂടെയെല്ലാം അവൻ മനുഷ്യനെ[1] തികവുള്ളവനാക്കി. അവൻ കൊണ്ട അടികളാൽ അവൻ പഠിപ്പിച്ചു. അവൻ സഹിച്ചവയാൽ അവൻ വാഗ്ദാനം ചെയ്തു. തന്റെ വാഗ്ദാനങ്ങൾ ഉറപ്പിക്കാൻ ചെമ്മരിയാടുപോലെ അവൻ ബന്ധിതനായി.

---

1. മനുഷ്യത്വത്തെ (ലനാശൂസാ)


www.malankaralibrary.com

5. ന്യായാധിപന്മാരെ വിധിക്കുന്നവൻ, പാപം ചെയ്തവനു പകരമായി വിസ്തരിക്കപ്പെട്ട് വിധിക്കപ്പെട്ടു. കാരണം, നീതിരഹിതനുപകരം നീതിമാൻ വിചാരണ ചെയ്യപ്പെട്ടു. നിന്നെ അയച്ചവന് സ്തുതി.

6. നല്ലവൻ കടന്നുവരികയും തന്റെ സ്നേഹത്താൽ ദുഷ്ടന്മാർക്കു പകരം വിസ്തരിക്കപ്പെടുകയും ചെയ്തു. അവർ തങ്ങൾക്കു പകരം അവനെ കുറ്റം വിധിച്ചു. അവർ തങ്ങളുടെ സ്വന്തം പാപങ്ങൾക്കുവേണ്ടി തങ്ങളുടെ സ്വന്തം കൈകളാൽ അവനെ ക്രൂശിച്ചു എന്നതാണ് ആശ്ചര്യകരമായ കാര്യം!

7. അവന്റെ മരണത്താൽ അവർ ജീവിക്കാനായി അവൻ സ്വയം കയ്യാളിച്ചു. കർതൃപ്രതീകമായ[2] ഈജിപ്തിലെ കുഞ്ഞാട് രക്ഷിച്ചതുപോലെ, അവൻ കൊല്ലപ്പെടുകയും തന്റെ സ്നേഹത്താൽ അതുവഴി തന്റെ കൊലയാളികളെ രക്ഷിക്കുകയും ചെയ്തു.

8. സൗഭാഗ്യസ്ഥലമായ പറുദീസായിൽ ആദാം പാപംചെയ്ത് പരാജിതനായപ്പോൾ, പീഡനസ്ഥലത്ത് നീതിമാൻ അവനുവേണ്ടി പ്രഹരമേറ്റു.

9. ഇതാ, തന്റെ പ്രതീകം[3] വഹിച്ച നീതിമാന്മാരെ പൂർണരാക്കാൻ നല്ലവനെത്തി. തന്റെ ശരീരം വഴിയുള്ള പൂർണമാക്കലിലൂടെ, അവൻ തന്നെ തന്റെ സഹോദരരെ തന്റെ അവയവങ്ങളായി പൂർണരാക്കി.

10. ആദാം തന്റെ ശരീരത്തിൽ ജീവനുള്ളവനെ കൊന്നതുപോലെ –ഈ ദൃഷ്ടാന്തംപോലെ– എല്ലാം പൂർണമാക്കുന്നവന്റെ ശരീരത്തിലൂടെ നീതിമാന്മാർ പൂർണത കണ്ടെത്തുകയും പാപികൾ മോചനം നേടുകയും ചെയ്തു.

11. കീഴടക്കപ്പെടാനായി ജേതാവ് താഴേക്കിറങ്ങിവന്നു; എന്നാൽ സാത്താനാലല്ല! കാരണം, അവിടുന്ന് അവനെ കീഴടക്കി മുക്കിക്കളഞ്ഞു[4]. അവനെ ക്രൂശിച്ച യൂദരാണ് അവനെ കീഴടക്കിയത്. തന്റെ നീതിയാൽ അവൻ ജേതാവായി, തന്റെ കൃപയാൽ അവൻ കീഴടക്കപ്പെട്ടു.

12. ശക്തനെ അവിടുന്ന് കീഴ്പ്പെടുത്തി; ബലഹീനർ അവനെ കീഴ്പ്പെടുത്തി. അവൻ തന്നെത്തന്നെ കയ്യാളിച്ചതിനാൽ, അവർ അവനെ ക്രൂശിച്ചു. തന്റെ പ്രലോഭനങ്ങളിൽ അവൻ വിജയിച്ചു; തന്റെ കരുണയാൽ അവൻ കീഴ്പ്പെടുത്തപ്പെട്ടു.

13. സാത്താൻ മരുഭൂമിയിൽ വച്ച് അവിടുത്തെ പ്രലോഭിപ്പിച്ചപ്പോൾ അവിടുന്ന് അവനെ കീഴ്പ്പെടുത്തി. അവർ അവിടുത്തെ ക്രൂശിച്ചപ്പോൾ, മനുഷ്യവാസമുള്ള നാട്ടിൽവച്ച് സാത്താൻ അവനെ കീഴ്പ്പെടുത്തി. അവിടുന്ന്

---

2. റാസാ മാറേ. 3. റാസാ. 4. മർക്കോ. 5,13.

www.malankaralibrary.com

കൊല്ലപ്പെട്ടപ്പോൾ, തന്റെ താഴ്ചയാലും ദുഷ്ടനെ കീഴ്പ്പെടുത്താനായി, അവനെ നിഗ്രഹിച്ചു.

14. എല്ലാം പൂർണമാക്കുകയും ശിശുക്കളോട് സംസാരിക്കുകയും അജ്ഞരോട് ചോദിക്കുകയും നിയമജ്ഞരോട് തർക്കിക്കുകയും എല്ലാവർക്കും വിവേകം നൽകുകയും ചെയ്ത സത്യം, എല്ലാവരിലും സത്യം വിതച്ചു.

15. ദൈവത്തിന്റെ വിജ്ഞാനം വിഡ്ഢികളുടെ നാട്ടിലേക്ക് താണിറങ്ങിവന്നു. തന്റെ പ്രബോധനത്തിലൂടെ അത് വിജ്ഞാനവും തന്റെ വ്യാഖ്യാനത്തിലൂടെ വെളിച്ചവും നൽകി. അതിന്റെ സഹായത്തിന് പ്രതിപകരമായി അവർ അതിന് കവിളത്ത് അടിനൽകി.

16. നല്ലവൻ തന്റെ കൃപയാൽ ദുഷ്ടരുടെ പക്കലേക്ക് താണിറങ്ങിവന്നു. താൻ കടപ്പെടാത്തത് അവൻ തിരികെ നൽകി. താൻ കടം കൊടുക്കാത്തത് മനുഷ്യർ അവനു തിരികെ നൽകി. അവന് കൊടുക്കാതിരുന്നതിലും കൊടുത്തതിലും–രണ്ടിലും– മനുഷ്യർ അവനോട് നന്ദികേടു കാട്ടി.

17. നല്ലവൻ സ്വീകരിക്കുകയും സ്വീകരിക്കാൻ ഇടയാക്കുകയും ചെയ്തു. രണ്ടിലും ഒരത്ഭുതം: നാം സത്യം സ്വീകരിക്കാൻ ഇടയാക്കിയപ്പോൾ, അവൻ നമ്മിൽ നിന്ന് പാപം എടുത്തുകളഞ്ഞു. ആവശ്യക്കാർ അവന്റെ സമ്പാദ്യമെടുത്തിട്ട്, അവരുടെ പാപം വഹിക്കാൻ അവന് ഇടവരുത്തി.

18. തന്നെ ക്രൂശിച്ചവരുടെ കുട്ടികളെ നല്ലവൻ കൈകളിൽ എടുത്ത് ആശീർവദിച്ച് തലോടി.[5] അവയുടെയെല്ലാം പ്രതീകം[3] ഏകമായിരുന്നു. അവർ അവനെ ചുംബിച്ചപ്പോൾ, കള്ളന്റെ വായ്കൊണ്ട് അവനെ കടിച്ചുകീറി.

19. ആ ജനത്തിന്റെ[6] തെറ്റ് അതിന്റെ പ്രതീക്ഷയിൽ കിടക്കുന്നു. അത് അർപ്പണങ്ങളിൽ കാണപ്പെടുന്നു. ദൈവകുഞ്ഞാട് വീണ്ടും അർപ്പണം നടത്തുമെന്നത് തെറ്റുതന്നെയാണ്.

# 2

## "ക്ഷമയുള്ളവൻ ആരാണ്?" എന്ന രീതി (2)

1. തന്റെ വിജ്ഞാനം മറച്ചുവയ്ക്കാൻ ഒരുമ്പെട്ടുകൊണ്ട്, വഴിതെറ്റിയവരോട്, "ക്രിസ്തു ആരുടെ പുത്രനാണ്?"എന്നു ചോദിച്ച അവനാണ്

5. മർക്കോ. 10,16.

6. ആമോ= ജനം: യൂദജനത്തെയും, ആമേ= ജനങ്ങൾ: വിജാതിയരെയും കുറിക്കുന്നു.


www.malankaralibrary.com

യഥാർഥവിജ്ഞാനി.[7] തന്റെ ദൈവത്വം വിളിച്ചറിയിക്കാൻ, അവിടുന്ന് തന്നെപ്പറ്റിത്തന്നെ ആരാഞ്ഞു.

*പ്രതിസ്തോത്രം: നമുക്കുവേണ്ടി ബലിയർപ്പിക്കപ്പെട്ടവൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. പുരോഹിതരും ലേവ്യരും[8] അശുദ്ധരായി തീർന്നവർ ആയിരുന്നെന്ന് സത്യകുഞ്ഞാട് അറിഞ്ഞിരുന്നു. അതുകൊണ്ട്, അവർ അവന് മതിയായവർ ആയിരുന്നില്ല. അവൻ തന്നെ തന്റെ ശരീരത്തിന് പുരോഹിതനും മഹാപുരോഹിതനും[9] ആയിത്തീർന്നു.

3. യൂദജനത്തിന്റെ പുരോഹിതന്മാർ മഹാപുരോഹിതനെ കൊലചെയ്തു. നമ്മുടെ പുരോഹിതൻ[10] ബലിയായിത്തീർന്നു. തന്റെ യാഗത്താൽ അവൻ മൃഗബലികൾ നീക്കിക്കളഞ്ഞു. എല്ലായിടത്തേക്കും അവൻ തന്റെ സഹായങ്ങൾ വാരിവിതറി.

4. മൃഗങ്ങളേക്കാൾ ശ്രേഷ്ഠരായ പുരോഹിതന്മാർ മൃഗങ്ങളെ കൊന്ന് മൃഗബലിയർപ്പിച്ചിരുന്നു. അശുദ്ധമായ ആടിലൂടെ പുരോഹിതൻ വിശുദ്ധീകരിക്കപ്പെട്ടിരുന്നു.

5. സ്വർഗീയോന്നതത്തിൽ നിന്നുള്ള ആടിനേക്കാൾ ശ്രേഷ്ഠമായ ഒരാടുമില്ല. പുരോഹിതന്മാർ ഭൗമികരായതിനാലും കുഞ്ഞാട് സ്വർഗത്തിൽ നിന്ന് വന്നതിനാലും അവൻ തന്നെ അർപ്പകനും അർപ്പിതവസ്തുവും ആയി.

6. ആ കളങ്കരഹിതകുഞ്ഞാടിനെ അർപ്പിക്കാൻ കളങ്കപൂരിതരായ പുരോഹിതന്മാർ യോഗ്യരല്ലായിരുന്നു. അത് അനുരഞ്ജനബലിയായിത്തീർന്നു. എല്ലാറ്റിനെയും സാന്ത്വനപ്പെടുത്തുന്ന തന്റെ രക്തത്താൽ അത് ഉയരാഴങ്ങളെ അനുരഞ്ജിപ്പിച്ചു.

7. തന്റെ ശരീരാർപ്പണപ്രതീകമായി അവൻ തന്റെ സ്വന്തം കൈകൾകൊണ്ട് അപ്പം മുറിച്ചു. തന്റെ രക്തത്തിന്റെ അർപ്പണപ്രതീകമായി[11] അവൻ തന്റെ സ്വന്തം കൈകൾകൊണ്ട് കാസാ കലർത്തി. നമ്മുടെ പാപപരിഹാരപുരോഹിതൻ[12] തന്നെത്തന്നെ ബലിയർപ്പിച്ച് കാഴ്ചവച്ചു.

8. രക്തബലിയർപ്പണം നടത്താതെ, അപ്പവും വീഞ്ഞുമർപ്പിച്ച, തന്റെ പ്രതീകമായ[13] മൽക്കീസദേക്കിന്റെ പൗരോഹിത്യം അവൻ ധരിച്ചു;[14] പാനീയബലികൾ അർപ്പിച്ചുകൊണ്ടിരുന്ന പൗരോഹിത്യം[15] നീക്കിക്കളഞ്ഞു.

---

7. മത്താ.22,42. 8. കഹനേ ഉകുമറേ 9. കഹനാ ഉറാബ് കുമറേ
10. കുമറാൻ 11. ബ്റാസ് ദെബഹതാ ദ്ഫഗ്റേ; ബ്റാസ് ദെബഹ്താ ദദ്മേ.
12. കഹനാ ദ്ഹൂസയിൻ. 13. ഥുപ്സാ 14. ഉൽപ.14,18. 15. കുമറൂസാ

www.malankaralibrary.com

9. ദാവീദിന്റെ ഭവനത്തിൽ നിന്നുള്ള രാജാവിനെ തന്റെ ദാസർ നിന്ദിച്ചു. അവൻ സുബോധമില്ലാത്തവനാണെന്ന്, ഭ്രാന്തുപിടിച്ച അവർ ജൽപ്പിച്ചു[16]. തങ്ങളുടെ രാജാവിനെ നിന്ദിക്കുകയും നിഷേധിക്കുകയും ചെയ്തതിനാൽ, ഭ്രാന്തുപിടിച്ചവരും സുബോധം ഇല്ലാത്തവരുമാണ് തങ്ങളെന്ന് അവർ വ്യക്ത മാക്കി.

10. ദാവീദിന്റെ ഭവനത്തിന്റെ രാജത്വം ദാവീദിന്റെ പുത്രന്റെ പക്കലേക്ക് സന്തോഷപൂർവം ഓടിയടുത്തു. അത് അവനെ കണ്ട് പ്രകാശിതമായി; സെഹിയോന് സദ്വാർത്ത ലഭിച്ചു. അത് അവനെ കണ്ടു; എന്നാൽ എല്ലാവ രെയും സന്തുഷ്ടരാക്കുന്ന സൗന്ദര്യത്തിൽ അവൾ മ്ലാനവദനയായി.

11. പ്രവാചകന്മാരുടെ നാഥനെ യൂദജനം വെറുമൊരു പ്രവാചകൻ എന്നു വിളിച്ചു[17]. അവരുടെ ബഹുമാനം നിന്ദനമാണ്. സുബോധമില്ലാത്ത വൻ എന്നും അവർ അവനെപ്പറ്റി പറഞ്ഞു[18]. അവരുടെ ബഹുമാനം സുസ്പ ഷ്ടമായിരുന്നു; അവരുടെ നിന്ദനം യഥാർഥവും!

12. അവൻ ഒരു പ്രവാചകൻ മാത്രമായിരുന്നെങ്കിൽ, അവൻ പ്രവാച കന്മാരുടെ സഖി ആകുമായിരുന്നു. തന്നേക്കാൾ മുന്തി നിൽക്കുന്ന ഒരുവനെ അവൻ ചൂണ്ടിക്കാട്ടുമായിരുന്നു. അവൻ പ്രവാചകന്മാരുടെ കർത്താവാണ്. തന്റെ ദാസർ അവനെപ്പറ്റി ഉച്ചത്തിൽ പ്രഘോഷിക്കുന്നു.

13. യൂദജനത്തിന് പ്രത്യാശ കൈവന്നു. എന്നാൽ അവർ തങ്ങളുടെ പ്രത്യാശ നശിപ്പിക്കുകയും വിജാതിയർക്കായി[19] എറിഞ്ഞുകളഞ്ഞ് പ്രത്യാ ശാരഹിതർ ആയിത്തീരുകയും ചെയ്തു. അവർ നിരസിച്ച പ്രത്യാശാവസ്ത്രം വിജാതിയർ വേഗത്തിൽ എടുത്തു ധരിച്ചു.

14. ഈ പ്രത്യാശ കാണാൻ പ്രവാചകന്മാർ കാത്തിരുന്നു; എന്നാൽ ഇതു കണ്ട ഭ്രാന്തന്മാർ, തങ്ങളുടെ കാലത്ത് ഇതെന്തിനു വന്നെന്ന് പറഞ്ഞ് ധൃതിയിൽ അതിനെ നിന്ദിച്ചതിൽ ആരാണ് അത്ഭുതപ്പെടാത്തത്!

15. അവനെ സ്വീകരിക്കുമ്പോൾ അവർ രക്ഷിക്കപ്പെടുന്നതിനും അവനെ നിരസിക്കുമ്പോൾ തങ്ങളുടെ പ്രകാശത്തെ നിരസിച്ചതിനാൽ തങ്ങ ളെത്ര ഭ്രാന്തരാണെന്ന് അറിയുന്നതിനുമാണ് അവൻ അവരുടെ നാളുകളിൽ എത്തിയത്.

16. നന്ദിയില്ലാത്തവന് താൻ നന്ദിഹീനൻ ആണെന്ന് ഗ്രഹിക്കാൻ പ്രയാ സമാണ്. അവൻ തന്നെ അനീതി സഹിക്കാത്തിടത്തോളംകാലം, തന്റെ

---

16. മർക്കോ. 3,27. 17. മത്താ.16,14. 18. മർക്കോ.3,21.

19. ബസ് ആമേ=യഹൂദർ അല്ലാത്തവർ


www.malankaralibrary.com

വിദ്വേഷം മനസ്സിലാക്കാത്തതിനാൽ, തന്റെ വിദ്വേഷം എന്താണെന്ന് താൻ തന്നെ അനുഭവിച്ച അനീതിയിൽ നിന്നു മാത്രമേ ഗ്രഹിക്കുകയുള്ളു.

# 3

## “വരുവിൻ, നീസാനിൽ നമുക്കാഘോഷിക്കാം”എന്ന രീതി (1)

1. ഇതാ, ഈജിപ്തിൽ പെസഹാക്കുഞ്ഞാട് കൊല്ലപ്പെട്ടു; സെഹിയോനിൽ സത്യകുഞ്ഞാട് ബലിയർപ്പിക്കപ്പെട്ടു.

*പ്രതിസ്തോത്രം: തന്റെ കുരിശുമരണത്തിലൂടെ എല്ലാ പ്രതീകങ്ങളും പൂർത്തിയാക്കിയവനും പ്രതീകങ്ങളുടെ നാഥനുമായ പുത്രന് സ്തുതി.*

2. എന്റെ സഹോദരരേ, നമുക്ക് രണ്ടു കുഞ്ഞാടുകളെയും പരിശോധിക്കാം! രണ്ടും എപ്രകാരം തുല്യവും വ്യത്യസ്തവും ആയിരിക്കുന്നെന്ന് നോക്കാം.

3. പ്രതീകാത്മക കുഞ്ഞാടിന്റെയും സത്യകുഞ്ഞാടിന്റെയും നേട്ടങ്ങൾ നമുക്ക് തൂക്കിനോക്കി താരതമ്യപ്പെടുത്താം.

4. പ്രതീകത്തെ നമുക്ക് നിഴലായി കാണാം; സത്യത്തെ പൂർത്തീകരണമായും കാണാം.

5. ആ പെസഹാക്കുഞ്ഞാടിന്റെ ലളിതമായ പ്രതീകങ്ങളെ പറ്റിയും നമ്മുടെ ഈ പെസഹാക്കുഞ്ഞാടിന്റെ ഇരട്ടി നേട്ടങ്ങളെ പറ്റിയും കേൾക്കുവിൻ.

6. പെസഹാക്കുഞ്ഞാടിലൂടെ തിരിച്ചുപോക്കില്ലാതെ യൂദജനത്തിന് ഈജിപ്തിൽ നിന്നുള്ള പുറപ്പാട് സംഭവിച്ചു.

7. അതുപോലെ, സത്യകുഞ്ഞാടിലൂടെ തിരിച്ചുപോക്കില്ലാതെ ജനതകൾക്ക് തെറ്റിൽ നിന്നുള്ള പുറപ്പാട് സംഭവിച്ചു.

8. സജീവകുഞ്ഞാടിലൂടെ, ഈജിപ്തിൽ നിന്നെന്നപോലെ, പാതാളത്തിൽ നിന്ന് മൃതരുടെ പുറപ്പാടും സംഭവിച്ചു.

9. ഈജിപ്തിൽ രണ്ട് പ്രതീകങ്ങൾ ചിത്രീകരിക്കപ്പെട്ടു. പാതാളത്തിനും തെറ്റിനും അത് കണ്ണാടിയായിത്തീർന്നു.

10. ഈജിപ്തിന്റെ അത്യാർത്തി തന്റെ പതിവിന് വിപരീതമായി തിരിച്ചു നൽകാൻ പെസഹാക്കുഞ്ഞാടിലൂടെ പഠിച്ചു.

www.malankaralibrary.com

പുളിപ്പില്ലാത്ത അപ്പത്തെക്കുറിച്ച്: ഗീതം 3,11–19; 4,1–2

11. പാതാളത്തിന്റെ വിശപ്പ് തന്റെ പ്രകൃതിക്ക് വിരുദ്ധമായി മൃതരെ പുറത്താക്കി സ്വതന്ത്രരാക്കാൻ സജീവകുഞ്ഞാടിലൂടെ നിർബന്ധിതമായി.

12. അത്യാർത്തി പൂണ്ട് വിഴുങ്ങുന്ന തെറ്റ്, രക്ഷിക്കപ്പെട്ട ജനതകളെ തന്നിൽനിന്ന് പുറത്താക്കി ദൂരെയകറ്റാൻ, സത്യകുഞ്ഞാടിലൂടെ നിർബന്ധിതമായി.

13. ഫറവോ, മരണത്തെപ്പോലെ പിടിച്ചുവച്ചിരുന്ന യൂദജനത്തെ വിടുവിക്കാൻ, ആ പെസഹാക്കുഞ്ഞാടിലൂടെ നിർബന്ധിതനായി.

14. കല്ലറകളിൽ നിന്ന് പുറത്തേക്കു വന്ന നീതിമാന്മാരെ ഈ സജീവകുഞ്ഞാടിലൂടെ മരണം തിരികെ നൽകി.[20]

15. സാത്താൻ, ഫറവോയെപ്പോലെ പിടിച്ചുവച്ചിരുന്ന ജനതകളെ സ്വതന്ത്രരായി തിരികെ നൽകാൻ, ഈ സത്യകുഞ്ഞാടിലൂടെ നിർബന്ധിതനായി.

16. ഫറവോയിൽ രണ്ടു സൂചനകൾ[21] ചിത്രീകരിക്കപ്പെട്ടിരുന്നു: മരണത്തിനും സാത്താനും അവൻ ദൃഷ്ടാന്തമായിരുന്നു,

17. പെസഹാക്കുഞ്ഞാടിലൂടെ ഈജിപ്ത് തുറക്കപ്പെടുകയും എബ്രായരുടെ മുമ്പിൽ വഴി വിസ്തൃതമാക്കപ്പെടുകയും ചെയ്തു.

18. എല്ലാ വഴികളും അടച്ച സാത്താൻ, സത്യപാത വീണ്ടും തുറന്ന് സ്വതന്ത്രമാക്കാൻ ഈ സത്യകുഞ്ഞാടിലൂടെ നിർബന്ധിതനായി.

19. ഈ സജീവകുഞ്ഞാട് താൻ മുഴക്കിയ സ്വരത്തിലൂടെ പരേതർക്ക് കല്ലറയിൽ നിന്ന് ഒരു പാത തുറന്നു.

## 4

### "വരുവിൻ, നീസാനിൽ നമുക്കാഘോഷിക്കാം" എന്ന രീതി (2)

1. ഈജിപ്തിലെ ദൃശ്യസൂചനയെപ്പറ്റി[22] കേൾക്കുവിൻ; സെഹിയോനിലെ ദൃശ്യവും അദൃശ്യവുമായതിനെപ്പറ്റി കേൾക്കുവിൻ.

*പ്രതിസ്തോത്രം: തന്റെ ദാസർ സൂചിപ്പിച്ച എല്ലാ സൂചനകളും[21] തന്റെ കുരിശുമരണത്താൽ പൂർത്തീകരിച്ച പുത്രന് സ്തുതി.*

2. നമ്മുടെ കർത്താവ് പാതാളത്തെയും തെറ്റിനെയും ലജ്ജിപ്പിച്ചു. അവിടുന്ന് മരണത്തെയും പാതാളത്തെയും ഒരുമിച്ച് കീഴടക്കി.

---

20. മത്താ. 27,52. 21. ഥുപ്സേ 22. ഥുപ്സാ


www.malankaralibrary.com

3. ദൃശ്യമായവകൊണ്ട് അദൃശ്യമായവയെപ്പറ്റി പഠിപ്പിക്കാൻ, നമ്മുടെ കർത്താവ് പാതാളത്തിന്റെ പിളർത്തലിൽ തെറ്റിനെയും പിളർത്തി.

4. ദൃശ്യമായ രീതിയിൽ അവിടുന്ന് പാതാളം പിളർത്തിയതുപോലെ, അദൃശ്യമാംവിധം തെറ്റിനെ പിളർത്തി.

5. ദൃശ്യമായ മരണത്തെ അവിടുന്ന് കീഴടക്കിയതുപോലെ, അദൃശ്യ മാംവിധം സാത്താനെ അവിടുന്ന് പരാജയപ്പെടുത്തി.

6. കല്ലറകൾ തുറക്കപ്പെട്ടത് അനേകർ കണ്ടു. സാത്താൻ പരാജയ പ്പെട്ടത് അവർ കണ്ടില്ല.

7. സമീപസ്ഥമായതിലൂടെ ദൂരസ്ഥവും അദൃശ്യവുമായതിന്റെ സൂചന അവിടുന്ന് നൽകി.

8. മരണം അവസാനമാണ് കീഴടക്കപ്പെടുന്നതെങ്കിലും, എല്ലാറ്റിനെയും ജീവിപ്പിക്കുന്നവൻ ഒരുക്കദിവസം[23] തന്നെ അതിനെ കൊന്നു.

9. ജനതകൾ അനുതാപകർമങ്ങൾ അനുഷ്ഠിച്ചപ്പോൾ തന്നെ സാത്താൻ ലജ്ജിതനായി. എങ്കിലും എല്ലാറ്റിനെയും കീഴടക്കുന്നവൻ ഒരുക്ക ദിവസം തന്നെ അവനെ മുക്കിക്കളഞ്ഞു.

10. പെസഹാക്കുഞ്ഞാടു നിമിത്തം ഈജിപ്ത് കിടിലംകൊണ്ടു. കൊല്ലപ്പെട്ട കുഞ്ഞാട് അതിന്റെ ആദ്യജാതരെ നിഗ്രഹിച്ചു.

11. സത്യകുഞ്ഞാട് തെറ്റിന്റെ വഞ്ചന അനാവരണം ചെയ്തെന്നു കാണുകയാൽ, അത് ഞെട്ടിവിറച്ചു.

12. മരിച്ചവരെ ഉണർത്തിയ ആ സജീവസ്വരം കേട്ട്, പാതാളത്തിന്റെ ഉള്ള് പൊട്ടിപ്പിളർന്നു.

13. പെസഹാക്കുഞ്ഞാട് ഈജിപ്തിനെ മാത്രം കീഴടക്കി. എന്നാൽ സത്യകുഞ്ഞാട് തെറ്റിനെയും പാതാളത്തെയും കീഴടക്കി.

14. അവിടുന്ന് പാതാളത്തെയും തെറ്റിനെയും കീഴടക്കിയെന്ന് അവ പരസ്പരം ബോധ്യപ്പെടുത്താൻ, പാതാളത്തിന്റെ ദൃശ്യമായ പിളർപ്പിൽ അവിടുന്ന് തെറ്റിനെയും പിളർത്തി.

15. ആ പെസഹാക്കുഞ്ഞാടു നിമിത്തം ഫറവോ നിലവിളിച്ചു; തന്റെ പുത്രന്മാരുടെ ശിരസ്സായ തന്റെ ആദ്യജാതനെപ്രതി അവൻ പ്രലപിച്ചു.

---

23. വെള്ളിയാഴ്ച: യോഹ.19,14.

www.malankaralibrary.com

16. പാപികളുടെ തലവനായ ആദാം നീതീകരിക്കപ്പെട്ടതിനാൽ, ഈ സത്യകുഞ്ഞാടിനെപ്രതി ദുഷ്ടൻ അലമുറയിട്ടു.

17. ആദിമുതലേ തന്റെ ആദ്യജാതനായിരുന്ന ഹാബേൽ ഉയിർപ്പിക്കപ്പെട്ടതിനാൽ, സജീവകുഞ്ഞാടിനെപ്രതി മരണം അലമുറയിട്ടു.

18. ഒരു കുഞ്ഞാട് തങ്ങളെ കീഴടക്കിയെന്ന് ഒന്ന് മറ്റൊന്നിനോട് ഉറക്കെ വിളിച്ചുപറയാൻ, ദൃശ്യമായ മരണത്തിൽ കുഞ്ഞാട് സാത്താനെ പിളർത്തി.

19. ഇതാ, പ്രതീകാത്മക കുഞ്ഞാടിലുള്ള സാധാരണശക്തിയും സത്യകുഞ്ഞാടിലുള്ള ഇരട്ടിനേട്ടങ്ങളും!

20. തങ്ങളുടെ ഇടയിൽ നിൽക്കുന്ന എണ്ണമറ്റ സാക്ഷ്യങ്ങളാൽ ബോധ്യം വരാത്തതിനാൽ യൂദജനം ലജ്ജിതരാകട്ടെ.

21. കാരണം, നമ്മുടെ പെസഹാക്കുഞ്ഞാടിനെ സൂചിപ്പിച്ചതും മുദ്രപതിച്ചതുമായ തന്റെ പെസഹായുടെ പ്രതീകങ്ങൾ[24] അവരെ ബോധ്യപ്പെടുത്തിയില്ല.

22. പുത്രനെ അന്യനെന്ന് വിശേഷിപ്പിച്ച തെറ്റായ പ്രബോധനങ്ങളും ലജ്ജിക്കട്ടെ. കാരണം, നിയമം അവന്റെ എല്ലാ സാദൃശ്യങ്ങളും വഹിക്കുന്നു.

23. എല്ലാറ്റിനേക്കാളും മഹോന്നതനായ ക്രിസ്തുവിന്റെ ഛായ ശുശ്രൂഷകർ എന്ന നിലയിൽ പ്രവാചകന്മാർ വഹിക്കുന്നു.

24. പ്രകൃതിയും തിരുലിഖിതവും അവന്റെ ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും പ്രതീകങ്ങൾ[25] ഒന്നിച്ച് വഹിക്കുന്നു.

25. നമ്മുടെ ഉടമ്പടിക്ക് കണ്ണാടിയായി അവരുടെ ഉടമ്പടി വയ്ക്കപ്പെട്ടിരിക്കുന്നതിനാൽ, അതിലും യൂദജനം ലജ്ജിതരാകട്ടെ.

26. ഞങ്ങളുടെ പെസഹായുടെ നാഥനേ, നിനക്ക് സ്തുതി. കാരണം, ഈജിപ്തിലെ പെസഹാ നിന്റെ പ്രതീകം[26] പ്രഘോഷിക്കുന്നു.

27. പ്രവാചകന്മാരുടെ നാഥനേ, നിനക്ക് സ്തോത്രം. കാരണം, എല്ലാ പ്രവാചകന്മാരും നിന്റെ സൂചനകൾ[27] പ്രഘോഷിക്കുന്നു.

28. പ്രകൃതിനാഥനേ, നിനക്ക് കൃതജ്ഞത. കാരണം, സമസ്തപ്രകൃതികളും നിന്നെ പൂർണമായും മുഴുവനായും ആരാധിക്കുന്നു.

---

24. റാസായ് പെസഹേ
25. റാസേ
26. റാസാക്
27. ഥുപ്സാക്


www.malankaralibrary.com

# 5

## “വരുവിൻ, നീസാനിൽ നമുക്കാഘോഷിക്കാം” എന്ന രീതി (3)

1. ദൈവത്തിന്റെ കുഞ്ഞാട്[28] തന്റെ രക്തംകൊണ്ട് ഈജിപ്തിൽ നിന്ന് എന്നവണ്ണം ജനതകളെ തെറ്റിൽ നിന്ന് പുറത്തേക്കാനയിച്ചു.

*പ്രതിസ്തോത്രം: യാക്കോബിന്റെ മക്കളെ പ്രതീകം രക്ഷിച്ചതു പോലെ, തന്റെ രക്തത്താൽ നമ്മെ രക്ഷിച്ച പുത്രനു സ്തുതി!*

2. അനേകം കുഞ്ഞാടുകൾ കൊലചെയ്യപ്പെട്ടിരുന്നു; എന്നാൽ ഒന്നിലൂടെ മാത്രം ഈജിപ്ത് കീഴ്പ്പെടുത്തപ്പെട്ടു.

3. പെരുന്നാളുകളിൽ കുഞ്ഞാടുകൾ അർപ്പിക്കപ്പെട്ടിരുന്നു. എങ്കിലും ഒന്നിലൂടെ മാത്രം തെറ്റ് കീഴമർത്തപ്പെട്ടു.

4. മുലകുടി മാറാത്ത ഒരു കുഞ്ഞാടിനെ സാമുവേൽ കാഴ്ചയർപ്പിച്ചു[29]. അതുവഴി ഫിലിസ്ത്യരുടെ വീരന്മാരും ബലിഷ്ഠരുമായവർ കീഴമർത്തപ്പെട്ടു.

5. അദൃശ്യഗോല്യാത്തും ശക്തനുമായ ദുഷ്ടനെ ദാവീദിന്റെ പുത്രനായ കുഞ്ഞാട് തട്ടിമറിച്ചിട്ടു.

6. പുരോഹിതന്മാർ സംശുദ്ധപട്ടുകൊണ്ടുള്ള അൾത്താരവിരി പരിശുദ്ധസ്ഥലത്തു നിന്നെടുത്ത്[30] അവനെ ധരിപ്പിച്ചു[31].

7. “തലവരി കൊടുക്കേണ്ടെന്ന് പറഞ്ഞത് ഇവനാണ്” എന്നു പറഞ്ഞ് തലവരി സംബന്ധിച്ച് ചോദ്യംചെയ്ത് അവർ അപവാദം പറഞ്ഞു[32].

8. അതുപോലെ വസ്ത്രംകൊണ്ടും അവർ അവനെ പരിഹസിച്ചു; അവൻ ധരിച്ച പട്ടുവസ്ത്രം അവനെതിരെ ഉച്ചത്തിൽ സംസാരിക്കാനായിരുന്നു അത്.

9. മരണത്തിൽ നിന്ന് പുറത്തേക്കു വരാൻ അവന് കഴിഞ്ഞേക്കുമെന്ന് അവർ ഭയപ്പെട്ടു. അവനെ കൊല്ലാനായി അവർ പട്ടുവസ്ത്രം അവന്റെ മേലിട്ടു.

---

28. യോഹ.1,29. 29. 1സാമു.7,9.

30. പട്ടാളക്കാർ യേശുവിനെ ധരിപ്പിച്ച പട്ടുവസ്ത്രം ദേവാലയപീഠത്തിന്മേൽ ഇട്ടിരുന്ന വസ്ത്രമായിരുന്നെന്ന പാരമ്പര്യം മാർ അപ്രേം ഇവിടെ അവതരിപ്പിക്കുന്നു.

31. മർക്കോ.15,16;മത്താ.27,28. 32. മത്താ.22,17;മർക്കോ.12,14;ലൂ.20,22;23,2.

www.malankaralibrary.com

10. ഭൗമികരാജാക്കന്മാർ മക്കബേയർക്കും ശിമയോൻ എന്ന് മഹാപുരോഹിതനും പട്ടുവസ്ത്രം നൽകിയിരുന്നു[33].

11. അവർ അതെടുത്ത് രാജകുമാരനെ അണിയിച്ചു. അതിലൂടെ കയ്യാഫാസിനെ പോലെ അവർ അവനെതിരെ ഒരു പ്രവചനം നടത്തുകയായിരുന്നു.[34]

12. അവർ ദാവീദിന്റെ പുത്രനെ രാജത്വം ധരിപ്പിച്ചു; തങ്ങൾക്കിഷ്ടമില്ലെങ്കിലും അവർ അവനെ രാജാവാക്കി.

13. അവന്റെ രാജത്വം പിടിച്ചെടുക്കാൻ അവർ ആഗ്രഹിച്ചെങ്കിലും, മറ്റൊന്നുകൂടെ അതോടൊപ്പം അവർ അവനു നൽകി.

14. കാരണം, അവൻ രാജാക്കന്മാരുടെ രാജാവും കിരീടങ്ങൾ നൽകുന്നവനുമാണ്. സമസ്തരാജത്വവും അവനിൽ ഒത്തുചേർന്നു.

15. ഈ പെരുന്നാളിൽ പെസഹാക്കുഞ്ഞാടിന്റെ രക്തം എല്ലാ കട്ടിളപ്പടികളിലും തളിക്കപ്പെട്ടു.

16. ഈ പെരുന്നാളിൽ സത്യകുഞ്ഞാടിന്റെ രക്തം ശിഷ്യരുടെ ഉള്ളിൽ കലർത്തപ്പെട്ടു.

17. ഈ പെരുന്നാളിൽ നശ്വരമായ കുഞ്ഞാട് നശ്വരമായ രക്ഷ യൂദജനത്തിന് പ്രദാനം ചെയ്തു.

18. ഈ പെരുന്നാളിൽ സത്യം പ്രഘോഷിച്ച സത്യകുഞ്ഞാട് തെറ്റിനെ ഓടിച്ചു.

19. ആ പ്രതീകാത്മക കുഞ്ഞാട് കടന്നുപോയി; കാരണം, പൂർത്തീകരണം എത്തുകയും പ്രതീകങ്ങൾ നിശ്ശബ്ദമാകുകയും ചെയ്തു.

20. സത്യകുഞ്ഞാടിന്റെ യാഥാർഥ്യം നീക്കപ്പെട്ടില്ല. അതിനെ ഇല്ലാതാക്കാൻ തക്കവണ്ണം അതിനേക്കാൾ മഹനീയമായത് എന്താണ്?

21. കാരണം, പ്രതീകങ്ങൾ അവസാനിപ്പിച്ച ദൈവകുഞ്ഞാടിനെ നീക്കാൻ ഏത് കുഞ്ഞാടിനാണ് കഴിയുക?

22. പൂർത്തീകരണം കടന്നുവന്ന് പരിശുദ്ധാത്മാവുതന്നെ നെയ്തെടുത്ത വസ്ത്രമാകുന്ന പ്രതീകം ധരിച്ചു.

23. പ്രതീകം ഈജിപ്തിലും യാഥാർഥ്യം സഭയിലും പ്രതിഫലത്തിന്റെ പൂർത്തീകരണം സ്വർഗരാജ്യത്തിലുമാണ്.

---

33. 1മക്ക.10,62;14,43.

34. യോഹ.11,50f.


www.malankaralibrary.com

# 6

## “വരുവിൻ, നീസാനിൽ നമുക്കാഘോഷിക്കാം” എന്ന രീതി (4)

1. കുഞ്ഞാടിനും കുഞ്ഞാടിനും മധ്യേ ശിഷ്യന്മാർ നിന്നു. അവർ പെസഹാക്കുഞ്ഞാടിനെയും സത്യകുഞ്ഞാടിനെയും ഭക്ഷിച്ചു.

*പ്രതിസ്തോത്രം: എന്റെ കർത്താവായ മിശിഹാരാജാവേ, നിനക്കു സ്തുതി. എന്തുകൊണ്ടെന്നാൽ നിന്റെ രക്തത്താൽ നിന്റെ വിശുദ്ധസഭ രക്ഷിക്കപ്പെട്ടു.*

2. ശ്ലീഹന്മാർ പ്രതീകത്തിനും യാഥാർഥ്യത്തിനും മധ്യേ നിന്നു. പ്രതീകം എങ്ങനെ കീറിമാറ്റപ്പെട്ടെന്നും യാഥാർഥ്യം എങ്ങനെ കൂട്ടിച്ചേർക്കപ്പെട്ടെന്നും അവർ കണ്ടു.

3. ആരുടെ മുമ്പിൽ പ്രതീകങ്ങളുടെ പൂർത്തീകരണവും അന്ത്യവും യാഥാർഥ്യത്തിന്റെ ആരംഭവും സംഭവിച്ചുവോ, അവർ ഭാഗ്യവാന്മാരാകുന്നു!

4. നമ്മുടെ കർത്താവ് തന്റെ ശിഷ്യന്മാരോടൊത്ത് പെസഹാ ഭക്ഷിച്ചു[35]. താൻ മുറിച്ച അപ്പത്താൽ[36] പുളിപ്പില്ലാത്ത അപ്പം[37] അപ്രത്യക്ഷമാക്കി.

5. പുളിപ്പില്ലാത്ത അപ്പം ഭക്ഷിച്ചവർ മരിച്ചുപോയി. അതിനുപകരം എല്ലാവരെയും ജീവിപ്പിക്കുന്നവന്റെ അപ്പം ജനതകൾക്ക് ജീവൻ പ്രദാനം ചെയ്തു.

6. ഈജിപ്ത് നൽകിയ പുളിപ്പില്ലാത്ത അപ്പത്തിനു പകരം സഭ നമുക്ക് ജീവനുള്ള അപ്പം നൽകി.[38]

7. ഹവ്വാ നൽകിയ ക്ഷീണത്തിന്റെ അപ്പത്തിനു പകരം മറിയം നമുക്ക് ജീവദായകമായ അപ്പം[39] നൽകി.

8. ഹാബേൽ ഒരു അർപ്പിതകുഞ്ഞാടായി; അവനൊരു കുഞ്ഞാടിനെ അർപ്പിച്ചു. ഒരു കുഞ്ഞാട് മറ്റൊരു കുഞ്ഞാടിനെ അർപ്പിച്ചത് ആര് കണ്ടിട്ടുണ്ട്?

9. ദൈവത്തിന്റെ കുഞ്ഞാട് പെസഹാക്കുഞ്ഞാടിനെ ഭക്ഷിച്ചു; ഒരു കുഞ്ഞാട് മറ്റൊരു കുഞ്ഞാടിനെ ഭക്ഷിച്ചത് ആര് കണ്ടിട്ടുണ്ട്?

---

35. ലൂ.22,15. 36. ലഹ്മാ:മത്താ.26,26. 37. പത്തീറാ
38. ലഹ്മാ ഹയ്യാ 39. ലഹ്മാ നീഹാ

www.malankaralibrary.com

പുളിപ്പില്ലാത്ത അപ്പത്തെക്കുറിച്ച്: ഗീതം 6,10–14; 8,1–6

10. സത്യകുഞ്ഞാട് പെസഹാക്കുഞ്ഞാടിനെ ഭക്ഷിച്ചു. യാഥാർഥ്യത്തിന്റെ ഉള്ളിലേക്കു കടക്കാൻ പ്രതീകം ഓടിയെത്തി.

11. കാരണം, എല്ലാ സൂചനകളും[40] അതിപരിശുദ്ധസ്ഥലത്ത്[41] വസിക്കുകയും എല്ലാം പൂർത്തീകരിക്കുന്നവനായി കാത്തിരിക്കുകയും ചെയ്തു.

12. സത്യകുഞ്ഞാടിനെ പ്രതീകങ്ങൾ[42] ദർശിച്ചു. അവ വാതിൽമറ കീറി[43] അവനെ എതിരേറ്റ് കടന്നുചെന്നു.

13. അവയെല്ലാം അവനിൽ പൂർണമായി അധിഷ്ഠിതവും അവനിൽ സ്ഥാനം ഉറപ്പിച്ചവയുമായിരുന്നു. കാരണം, അവയെല്ലാം എല്ലായിടത്തും അവനെപ്പറ്റി പ്രഘോഷിച്ചിരുന്നു.

14. "എല്ലാം പൂർത്തിയായി" എന്ന് അവൻ തന്നെ മുദ്രവച്ചതുപോലെ, എല്ലാ പ്രതീകങ്ങളും സൂചനകളും[44] അവനിൽ പൂർത്തീകരിക്കപ്പെട്ടു.

ഗീതം 7 നഷ്ടപ്പെട്ടു.

# 8

## "വരുവിൻ, നീസാനിൽ നമുക്കാഘോഷിക്കാം"എന്ന രീതി (5)

1. ...കടം മുഴുവൻ അവർ എണ്ണി.

2. ദ്രോഹം സഹിച്ച ജനത്തിനുവേണ്ടി ഈ പെരുന്നാളിൽ കടൽ നീതിപൂർവം പ്രതികാരം ചെയ്യുന്നതായിത്തീർന്നു.

3. കടൽ ജോസഫിനുവേണ്ടി പ്രതികാരം ചെയ്തു. അവനു കടപ്പെട്ട നന്ദി നിഷേധിച്ച ഈജിപ്തുകാരെ അത് മുക്കിക്കളഞ്ഞു.

4. വസന്തകാലത്ത് കടൽ കുരുക്കും അഭയസ്ഥാനവും ആയി; അത് വിടുവിക്കുകയും കൊല്ലുകയും ചെയതു.

5. ഈ പെരുന്നാളിൽ ആടുകൾ കടലിന്റെ ആഴത്തിൽനിന്ന് പുറത്തേക്കുവന്നു. ചെന്നായ്ക്കൾ മുങ്ങിച്ചത്തു.

6. ഒരാടായിത്തീർന്ന, ആ എല്ലാവരുടെയും ഇടയനെ ഈ പെരുന്നാളിൽ ചെന്നായ്ക്കൾ കടന്നാക്രമിച്ചു.

---

40. ഥുപ്സേ 41. ഡ്ബുശ് ഖുദ്ശേ 42. റാസേ

43. മത്താ.27,5 44. യോഹ.19,30;റാസേ ഉഥുപ്സേ


www.malankaralibrary.com

7. ഈ പെരുന്നാളിൽ കടൽക്കരയിൽവച്ച് മോശ ഒരു നവഗീതം പാടി.[45]

8. കടലിൽ മുങ്ങിച്ചാകുന്നവരുടെയും കരയിൽ രക്ഷപെട്ടവരുടെയും ഇടയ്ക്ക് കടലിനും കരയ്ക്കും ഇടയിൽ മോശ പാടി.

9. സ്വർഗീയ പ്രകാശത്താൽ പ്രശോഭിതനായ മോശ പെസഹാക്കുഞ്ഞാടിന്റെ രക്തത്താൽ വലിയവനായിത്തീർന്നു. ഒരു ദൈവമായിരുന്ന അവൻ വടിമൂലം വിജയിയായി[46].

10. തെരഞ്ഞെടുക്കപ്പെട്ട ജനത്തിന്റെ മക്കളുടെ അഭിമാനമായിരുന്ന മോശ, പുത്രന്റെ പ്രതീകങ്ങളാൽ ജേതാവായി.

11. ദാസനായ സൃഷ്ടി, സഹദാസനായ മോശയ്ക്ക് വിധേയമായത് കർത്താവിന്റെ അടയാളത്താൽ മാത്രമാണ്!

12. ദാസനായ കടൽ, ദാസനായ മോശയ്ക്ക് വിധേയമായത് രാജകുമാരന്റെ വടിയാൽ മാത്രമാണ്!

13. തന്റെ സഖികൾക്ക് ദാസ്യവേല ചെയ്യുന്ന സൃഷ്ടി അവരെ അനുസരിച്ചത്, ദൈവികാടയാളം കൊണ്ടുമാത്രമാണ്.

14. രാജകീയാധികാരം ഉള്ളവനെ മനുഷ്യരും അനുസരിക്കുന്നു.

15. ഇപ്രകാരം രാജത്വാടയാളംകൊണ്ട് അധികാരം മുന്നോട്ടുപോകുന്നെന്ന് പ്രകൃതി തന്നെയും നമ്മെ പഠിപ്പിക്കുന്നു.

16. വസന്തകാലത്ത് കർതൃ അടയാളത്തിന്റെ മുമ്പിൽ യോർദാൻ നദി തന്റെ അലകളെ പിളർത്തി.[47]

17. വസന്തകാലത്ത് കാഹളധ്വനി മുഴങ്ങുകയും ജോഷ്വായ്ക്ക് മുമ്പിൽ കോട്ടകൾ തകർന്നു വീഴുകയും ചെയ്തു.

# 9

## "വരുവിൻ, നീസാനിൽ നമുക്കാഘോഷിക്കാം"എന്ന രീതി (6)

1. വസന്തകാലത്ത[48] മിറിയം തപ്പുകൊട്ടി ജനത്തിനു മുമ്പിൽ കീർത്തനങ്ങൾ ആലപിച്ചു[49].

---

45. പുറ.15,1 46. പുറ.34,29;4,16;പുറ.14,16. 47. ജോഷ്വാ 5,10: പെസഹാനാളിൽ
48. നീസാൻമാസം 49. പുറ.15,20

www.malankaralibrary.com

പുളിപ്പില്ലാത്ത അപ്പത്തെക്കുറിച്ച്: ഗീതം 9,2–18

*പ്രതിസ്തോത്രം: തന്റെ ക്രൂശുമരണംവഴി തന്നെ അയച്ചവന്റെ പക്കലേക്ക് എല്ലാ ജനങ്ങളെയും തിരികെ കൊണ്ടുവന്ന ആദ്യജാതന് കീർത്തനം.*

2. കടൽ ഈജിപ്തുകാർക്കെതിരെ ആർത്തിരമ്പിക്കയറി; തപ്പുകൾ യാക്കോബിന്റെ മക്കളെ സന്തോഷിപ്പിച്ചു.

3–5. നഷ്ടപ്പെട്ടു.

6. എബ്രായസ്ത്രീകൾ അവരുടെ കുഞ്ഞുങ്ങളെ നീസാൻ മാസത്തിൽ കടലിൽ കൂടെ പരസ്യമായി വഹിച്ചു.

7. കുട്ടികളുടെ ഭീതി അപ്രത്യക്ഷമായി. കാരണം, തങ്ങളെ മുക്കിക്കൊന്നവർ മുങ്ങിച്ചാകുന്നത് അവർ കണ്ടു.

8. ശൈശവത്തിൽ മോശയെ ഒളിച്ചുവച്ചതുപോലെ, ശിശുക്കൾ ഉൾമുറിയിൽ ഒളിച്ചുവയ്ക്കപ്പെട്ടിരുന്നു.

9. നിഗൂഢകുസുമങ്ങളും ഉൾമുറികളിലെ ശിശുക്കളും നീസാൻ മാസത്തിൽ പുറത്തേക്കുവന്നു.

10. പ്രകാശപൂർണനായ കർത്താവു നിമിത്തം ഈ പെരുന്നാളിൽ കുട്ടികളും കുസുമങ്ങളും ഒരുപോലെ സന്തോഷിച്ചു.

11. ലില്ലിച്ചെടികളുടെ അന്തർഭാഗം പൂക്കൾ വഹിച്ചു; സ്ത്രീകളുടെ ഉദരം ശിശുക്കളെ വഹിച്ചു.

12. അടിമത്തത്തിൽ കഴിഞ്ഞവർ ഈജിപ്തിൽ ഉറക്കെ സംസാരിക്കാൻ ഭയപ്പെട്ടിരുന്നു. അവരുടെ മുഖവും സ്വരവും താണിരുന്നു.

13. നീസാനിൽ, വായാടികളും ഗാനഗുരുക്കന്മാരും കുട്ടികളും ഭയരഹിതരായിത്തീർന്നു.

14–15. നഷ്ടപ്പെട്ടു.

16....കഴുകന്മാർ കൊല്ലപ്പെട്ടതിനാൽ കോഴിക്കുഞ്ഞുങ്ങൾ ചിലച്ചു.

17. തുറസ്സായ സ്ഥലത്ത് കളിക്കാൻ ഇഷ്ടപ്പെട്ട കുട്ടികൾ കൊലയാളികളെ ഭയന്ന് കുനിഞ്ഞ് ഒളിച്ചിരുന്നു.

18. ആ പെസഹാക്കുഞ്ഞാടുമൂലം സ്വതന്ത്രരാക്കപ്പെട്ട് കുട്ടികൾ പുറത്തേക്കുവരികയും അടച്ചിട്ടിരുന്ന ആട്ടിൻകുട്ടികളെപ്പോലെ സ്വാതന്ത്ര്യത്തിൽ തുള്ളിച്ചാടുകയും ചെയ്തു.


www.malankaralibrary.com

19. കെട്ടിയിട്ട് സൂക്ഷിക്കാൻ മോശ കൽപ്പിച്ച, കെട്ടിയിടപ്പെട്ട കുഞ്ഞാട്, അടയ്ക്കപ്പെട്ടിരുന്ന തടവുകാരായ കുഞ്ഞാടുകളെ സ്വതന്ത്രരാക്കി.[50]

20. കാരണം, അടച്ചുപൂട്ടി സൂക്ഷിക്കപ്പെട്ടിരുന്ന മോശയെന്ന ശിശു മറച്ചുവച്ചിരുന്ന ശിശുക്കളുടെ വിമോചകനായി.

21. അടയ്ക്കപ്പെട്ടിരുന്ന മോശയും കുഞ്ഞാടും മൂലം, അജഗണം തങ്ങളുടെ കുട്ടികളോടൊപ്പം ലക്ഷ്യസ്ഥാനത്തേക്കു പുറപ്പെട്ടു.

22. അടയ്ക്കപ്പെട്ടിരുന്ന ഈ രണ്ടും ജനതകളെ രക്ഷിച്ച, അടയ്ക്കപ്പെട്ട ഈ കുഞ്ഞാടിന്റെ പ്രതീകം രൂപീകരിച്ചു.

23. തൊഴുത്തിൽ നിന്ന് കൊലയ്ക്കായി പെസഹാക്കുഞ്ഞാട് ആനയിക്കപ്പെട്ടു; തടവറയിൽനിന്ന് കുരിശിൽ തറയ്ക്കാനായി സത്യകുഞ്ഞാടിനെ അവർ ആനയിച്ചു.

24. ആ പ്രതീകാത്മക കുഞ്ഞാട് ഊനമില്ലാത്തതായിരുന്നു.[51] ഈ സത്യകുഞ്ഞാട് കളങ്കമില്ലാത്തതായിരുന്നു.

25. ആ സംശുദ്ധ കുഞ്ഞാടിന്റെ രക്തംതളിക്കൽ യൂദജനത്തെ പാപവിമുക്തരാക്കി. ഈ പ്രകാശിതന്റെ രക്തം തളിക്കൽകൊണ്ട് ജനതകൾ വെണ്മയുള്ളവരായി.

ഗീതം 10–11 നഷ്ടപ്പെട്ടു.

# 12

## “വരുവിൻ, നീസാനിൽ നമുക്കാഘോഷിക്കാം’ എന്ന രീതി (7)

1. ഈ പെരുന്നാളിൽ പൊതുവായ നാഥൻ വഴി പൊതുവായ കടം ഇല്ലാതായി.

2. ഈ പെരുന്നാളിൽ നമ്മുടെ കർത്താവ് തന്റെ മരണത്തിന്റെ പ്രതീകങ്ങൾ കൊണ്ടുനിറഞ്ഞ നിക്ഷേപങ്ങളിൽ നിന്ന് വർഷിച്ചു.

3. നമ്മുടെ കർത്താവിനെ പ്രഘോഷിക്കാൻ അത്യധ്വാനം ചെയ്ത പ്രതീകങ്ങൾ, ഈ പെരുന്നാളിൽ നമ്മുടെ കർത്താവ് അവസാനിപ്പിച്ചു.

4. തന്റെ ഓട്ടം പൂർത്തിയാക്കിയ പെസഹാക്കുഞ്ഞാടിനെ ഈ പെരുന്നാളിൽ സത്യകുഞ്ഞാട് പിൻവലിച്ചു.

50. പുറ.12,6 51. പുറ.12,5

www.malankaralibrary.com

5. നമ്മുടെ കർത്താവ് പെസഹാ ഭക്ഷിക്കുകയും തന്റെ ശരീരം മുറിക്കുകയും ചെയ്തു. ഭക്ഷിക്കുന്നവൻ ഭക്ഷ്യവസ്തു ആയിത്തീർന്നു.

6. ഈ പെരുന്നാൾ അദൃശ്യമായ, പുടംവയ്ക്കാനുള്ള ചൂളയാണ്. അത് സ്കറിയോത്തായുടെ ദുഷിച്ച കീടം വെളിച്ചത്തു കൊണ്ടുവന്നു.

7. ഈ പെരുന്നാൾ സത്യവാന്മാരുടെ ഇടയിൽ നിന്ന് കള്ളനെ പുറന്തള്ളി ദൂരേയ്ക്കെറിഞ്ഞു.

8. ഈ പെരുന്നാളിൽ എല്ലാറ്റിന്റെയും നാഥനെ ഇല്ലായ്മ വിലയ്ക്കു വിറ്റു.

9. എല്ലാവരെയും സ്വതന്ത്രരാക്കുന്നവനെ ഒരടിമയെപ്പോലെ ഈ ദിവസം കള്ളൻ വിലയ്ക്ക് വിറ്റു.

10. സത്യം പഠിപ്പിച്ച സത്യസന്ധതയുള്ള വായിൽ ഈ ദിവസം അസത്യം ചുംബിച്ചു.

11. കഴുതയുടെ താടിയെല്ലിനടുത്തുള്ള പൊള്ളയായ സ്ഥലത്തുനിന്ന് ജലം പുറപ്പെടുവിച്ചവന്റെ കവിളത്ത് ഈ പെരുന്നാളിൽ അടിക്കപ്പെട്ടു.[52]

12. എല്ലാവരെയും നീതീകരിക്കുന്ന ആദ്യജാതൻ ഈ പെരുന്നാളിൽ ന്യായവിസ്താരസ്ഥലത്തു നിൽക്കുകയും വിധിക്കപ്പെടാനായി നിശ്ശബ്ദത പാലിക്കുകയും ചെയ്തു.

# 13

## "വരുവിൻ നീസാനിൽ നമുക്കാഘോഷിക്കാം" എന്ന രീതി (8)

1. എന്റെ സഹോദരങ്ങളേ, സത്യകുഞ്ഞാടിന്റെ നേട്ടങ്ങളുടെ പെരുന്നാൾ നീസാൻ മാസത്തിൽ ആഘോഷിക്കാൻ വരുവിൻ!

*പ്രതിസ്തോത്രം: അത്യാർത്തിയുള്ള ചെന്നായെ നീസാൻ മാസത്തിൽ കൊലപ്പെടുത്തിയ പെസഹാക്കുഞ്ഞാടിന് നമ്മുടെ സമൂഹം നന്ദി പറയട്ടെ.*

2. അവിടുന്ന് ഹന്നാന്റെ ഭവനത്തിൽ ബന്ധിതനായിരുന്നു.[53] തീച്ചൂളയുടെ മധ്യത്തിൽ അമർത്തിവച്ചിരുന്ന അവന്റെ ശക്തി അവനിൽ മറഞ്ഞിരുന്നു.

3. ന്യായാസനത്തിൽ അവൻ നിശ്ശബ്ദനായിരുന്നു; എല്ലാവരെയും കീഴമർത്തുന്ന അവന്റെ വിജ്ഞാനമൊഴികളുള്ള വായ് അവനിൽ മറഞ്ഞിരിക്കുകയും ചെയ്തു.

52. ന്യായാ.15,19. 53. യോഹ.18,13.


www.malankaralibrary.com

4. സീനായ്മലയിൽ യൂദജനത്തെ കിടിലം കൊള്ളിച്ച തന്റെ സ്വര ഗാംഭീര്യം അവിടുന്ന് നിശ്ശബ്ദമാക്കി.

5. കെട്ടപ്പെട്ടവനായി അവർ അവനെ ആനയിച്ചു. സർവസൃഷ്ടിക ളെയും കൈക്കുമ്പിളിൽ വഹിക്കുന്ന ആ ശക്തി അവനിൽ പ്രവർത്തന രഹിതമായിരുന്നു.

6. യൂദാസ് അവനെ ചുംബിച്ചു; അലറിവിളിച്ച പിശാചിന്റെ വായടച്ച വൻ അനങ്ങാതെ നിന്നു.[54]

7. ഹേറോദേസ് ചോദ്യംചെയ്ത് അവനെ നിന്ദിച്ചു.[55] എല്ലാനാവുകളും തന്നിൽ സ്ഥിതി ചെയ്യുന്നെങ്കിലും, അവൻ നിശ്ശബ്ദനായിരുന്നു.

8. ക്രോബകളുടെ രഥത്തിൽ അദൃശ്യമാംവിധം യാത്രചെയ്യുന്നവനാ യിരിക്കെ, കുരിശാകുന്ന വാഹനത്തിൽ അവൻ യാത്രചെയ്തു.

9. കയ്പിനെ മധുരമാക്കുന്ന മാധുര്യം തന്നിൽ മറഞ്ഞിരിക്കെ, അവർ അവന് കയ്പ് കൊടുത്തു.[56]

10. അവനു ദാഹിക്കുകയും അവൻ വെള്ളം ചോദിക്കുകയും ചെയ്തു[57]. എന്നാൽ എല്ലാവർക്കും ജീവൻ നൽകുന്ന ആ ജീവന്റെ ഉറവ അവനിൽ മറഞ്ഞിരുന്നു.

11. തങ്ങളുടെ കരങ്ങൾ മലിനമാക്കിയ യൂദജനം കുറ്റക്കാരായിരിക്കു ന്നതിന്, പീലാത്തോസ് തന്റെ കൈകൾ കഴുകി വെടിപ്പാക്കി.[58]

12. 'അവർ അവനെ നിന്ദിക്കുന്നത് എന്തിനാണ്?' എന്ന് യൂദജനത്തി നെതിരെ കുറ്റമാരോപിക്കാനായി തന്റെ തുപ്പൽ കൊണ്ടുണ്ടാക്കിയ ചേറി നാൽ അവൻ അന്ധന്റെ കണ്ണുകൾ തുറന്നു.[59]

13. സർവത്തിന്റെയും നാഥൻ തുപ്പൽ സഹിച്ചു. എന്നാൽ അവന്റെ നേരേ നോക്കാൻ സ്രാപ്പേന്മാർക്ക് കഴിയില്ല.

14. ക്രോബകളും സ്രാപ്പേന്മാരും അവന്റെ നോട്ടത്തെ ഭയപ്പെടുന്നു. മനുഷ്യർ അവന്റെ മാനംകെടുത്തിയപ്പോൾ, അവർ തങ്ങളുടെ മുഖം മറച്ചു.

15. മനുഷ്യർ അവനെ നിന്ദിച്ചപ്പോൾ, മിഖായേൽ ഭ്രമിച്ചുപോയി. ഗബ്രിയേലും അത്ഭുതപ്പെടുകയും ആശ്ചര്യഭരിതനാകുകയും അമ്പരക്കു കയും ചെയ്തു.

---

54. മർക്കോ.1,34;ലൂ.4,41 55. ലൂ.23,11 56. മത്താ.27,48 57. യോഹ. 19,28
58. മത്താ.27,24 59. യോഹ. 9,6

www.malankaralibrary.com

16. തുണി കൊണ്ടെന്നപോലെ മുഖം മറയ്ക്കാൻ സൃഷ്ടിക്കൊരു വിരിയില്ലാതിരുന്നു.

17. അതുകൊണ്ട്, തങ്ങളുടെ സംശുദ്ധപിതാവിന്റെ നഗ്നത കാണാതിരിക്കാൻ ശേമും യാഫേത്തും ചെയ്തതുപോലെ, അത് ഇരുട്ടുപരത്തി.

18. അവിടുന്ന് ഉച്ചത്തിൽ നിലവിളിച്ചപ്പോൾ, തന്റെ ശബ്ദത്താൽ ആലയത്തിൽ പരിശുദ്ധാത്മാവ് വളരെ കോപാവിഷ്ടനായി.

19. അവൻ തല ചായ്ച്ച് ഉച്ചത്തിൽ നിലവിളിച്ചതുകേട്ടപ്പോൾ, ഭീകര കർമം നിമിത്തം അവൻ ദൈവാലയ വാതിൽമറ കീറി.[60]

20. തങ്ങളുടെ നാഥന്റെ പുത്രൻ നിമിത്തം സൃഷ്ടി ദുഃഖവസ്ത്രത്താൽ തന്നെത്തന്നെ മൂടുകയും ഇരുട്ടുകൊണ്ട് അരപ്പട്ട കെട്ടുകയും ചെയ്തു.

21. തന്റെ വത്സലൻ നിമിത്തം ആലയത്തിലെ ദൈവിക മഹനീയത, തന്റെ വസ്ത്രമെന്നപോലെ വാതിൽമറ കീറിക്കളഞ്ഞു.

22. സൃഷ്ടി ഒരു ദുഃഖവസ്ത്രം കടമെടുക്കുകയും എല്ലാറ്റിന്മേലും വിരിക്കുകയും തന്റെ തല കുനിക്കുകയും ചെയ്തു.

23. തല മൂടാതിരിക്കുകയും എല്ലാവരെയും വാങ്ങുന്ന രക്തത്താൽ കൈകൾ കളങ്കപൂരിതമാക്കുകയും ചെയ്ത സീയോൻ പുത്രിയെ ലജ്ജിപ്പിക്കാൻ വേണ്ടി ആയിരുന്നു അത്.

24. അവിടുന്ന് സ്നാനമേറ്റപ്പോൾ ആകാശം സന്തോഷിച്ചു. അവിടുന്ന് കുരിശിൽ തറയ്ക്കപ്പെട്ടപ്പോൾ അത് മ്ലാനമാകുകയും അന്ധകാരാവ്രതമാകുകയും ചെയ്തു.

25. അവൻ തന്നെ തന്റെ മഹത്വം മറച്ചുവച്ചു. അതുകൊണ്ടാണ് അത്യാരാധ്യനെ സമീപിക്കാൻ മാലിന്യത്തിന് കഴിവുണ്ടായത്.

26. ചെങ്കടൽ അവനെ കണ്ടയുടനെ വരണ്ടുപോയി. അപ്പോൾ തുപ്പലിന് എങ്ങനെ അവന്റെ മുഖത്തെ സ്പർശിക്കാൻ കഴിഞ്ഞു?

27. അവൻ ന്യായവിസ്താരസ്ഥലത്തുനിന്നു. വരാനിരിക്കുന്ന മഹാന്യായവിധി അവനിൽ മറഞ്ഞിരുന്നു.

28. മാലാഖമാരുടെ മധ്യത്തിൽ മഹത്വത്തിൽ വരാനിരിക്കുന്നവനെ, ക്രൂശിൽ തറച്ചവർ മുൾക്കിരീടം ധരിപ്പിച്ചു.[61]

29. അവർ അവനെ മുൾക്കിരീടം ധരിപ്പിച്ചു. എന്നാൽ അതേസമയം

---

60. യോഹ.19,30;മത്താ.27,51   61. മർക്കോ.15,17

 www.malankaralibrary.com

എല്ലാറ്റിനെയും കൂട്ടിച്ചേർക്കുകയും വേർപെടുത്തുകയും ചെയ്യുന്ന ശക്തി അവനിൽ മറഞ്ഞിരുന്നു.

30. അവർ അവനെ കല്ലറയിൽ കിടത്തി. എന്നാൽ കട്ടികൂടിയ പാറകൾ പിളർക്കുന്ന ശബ്ദം അവനിൽ നിശ്ശബ്ദമായിരുന്നു.

31. അവർ അവനെ സുഗന്ധദ്രവ്യങ്ങൾ പൂശി സംസ്ക്കരിച്ചു. എന്നാൽ താഴ്വരയിൽ അസ്ഥികളെ ജീവിപ്പിക്കുന്ന ശക്തി അവനിൽ മറഞ്ഞിരുന്നു[62].

32. ഒരു ശവശരീരം പോലെ അവൻ കെട്ടപ്പെട്ടിരുന്നു. എന്നാൽ കെട്ടപ്പെട്ട ലാസറിനെ വിളിച്ച സ്വരം അവനിൽ ഉണ്ടായിരുന്നു.[63]

# 14

## "വരുവിൻ, നീസാനിൽ നമുക്കാഘോഷിക്കാം" എന്ന രീതി (9)

1. ഒരു സ്ത്രീ ഭക്ഷണസമയത്ത് അവിടുത്തെ പാദങ്ങൾ ചുംബിച്ചു. എങ്കിലും അവിടുന്ന് ദൈവികസംശുദ്ധതയുടെ നാഥനാണ്.[64]
*പ്രതിസ്തോത്രം: തന്റെ മരണത്താൽ ആദാമ്യസുതർക്ക് ജീവൻ നൽകുന്നതിനുവേണ്ടി മരിക്കാൻ വന്ന ക്രിസ്തുവിനു സ്തുതി.*

2. എല്ലാം ക്ഷമിക്കുന്നവനെ പാപിനി സ്പർശിച്ചു. പാപങ്ങൾ കഴുകി വെണ്മയാക്കുന്ന ഈസോപ്പാണ് അവന്റെ വായ്.

3. "അവന് അവളെ അറിയാൻ പാടില്ല" എന്നു പറഞ്ഞ്, നിന്ദാർഹരായ ഫരിസേയർ അവനെ കുറ്റപ്പെടുത്തി. എങ്കിലും അവനിൽ സമസ്ത വിജ്ഞാനവും മറഞ്ഞിരുന്നു.[65]

4. അവന്റെ ശിരസ്സിലേക്ക് അടുക്കാൻ ക്രോബകൾക്ക് അനുവാദം ഇല്ലാതിരിക്കെ, മറിയം അവന്റെ ശിരസ്സിൽ തൈലം പൂശി.[66]

5. യോഹന്നാൻ അവന്റെ മാറിലേക്ക് ചാരിക്കിടന്നു.[67] മാലാഖമാരുടെ മുമ്പാകെ മനുഷ്യരെ ബഹുമാനിക്കാനായിരുന്നു അവൻ അത് അനുവദിച്ചത്.

6. യോഹന്നാനെപ്പോലെ ആദാം വെടിപ്പും വിശുദ്ധിയും ഉള്ളവനായി

---

62. എസ.37,1
63. യോഹ.11,44
64. ലൂ.7,38
65. ലൂ.7,39
66. യോഹ.12,3;മത്താ.26,7
67. യോഹ. 13,25

www.malankaralibrary.com

രുന്നപ്പോൾ, അവനും അതുപോലെ സ്നേഹയോഗ്യനായിരുന്നെന്ന് അതിലൂടെ അവൻ കാണിച്ചു.

7. യോഹന്നാനെപ്പോലെ, സംശുദ്ധരായ കന്യകകളെയും അവൻ സ്നേഹിക്കുന്നെന്ന് അതിലൂടെ അവൻ കാണിച്ചു.

8. എല്ലാ സംശുദ്ധരെയും താൻ തലോടുമെന്നുള്ളതിന്റെ അച്ചാരം, ഒരാളെ തലോടിയതിൽ അവിടുന്ന് നൽകി.

9. സ്കറിയോത്താ ആ ഭാഗ്യവതിയെ കുറ്റപ്പെടുത്തി. ആ കള്ളൻ പാവങ്ങളുടെ പേരിൽ വാദിച്ചു.[68]

10. നമ്മുടെ കർത്താവ് എല്ലാവരെയും കുറ്റവിചാരണ നടത്തുന്ന തീച്ചൂള ആയിരുന്നെങ്കിലും, അത് കേട്ടിട്ട് അവനെ തുറന്നുകാട്ടിയില്ല.

11. ശിഷ്യർക്ക് നിഗൂഢമായിരുന്ന രഹസ്യം, ഒരു സുഹൃത്തിനോടെന്നവണ്ണം അവിടുന്ന് യോഹന്നാന് വെളിപ്പെടുത്തി.

12. ബ്രഹ്മചാരി സംശുദ്ധന്റെ അടുത്തുനിന്നു. താൻ രഹസ്യം പങ്കിട്ടവൻ സംശുദ്ധനാണെന്ന് അവൻ കാട്ടി.

13. അവൻ അപ്പം മുക്കി കള്ളന് നൽകി. ആരും നിർബന്ധിക്കാതെ തന്നെ അവൻ അത് വെളിപ്പെടുത്തി.[69]

14. ആ ദ്രോഹി തന്നെത്തന്നെ കുറ്റം വിധിക്കാനായി ആ നല്ലവൻ ക്ഷമാപൂർവം കാത്തിരുന്നു.

15. അദൃശ്യമായി മരിച്ചവന് അവിടുന്ന് അപ്പം മുക്കിക്കൊടുത്തു. ജീവൗഷധം കഴുകിക്കളഞ്ഞ അപ്പമായിരുന്നു അത്.

16. സമസ്തജീവദായകൻ ഭക്ഷ്യവസ്തുക്കളെ വാഴ്ത്തി. ഭക്ഷിക്കുന്നവർക്ക് അത് ജീവൗഷധമായിത്തീർന്നു.

17. ആ അനുഗ്രഹം കഴുകിക്കളഞ്ഞ അപ്പം, രണ്ടാംസർപ്പമായ ശപ്തൻ സ്വീകരിച്ചു.

18. അവൻ അപ്പം സ്വീകരിച്ചിട്ട് ശിഷ്യന്മാരിൽ നിന്ന് വേർപെട്ടു. ആരും അവനെ തള്ളിപ്പുറത്താക്കാതെ തന്നെ അവൻ വേർപെട്ടു.

19. അവൻ സ്വതന്ത്രമായിട്ടല്ല, നിർബന്ധിതൻ ആയതിനാലാണ് വേർപെട്ടുപോയതെന്ന് ആരും കുറ്റപ്പെടുത്താതിരിക്കാൻ, നമ്മുടെ കർത്താവ് അവനെ അകറ്റിയില്ല.

20. അവൻ ആവശ്യപ്പെടാതെ തന്നെയാണ് നമ്മുടെ കർത്താവ്

68. യോഹ.12,5 69. യോഹ.13,26


www.malankaralibrary.com

അവനെ തന്നിലേക്ക് വലിച്ചടുപ്പിച്ചത്. എന്നാൽ അവൻ തന്നെ വേർപെട്ട് തന്റെ വഴിക്ക് പോയി; നമ്മുടെ കർത്താവ് അവനെ പുറന്തള്ളിയതല്ല.

21. അവിടുന്ന് അവനെ തെരഞ്ഞെടുത്തു എന്നത് നല്ല കാര്യമായിരുന്നു. എന്നാൽ അവൻ തന്നെ അത് നിരാകരിച്ചത് ദുഷ്കർമമായിരുന്നു.

22. പന്ത്രണ്ടുപേരുടെ ഇടയിൽ നിന്ന് നിഗൂഢചെന്നായ് തന്നെത്തന്നെ വേർപെടുത്തി പുറത്തേക്കുപോയി.

23. അപ്പോൾ സത്യകുഞ്ഞാട് എഴുന്നേറ്റ്, പെസഹാക്കുഞ്ഞാടിനെ ഭക്ഷിച്ച ആടുകൾക്കുവേണ്ടി തന്റെ ശരീരം മുറിച്ചു.

24. ഈജിപ്ത് മുതൽ അവിടെ വരെ ഓടിക്കൊണ്ടിരുന്ന സൂചന[70] അവിടെ അതിന്റെ അന്ത്യം കണ്ടെത്തി.

# 15

## "വരുവിൻ നീസാനിൽ നമുക്കാഘോഷിക്കാം" എന്ന രീതി (10)

1. സീനായ് മലയിൽ ഇറങ്ങിവന്ന ദൈവം തന്നിൽ നിന്നുവന്ന ശക്തിയാൽ മലയെ താങ്ങിനിർത്തി.

*പ്രതിസ്തോത്രം: തന്റെ പ്രതീകത്താൽ യാക്കോബിന്റെ മക്കളെ രക്ഷിച്ചതുപോലെ, തന്റെ രക്തത്താൽ നമ്മെ രക്ഷിച്ച പുത്രനു സ്തുതി.*

2. അവിടുത്തെ തിരുമുമ്പിൽ മല ഉരുകിവിറച്ചു. അതിന്റെ സ്രഷ്ടാവിന്റെ ശക്തി മാത്രമാണ് അതിനെ താങ്ങി നിർത്തിയത്.[71]

3. കാരണം, സ്രഷ്ടാവിൽ നിന്നുള്ള ശക്തി കൊണ്ടു മാത്രമേ സൃഷ്ടികൾക്ക് അവനെ സേവിക്കാൻ കഴിയൂ.

4. ആകാശം അവന്റെ മഹത്വം പ്രകീർത്തിക്കുന്നത് അവന്റെ ശക്തിയാൽ മാത്രമാണ്. അവൻ തന്നെ അതിനെ വഹിക്കുന്നു, അത് അവനെയും വഹിക്കുന്നു.

5. ക്രോബകൾക്കും അവൻ തന്നെയാണ് ശക്തി കൊടുക്കുന്നത്. അവൻ ശക്തി കൊടുക്കുന്നതിനാൽ രഥം അവനെ വഹിക്കുന്നു.

6. തന്നെ തേടുന്നവർക്ക് സന്നിഹിതനായിരിക്കാൻ അവിടുന്ന് ആഗ്രഹിച്ചതിനാൽ അവിടുന്ന് ആലയത്തിലും വസിച്ചു.

7. അവിടുന്ന് എല്ലായിടത്തും ആയിരിക്കവെ തന്നെ, തന്നെ തേടുന്നവർ വഴിതെറ്റി അലയാതിരിക്കാൻ, ആലയത്തിൽ വസിച്ചു.

70. ഥുപ്സാ 71. സങ്കീ.97,5

www.malankaralibrary.com

8. അവൻ വസിക്കുന്ന മേഘലം അവനിൽ നിന്ന് ശക്തി സ്വീകരിച്ചു; ആ ശക്തിയിലൂടെ അത് തന്റെ മണവറയാകാൻ കഴിയുന്നതിനായിരുന്നു അത്.

9. മുക്കുവരായ ശ്ലീഹന്മാർ തന്റെ നിറത്തിന്റെ അടിസ്ഥാനത്തിൽ, തന്റെ ദിവ്യരഹസ്യങ്ങളുടെ മൂലരൂപം[72] ദൂരെയെറിയാൻ കഴിവുറ്റവരായി.

10. പ്രവാചകന്മാരും ചിത്രകാരന്മാരും അവനിലൂടെ മാത്രമാണ് അവന്റെ രൂപം വരച്ചത്. കാരണം, അവൻ ആർക്കു സദൃശ്യനാണെന്ന് അവൻ അവരെ പഠിപ്പിച്ചു.

11. അവന്റെ നിറങ്ങൾ കൊണ്ട് അവന്റെ സൗന്ദര്യം ചിത്രീകരിക്കാൻ അവർക്കു കഴിഞ്ഞു. അവൻ എപ്രകാരം തന്റെ പിതാവിന് സദൃശ്യനാണെന്ന് അവർ കണ്ടു.

12. അവൻ വന്നതുവരെ രാജാക്കന്മാർ അവന്റെ രാജത്വം സംരക്ഷിച്ചത് അവനിൽ നിന്നുള്ള ശക്തികൊണ്ടാണ്.

13. അവനിൽ നിന്നു വന്ന മോചനത്തിലൂടെ, തന്റെ അർപ്പണത്തിന്റെ പ്രതീകത്തിലൂടെ, പുരോഹിതന്മാർക്ക് പാപങ്ങൾ മോചിക്കാൻ കഴിഞ്ഞു.

14. അവനിൽ നിന്നുള്ള ശക്തിയാൽ കടൽ അവനെ വഹിച്ചു. കാരണം, അപ്രകാരമല്ലെങ്കിൽ, അവന്റെ ഭാരം വഹിക്കാൻ അതിനു കഴിയുമായിരുന്നില്ല.

15. സൃഷ്ടി സ്രഷ്ടാവിന് എതിരു നിൽക്കുന്നില്ല. അതിനു കഴിയുമായിരുന്നെങ്കിൽ, അത് അവനു തുല്യമാകുമായിരുന്നു.

16. പ്രപഞ്ചനാഥനെ ഉൾക്കൊള്ളാൻ പ്രപഞ്ചത്തിനു കഴിവില്ല, കഴിയുമായിരുന്നെങ്കിൽ, അത് അവനെപ്പോലെ ആകുമായിരുന്നു.

17. സ്രഷ്ടാവുമായി തുലനം ചെയ്യുമ്പോൾ, സൃഷ്ടി ദുർബലമാണ്. അവനിൽ നിന്നുള്ള ശക്തിയാൽ അത് അവനെ അനുസരിക്കുന്നു.

18. അവന്റെ മുമ്പിൽ സീനായ്മല ഉരുകി. കുരിശ് അവനെ വഹിച്ചത് ഒരത്ഭുതമാണ്.[73]

19. പാറ നിറഞ്ഞ മലയ്ക്ക് അവനെ താങ്ങാനായില്ല. അപ്പോൾ മാംസമുള്ള കഴുതക്കുട്ടി അവനെ എങ്ങനെ വഹിച്ചു?[74]

20. എല്ലാറ്റിനെയും പ്രകാശിപ്പിക്കുന്ന സൂര്യൻ അവനെ നോക്കി ഇരുണ്ടുപോയി. ഇരുണ്ടുപോയ യൂദജനത്തിന് അവനെ എങ്ങനെ നോക്കാൻ കഴിഞ്ഞു?

21. പനി അവനെ കണ്ട് പാഞ്ഞു പമ്പകടന്നു.[75] സെഹിയോന് എങ്ങനെ അവനെ കടന്നാക്രമിക്കാൻ കഴിഞ്ഞു?

---

72. തപ്നീക് റാസാവ്. 73. സങ്കീ.97,5. 74. മത്താ.21,2. 75. മത്താ.8,15


www.malankaralibrary.com

22. അവൻ നോക്കിയ അത്തിവൃക്ഷം ഉടനേ ഉണങ്ങിപ്പോയി.[76] അവനെ അടിച്ച കൈ എന്തുകൊണ്ട് ഉണങ്ങിപ്പോയില്ല?

23. പിശാചുക്കളും പന്നികളും കടലിൽ മുങ്ങിച്ചത്തു[77]. കയ്യാഫാസിനും അവന്റെ സഖികൾക്കും എങ്ങനെ അവനെ ക്രൂശിക്കാൻ കഴിഞ്ഞു?

24. ശക്തനായ ലെഗിയോൻ അവന്റെ മുമ്പിൽ അലറി. ദുഷ്ടദാസന് അവനെ എങ്ങനെ അടിക്കാൻ കഴിഞ്ഞു?[78]

25. അവനെ അടിച്ച കൈക്കെതിരെ ആരോപണമായി, വരണ്ടകരം ഒറ്റവാക്കാൽ അവൻ നിവർത്തി.

26. സ്വർഗീയൻ എന്ന നിലയിൽ അവൻ ശെമയോന് മത്സ്യക്കൂട്ടം നൽകി. ഭൗമികൻ എന്ന നിലയിൽ അവൻ ചോദിക്കുകയും അതിൽ നിന്ന് ഭക്ഷിക്കുകയും ചെയ്തു.[79]

27. ദൈവം എന്ന നിലയിൽ അവൻ ലാസറിനെ ജീവിപ്പിച്ചു. മനുഷ്യൻ എന്ന നിലയിൽ അവന്റെ കല്ലറയെപ്പറ്റി അവൻ ആരാഞ്ഞു.[80]

28. എല്ലാവരോടും കരുണ കാണിക്കുന്ന ദൈവം എന്ന നിലയിൽ അവൻ പിശാചുക്കളെ പുറത്താക്കി. എല്ലാം പഠിക്കേണ്ട മനുഷ്യൻ എന്ന നിലയിൽ, ദാസനെപ്പറ്റി അവൻ ചോദിച്ചു.[81]

29. അവൻ തന്റെ ശിഷ്യർക്ക് രഹസ്യങ്ങൾ വെളിപ്പെടുത്തി. സുസ്പഷ്ടസംഗതികളെപ്പറ്റി അവൻ ചോദിച്ചറിഞ്ഞു.

30. ഒന്നുമറിയാത്തവനെപ്പോലെ അവൻ യൂദാസിനെ തെരഞ്ഞെടുത്തു. എല്ലാം അറിയുന്നവനെപ്പോലെ അവനെതിരെ ഹാ, കഷ്ടം എന്ന് ഉച്ചരിച്ചു.[82]

31. മറിയം അവന്റെ ശിരസ്സിൽ തൈലം ഒഴിച്ചു. അവനിൽ നിന്നു വന്ന ദാനം അവനിലേക്ക് തിരിച്ചെത്തി.

# 16

## "വരുവിൻ, നീസാനിൽ നമുക്കാഘോഷിക്കാം" എന്ന രീതി (11)

1. ആദ്യജാതൻ തിരുഹിതമായതിനാൽ ചെറിയൊരു കല്ലറ അവനെ വലയംചെയ്തു. കാരണം, താൻ തിരുഹിതമായതൊന്നും പൂർത്തീകരിക്കപ്പെടാതിരുന്നിട്ടില്ല!

---

76. മത്താ.21,19 77. മത്താ.8,32 78. യോഹ.18,22 79. യോഹ.21,10
80. യോഹ.11,34 81. മർക്കോ. 9,21 82. മത്താ.26,24

www.malankaralibrary.com

*പ്രതിസ്തോത്രം: പ്രപഞ്ചത്തിന്റെ സ്രഷ്ടാവിനു സ്തുതി. അവിടുന്ന് നമ്മോടുള്ള സ്നേഹത്താൽ കുരിശുമരത്തിന് തന്റെ മഹാശക്തി വിധേയമാക്കി.*

2. അവിടുന്ന് എപ്പോഴും ഇച്ഛിക്കുന്നവ, താൻ ഇച്ഛിച്ചാൽ, വേണ്ടെന്നുവയ്ക്കാൻ തന്റെ ഇച്ഛയ്ക്ക് സാധ്യമല്ല.

3. അവിടുന്ന് തിരുഹിതമായതിനാൽ സൃഷ്ടി ഉണ്ടായി. കാരണം, അവിടുന്ന് ഇച്ഛിച്ചതിനാൽ സൃഷ്ടികൾ ഉടലെടുത്തു.

4. അവിടുന്ന് തിരുഹിതമായതിനാൽ, പാതാളഗർത്തം അവനെ വലയം ചെയ്തു. അവിടുന്ന് തിരുഹിതമായതിനാൽ, മറിയത്തിന്റെ ഉദരം അവനെ വലയം ചെയ്തു.

5. അവിടുന്ന് തിരുഹിതമായതിനാൽ അത്യാർത്തിയുള്ള മരണം അവനെ വിഴുങ്ങി. അവൻ തിരുഹിതമായതിനാൽ അവനെ വിഴുങ്ങുകയും പിന്നെ ഛർദിക്കുകയും ചെയ്തു.

6. അവൻ തന്റെ നിത്യജീവൻ മറച്ചുവച്ചു. അതുകൊണ്ട്, ജീവനില്ലാത്ത മരണത്തിന് ജീവനുള്ളവനെ വിഴുങ്ങാൻ കഴിഞ്ഞു.

7. അവന്റെ ജീവന്റെ സൗരഭ്യം പാതാളത്തിൽ വീശി. അവനെ സഹിക്കാൻ കഴിയാത്തതിനാൽ, അത് അവനെ ഛർദിച്ച് പുറത്താക്കി.

8. അവൻ തിരുഹിതമായതിനാൽ അവനെ പിടിക്കാൻ വന്നവർ അവനെ പിടികൂടി. അവൻ തന്റെ മഹാശക്തി തന്നിൽ മറച്ചുവച്ചു. അതുകൊണ്ടാണ് അവർക്ക് അവനെ പിടിക്കാൻ കഴിഞ്ഞത്.

9. കാരണം, അവൻ മുന്നോട്ടാഞ്ഞപ്പോൾ തന്റെ ശക്തിയുടെ ഒരു ഉച്ഛ്വാസം കൊണ്ടുമാത്രം, തന്നെ പിടിക്കാൻ വന്നവരെല്ലാം മൂക്കുകുത്തി താഴെ ഉരുണ്ടുവീണു.[83]

10. മലയുടെ മുകളിൽ നിന്ന് അവർ അവനെ താഴേക്ക് തള്ളിയപ്പോൾ, തത്സമയം ക്ഷതമേൽക്കാൻ ആഗ്രഹിക്കാഞ്ഞതിനാൽ, അവന് ഒരു ക്ഷതവും സംഭവിച്ചില്ല.[84]

11. അവർ അവനെ മലമുകളിൽ നിന്ന് താഴേക്ക് തള്ളിയപ്പോൾ, അവൻ പറന്നുപോകുകയും ശരീരങ്ങൾ കാലാന്ത്യത്തിൽ എങ്ങനെ വായുവിൽ സംവഹിക്കപ്പെടുമെന്ന് കാട്ടുകയും ചെയ്തു.

12. അവൻ കാറ്റിനെ വാഹനമാക്കി. തന്റെ ശരീരം അതിന്റെ തേരാളിയായിത്തീർന്നു.

83. യോഹ.18,6 84. ലൂ.4,29

 www.malankaralibrary.com

13. കാറ്റിനെ വാഹനമാക്കി നീതിമാന്മാർ തങ്ങളുടെ നാഥന് എതിരെ പറന്നെത്തും.[85]

14. ഏലിയായുടെ പക്കലേക്ക് ഒരു രഥം താഴ്ന്നിറങ്ങിവന്നു. തേരാളിയെ കൂടാതെ അത് താണിറങ്ങിവന്നു.

15. സംസാരശക്തിയുള്ള കുതിരകൾ നുകം വയ്ക്കപ്പെട്ടിരുന്നു. അവ തന്നെ തേരാളികളായിരുന്നു.

16. ക്രോബകളുടെ ഈ രഥത്തിലും തേരാളി നിഗൂഢ നിശ്ശബ്ദതയാണ്!

17. ഈ മൗനിയുടെ, വാക്കുകൾ കൂടാതെയുള്ള ഇച്ഛ രഥത്തെയും സൃഷ്ടികളെയും നയിക്കുന്നു.

18. കാരണം, ഈ പ്രപഞ്ചസ്രഷ്ടാവ് നിശ്ശബ്ദനും പ്രശാന്തനുമാണ്. വാക്കുകൾ കൂടാതെയുള്ള ഇച്ഛയാൽ അവിടുന്ന് പ്രപഞ്ചത്തെ നയിക്കുന്നു.

19. അവന്റെ പ്രശാന്തതയിൽ നിന്ന് ഇടിമുഴക്കവും അവന്റെ നിശ്ശബ്ദതയിൽ നിന്ന് ഭയങ്കരമായ ഇടിമിന്നലും ഉണ്ടാകുന്നു.

20. അവൻ പ്രശാന്തനായി കഴിയുന്നെങ്കിലും, സൃഷ്ടികളെ ഇളക്കി മറിക്കുന്നു. ഒരേയൊരു നിശ്ശബ്ദാടയാളത്താൽ, സൃഷ്ടിയെ ശാന്തമാക്കുകയും ചെയ്യുന്നു.

21. അവിടുന്ന് തിരുഹിതമായി; താൻ തിരുഹിതമായതുപോലെ അവിടുന്ന് സൃഷ്ടിച്ചു. തന്റെ തിരുഹിതം പോലെ അവിടുന്ന് വീണ്ടും സൃഷ്ടിച്ചു.

22. തന്റെ വായുടെ വടികൊണ്ട് അവൻ ധരയെ അടിക്കുന്നു. തന്റെ അധരങ്ങളുടെ ഉച്ഛ്വാസത്താൽ അവൻ ദുഷ്ടരെ നിഗ്രഹിക്കുന്നു.

23. ദ്രോഹിയായ സ്കറിയോത്താ അവനെ ചുംബിച്ചു. അവൻ തിരുഹിതമായതിനാൽ, തന്റെ വായിലെ ഉച്ഛ്വാസം അവനെ കൊന്നില്ല.

24. വയ്ക്കോലിന് അഗ്നിയെ ചുംബിക്കാൻ കഴിഞ്ഞു എന്നത് അത്ഭുതമാണ്. അഗ്നി അതിന്റെ ശക്തി പിൻവലിച്ചു. യാതൊരുപദ്രവവും ഉണ്ടാക്കിയില്ല.

25. അഗ്നി അവനോട് ശാന്തത കാട്ടി. അവൻ തന്നെ അവന്റെ കുരുക്കുണ്ടാക്കി.

85. 1തെസ്സ.4,17

www.malankaralibrary.com

26. കർത്താവിന്റെ വില വാങ്ങിയ കരങ്ങളാണ് അവനു തൂങ്ങാനുള്ള കുരുക്കുണ്ടാക്കിയത്.

27. കത്തുന്ന തീക്കനലിനെ ചുംബിച്ച ചുണ്ടുകൾ തൂങ്ങപ്പെട്ടവന്റേതുപോലെ തണുത്തിരുന്നു.

28. അവൻ അത്യാർത്തി നിറഞ്ഞവനായിരുന്നതിനാൽ, അത്യാർത്തിയാൽ അവന്റെ ശരീരം പിളർന്നു.[86]

29. വായുവിൽ കൂടി പറന്നുപോയ ക്രിസ്തുവിനെ ഒറ്റിക്കൊടുത്തതിനാൽ, കുരുക്ക് അവനെ വായുവിൽ തൂക്കിയിട്ടു.

30. ഭൗമികനെയും സ്വർഗീയനെയും ഒറ്റിക്കൊടുത്തതിനാൽ, അവൻ ആകാശത്തിനും ഭൂമിക്കും മധ്യേ തൂങ്ങിക്കിടന്നു.

31. സ്വർഗീയപുത്രനെ അവൻ ഒറ്റിക്കൊടുത്തു. ഭൗമികശരീരത്തെ അവൻ കൊന്നു.

32. അവൻ തന്റെ നാഥനെ ഒറ്റിക്കൊടുത്തതിനാൽ, അവനെപ്രതി സ്വർഗം സന്തോഷിച്ചു. അവൻ തന്റെ രാജാവിനെ കൊന്നതിനാൽ, അവനെ പ്രതി ഭൂമി സന്തോഷിച്ചു.

33. അവനിൽ നിന്നുള്ള ശക്തിയാൽ കുരിശുമരം അവനെ വഹിച്ചു. അഗ്നിയെ വഹിച്ചെങ്കിലും അത് കത്തിപ്പോയില്ല.

34. നൽകുന്നവർ അവന്റേതിൽ നിന്ന് അവന് നൽകി. സ്വീകരിക്കുന്നവർ അവന്റെ നിക്ഷേപത്തിൽ നിന്ന് വഹിക്കുന്നു.

35. അവൻ സൃഷ്ടിച്ച മൂറോനിൽ നിന്ന് ജോസഫ് എടുത്ത് അവനെ പൂശി. സംസ്ക്കരിക്കപ്പെടേണ്ടവർ അവന്റേതിൽ അവനെ സംസ്ക്കരിച്ചു.

## 17

### "വരുവിൻ, നീസാനിൽ നമുക്കാഘോഷിക്കാം" എന്ന രീതി (12)

1. എല്ലാ വേരുകളെയും ഉണർത്തുന്ന നീസാൻമാസത്തിന്, പഴകിപ്പോയ യൂദജനത്തെ നവീകരിക്കാൻ കഴിഞ്ഞില്ല.

*പ്രതിസ്തോത്രം: യൂദജനത്തെയും അവരുടെ പുളിപ്പില്ലാത്ത അപ്പത്തേയും ദൂരെയെറിഞ്ഞവൻ വാഴ്ത്തപ്പെട്ടവനാകുന്നു. എന്തുകൊണ്ടെന്നാൽ അവരുടെ കരങ്ങൾ അവന്റെ അമൂല്യരക്തത്താൽ മലിനമായിരുന്നു.*

86. നട.1,18


www.malankaralibrary.com

2. ആ ജനം പുറപ്പെട്ടപ്പോൾ പുളിപ്പില്ലാത്ത അപ്പത്തിന്റെ കൂടെ വിജാതിയരുടെ പുളിപ്പും വഹിച്ചിരുന്നു.

3. യൂദജനം പുറപ്പെട്ടപ്പോൾ പുളിപ്പില്ലാത്ത അപ്പത്തിന്റെ കൂടെ പുളിപ്പ് കൂട്ടിക്കുഴയ്ക്കാൻ മോശ ഈജിപ്തിൽ അവരെ അനുവദിച്ചിരുന്നില്ല.[87]

4. 'അവരുടെ ചിന്തയിൽ ഈജിപ്തിലെ പുളിപ്പ് കൊണ്ടുവരാൻ പാടില്ല' എന്ന് അതുകൊണ്ടാണ് അവൻ പ്രബോധനം നൽകിയത്.

5. ജീവന്റെ അപ്പത്തിന്റെ പ്രതീകമായിരുന്നു പുളിപ്പില്ലാത്ത അപ്പം. പുരാതനർ പുതിയ പ്രതീകം ഭക്ഷിച്ചു.

6. എല്ലാവരെയും നവീകരിക്കുന്നവന്റെ പ്രതീകം മോശ വെളിപ്പെടുത്തി. മാംസത്തിന് ആർത്തിപൂണ്ട തീറ്റിപ്പണ്ടാരങ്ങൾക്ക് അവനത് നൽകി.

7. ഭൗമികമാംസം അവരെ ക്ലേശിപ്പിച്ചു. അത്യാർത്തിയാൽ അവരുടെ ആത്മാക്കൾ കുനിഞ്ഞുതാണു.

8. ഭൗമികർ സ്വർഗീയമന്നാ ഭക്ഷിച്ചു. അവരുടെ പാപങ്ങളാൽ അവർ ഭൂമിയിൽ പൊടിയായിത്തീർന്നു.[88]

9. ആത്മീയാപ്പം ഒളിച്ചോടി പറന്നുപോയി .അത് ജനതകളുടെ മുകളിലേക്ക് പറന്ന് പറുദീസായിൽ ആസ്ഥാനം ഉറപ്പിച്ചു.

10. പറുദീസായിൽ പ്രവേശിച്ച ആ ഒരാളിലൂടെ എല്ലാവരും പ്രവേശിച്ചു. അതിനെ വിട്ടുപേക്ഷിച്ച ആദത്തിലൂടെ എല്ലാവരും അത് വിട്ടിറങ്ങി.

11. രണ്ടാമത്തെ ആദാം ഇവിടെ നിന്നുള്ള ഒരു ശരീരമാകയാൽ, വിശന്നുവലഞ്ഞ കഴുകന്മാർ അവന്റെ പക്കലേക്ക് പറന്നടുത്തു.[89]

12. ഈ ആത്മീയാപ്പത്തിലൂടെ ഏതൊരാൾക്കും കഴുകനായി പറുദീസായിൽ എത്തിച്ചേരാൻ കഴിയും.

13. പുത്രന്റെ സജീവാപ്പം ഭക്ഷിച്ചവൻ അവനെ എതിരേൽക്കാൻ മേഘങ്ങളിലേക്ക് പറന്നുയരും.[85]

14. പുളിപ്പില്ലാത്ത അപ്പത്തിന്റെ സ്വഭാവം ഭാരമുള്ളതാണ്. യൂദജനത്തിന് പറക്കാനാവില്ല എന്നതിന്റെ പ്രതീകമാണത്.

15. കലത്തിലെ മാവിൽനിന്നും ഭരണിയിലെ എണ്ണയിൽ നിന്നും ഏലിയാ ഭക്ഷിച്ചു. ഒരു ലളിതമായ പ്രതീകം! അവൻ വായുവിൽ ഉന്നതത്തിലേക്ക് കരേറി.

---

87. പുറ.12,15 88. എബ്രാ.3,17 89. 1കൊറി.15,47;മത്താ.24,48

www.malankaralibrary.com

പുളിപ്പില്ലാത്ത അപ്പത്തെക്കുറിച്ച്: ഗീതം 17,16–17; 18,1–8

16. യാക്കോബിന്റെ ഒരു മകളല്ല ആ പ്രതീകം നൽകിയത്. വിജാതിയരുടെ ഒരു മകളുടെ പക്കലാണ് ഏലിയാ ഭക്ഷിച്ചത്.

17. അവന്റെ അപ്പത്തിന്റെ പ്രതീകത്തിലൂടെ ഈ രീതിയിൽ ഏലിയാ പറന്നുയർന്നെങ്കിൽ, ജനതകൾ എങ്ങനെ ഏദനിൽ പറന്നെത്തുകയില്ല!

# 18

## "വരുവിൻ, നീസാനിൽ നമുക്കാഘോഷിക്കാം" എന്ന രീതി (13)

1. ജനതതികൾ പെസഹാപ്പെരുന്നാളിൽ പുളിപ്പുള്ളത് ഭക്ഷിച്ചു. പഴയ ഭക്ഷണം ആയിരുന്നിട്ടും അവരുടെ ആത്മാക്കൾ നവീകരിക്കപ്പെട്ടു.

*പ്രതിസ്തോത്രം: യൂദജനത്തിന് നൽകിയ പുളിപ്പില്ലാത്ത അപ്പത്തിനു പകരം നമുക്ക് തന്റെ ശരീരം തന്ന പുത്രന് നന്ദി അർപ്പിക്കുവിൻ.*

2. അവന്റെ ഭക്ഷണമല്ല മനുഷ്യരെ നവീകരിക്കുക. അവന്റെ ഹൃദയമാണ് നമ്മെ നവീകരിക്കുന്നത്.

3. കാരണം, നീസാനിൽ കാളയും തിന്നുന്നു; പുതിയ മേച്ചിൽ പുറങ്ങളിൽ അത് വന്യമായി കുത്തിമറിയുന്നു.

4. ആ ജനം ആ പുളിപ്പില്ലാത്തത് ഭക്ഷിച്ചു; അതേസമയം നീസാനിൽ കുന്തത്താൽ പുത്രനെ കുത്തിത്തുളയ്ക്കുകയും ചെയ്തു.[90]

5. പുതിയ മേച്ചിൽപ്പുറങ്ങളിൽ മേഞ്ഞ് കാട്ടുകഴുതയും തടിച്ചുകൊഴുക്കുന്നു. അതുപോലെ യൂദജനവും തടിച്ചുകൊഴുക്കുകയും നിരസിക്കുകയും ചെയ്യുന്നു.[91]

6. അതുകൊണ്ട്, പുതിയ ആഹാരം മാത്രം പ്രയോജനപ്പെടുന്നെങ്കിൽ, വിശേഷബുദ്ധിയില്ലാത്ത മൃഗം ആ ജനത്തേക്കാൾ മെച്ചമാണ്.

7. മൃഗം ആ ജനത്തേക്കാൾ മെച്ചമാണ്. മൃഗം അതിന്റെ യജമാനനെ അറിയുന്നതുപോലെ, അവർ ഒരിക്കലും അറിയുന്നില്ല എന്ന് മൃഗത്തിന്റെ ദൃഷ്ടാന്തത്തിലൂടെ അവർ ശകാരിക്കപ്പെടുന്നു.[92]

8. പാമ്പും അതിന്റെ പടം പൊഴിച്ച് തന്നെത്തന്നെ നവീകരിക്കുന്നു. ഇവരും എത്ര വേഗത്തിലാണ് ബാഹ്യമായി പടം പൊഴിക്കുകയും ആന്തരികമായി പഴമയിൽ കഴിയുകയും ചെയ്യുന്നത്!

---

90. യോഹ.19,34 91. ആവ.32,15 92. ഏശാ.1,3


www.malankaralibrary.com

9. ഈ രീതിയിൽ ഈ യൂദജനം ബാഹ്യമായി തങ്ങളുടെ വസ്ത്രം നവീകരിക്കുന്നു. അവരുടെ ഹൃദയത്തിന്റെ ഉള്ളിൽ മാരകവിഷം കുടികൊള്ളുന്നു.

10. തന്റെ കാപട്യത്തിലൂടെ നമുക്ക് മാരകഫലം തന്ന ആ പഴയ പാമ്പിന് തുല്യമാണ്  ഈ പാമ്പ്.

11. കാരണം, നമ്മുടെ ഉള്ളിൽ മാരകവിഷമായിത്തീരാൻ, ഈ ജനം നമുക്ക് തങ്ങളുടെ പുളിപ്പില്ലാത്ത അപ്പത്തിൽനിന്ന് തന്നു.

12. ഓ, പഴയതായിപ്പോയ ആ ജനത്തെപ്പറ്റി: പുളിപ്പുകൊണ്ടെന്നപോലെ, പുളിപ്പില്ലാത്തതിനെ കൊണ്ട് പുതിയതിനെ പഴയതാക്കാൻ അവർ ആഗ്രഹിക്കുന്നു.

13. ഓ, പുളിപ്പില്ലാത്തതിനെപ്പറ്റി: അത് ഭക്ഷിക്കുന്നവരെ കുറേശ്ശ കുറേശ്ശ അവിശ്വാസത്തിലേക്ക് അത് ആകർഷിക്കുന്നു.

14. പുതിയ പുളിപ്പില്ലാത്തതു കലർത്തി, അവിശ്വാസത്തിന്റെ പഴയ പുളിപ്പ് അവർ നമുക്ക് നൽകുന്നു.

15. പുത്രന്റെ പ്രതീകം ജീവൗഷധമായി പുളിപ്പില്ലാത്ത അപ്പത്തിൽ മോശ  കലർത്തി.

16. ക്രിസ്തു ജീവൗഷധം പുളിപ്പില്ലാത്ത അപ്പത്തിൽ നിന്ന് തുടച്ചുമാറ്റി, മാരകവിഷമായി യൂദായ്ക്ക് നൽകി.

17. ആകയാൽ, മനുഷ്യർ സ്കറിയോത്തായുടെ മാരകവിഷം ആ പുളിപ്പില്ലാത്ത അപ്പത്തിൽ നിന്ന് എടുക്കുന്നു.

## 19

### “വരുവിൻ, നീസാനിൽ നമുക്കാഘോഷിക്കാം” എന്ന രീതി (14)

1. പെസഹാക്കുഞ്ഞാടിനെ ഭക്ഷിച്ച ശിഷ്യന്മാർക്ക് സത്യകുഞ്ഞാട് എഴുന്നേറ്റുനിന്ന് തന്റെ ശരീരം മുറിച്ചുകൊടുത്തു.

*പ്രതിസ്തോത്രം: യൂദജനത്തിന്റെ പുളിപ്പില്ലാത്ത അപ്പത്തെ ജനത്തോടൊന്നിച്ച് അസാധുവാക്കിയ ക്രിസ്തുവിന് സ്തുതി.*

2. അവൻ പെസഹാക്കുഞ്ഞാടിനെ കൊന്നു ഭക്ഷിക്കുകയും തന്റെ

93. ന്യായാ.14,9

www.malankaralibrary.com

ശരീരം മുറിക്കുകയും ചെയ്തു. അവൻ നിഴൽ നീക്കി, പകരം സത്യം നൽകി.

3. അവൻ പുളിപ്പില്ലാത്ത അപ്പം ഭക്ഷിച്ചു. പുളിപ്പില്ലാത്ത അപ്പത്തിൽ തന്റെ ശരീരം നമുക്ക് പുളിപ്പില്ലാത്ത യഥാർഥ അപ്പമായിത്തീർന്നു.

4. മോശയുടെ കാലം മുതൽ അവിടം വരെ ഓടിയിരുന്ന പ്രതീകം അവിടെ അവസാനിച്ചു.

5. എന്നാൽ നമ്മുടെ മരണം ആഗ്രഹിക്കുന്ന ദുഷ്ടജനം നമ്മെ വശീകരിച്ച് നമുക്ക് ഭക്ഷണത്തിൽ മരണം കലർത്തിത്തന്നു.

6. ഹവ്വാ കണ്ട മരം വശീകരിക്കുന്നതായിരുന്നു. അതുപോലെ പുളിപ്പില്ലാത്ത അപ്പവും വശീകരിക്കുന്നതാണ്.

7. ആ വശീകരിക്കുന്ന മരത്തിൽ നിന്ന് സുനിശ്ചിതമരണം ഉണ്ടായി. നല്ല പുളിപ്പില്ലാത്ത അപ്പത്തിൽ അദൃശ്യമരണം മറഞ്ഞുകിടക്കുന്നു.

8. ചത്ത സിംഹം അശുദ്ധമാണെങ്കിലും, അതിന്റെ കയ്പ് മധുരം പകർന്നു.[93]

9. കയ്പുള്ള സിംഹത്തിൽ നല്ല തേനുണ്ടായിരുന്നു. മധുരമുള്ള പുളിപ്പില്ലാത്ത അപ്പത്തിൽ മാരകവിഷം മറഞ്ഞുകിടക്കുന്നു.

10. പ്രതീകത്തെ പ്രതി സാറാ ചുട്ട ആ പുളിപ്പില്ലാത്ത അപ്പം ഈറയർ കാംക്ഷിച്ചു.

11. എന്റെ സഹോദരരേ, സ്കറിയോത്തായുടെ പ്രതീകം വസിക്കുന്ന പുളിപ്പില്ലാത്ത അപ്പം നിന്ദ്യമാണ്!

12. എന്റെ സഹോദരരേ, പുളിപ്പില്ലാത്ത അപ്പത്തിൽ നിന്ന് ദൂരെ പറന്ന് അകലുവിൻ. അതിന്റെ വെണ്മ ദുർഗന്ധം വമിക്കുന്നു.

13. ആ പുളിപ്പില്ലാത്ത അപ്പത്തിന്റെ വെണ്മയിൽ മോശ എഴുതിയ, നാറുന്ന ആ നാമം സ്ഥിതിചെയ്യുന്നു.

14. ആ ജനം ചുമന്നുള്ളിയും വെളുത്തുള്ളിയും ഇഷ്ടപ്പെടുന്നു. അവരുടെ ഭക്ഷണത്തോടുകൂടെ അവരുടെ പുളിപ്പില്ലാത്ത അപ്പവും നാറുന്നു.[94]

15. അശുദ്ധമായ കാക്ക ശുദ്ധമായിരുന്നു എന്നറിഞ്ഞ ഏലിയാ അതിൽ നിന്ന് അപ്പം സ്വീകരിച്ചു.[95]

16. എന്റെ സഹോദരരേ, രക്തത്താൽ കരങ്ങൾ മലിനമാക്കിയ ജനത്തിൽ നിന്ന് പുളിപ്പില്ലാത്ത അപ്പം സ്വീകരിക്കരുത്!

---

94. സംഖ്യ 11,5 95. 1രാജാ.17,6


www.malankaralibrary.com

17. ആ തളിക്കലിൽ നിന്ന് കുറച്ച് ആ പുളിപ്പില്ലാത്ത അപ്പത്തിൽ നിശ്ച യമായും ഒട്ടിച്ചേർന്നിട്ടുണ്ട്. അവരുടെ കരങ്ങൾ അതുകൊണ്ട് നിറഞ്ഞിരി ക്കുന്നു.

18. മാംസം അതിൽ തന്നെ ശുദ്ധമാണ്. എന്നാൽ വിഗ്രഹങ്ങൾക്ക് അർപ്പിച്ചതിൽനിന്ന് ആരും ഭക്ഷിക്കാറില്ലല്ലോ. കാരണം, അത് മലിനമാണ്.

19. പുത്രനെ കൊന്ന കൈകൾ ഉണ്ടാക്കിയ ആ പുളിപ്പില്ലാത്ത അപ്പം എത്രയധികം മലിനമായിരിക്കും.

20. മൃഗങ്ങളുടെ രക്തം പുരണ്ട കൈയിൽ നിന്ന് മനുഷ്യർ പിൻവാങ്ങും; അതിൽ നിന്ന് ആരും ഭക്ഷണം സ്വീകരിക്കാറില്ല.

21. അപ്പോൾ, പ്രവാചകരക്തത്താൽ പൂർണമായി നനഞ്ഞ കൈക ളിൽ നിന്ന് ആരാണ് സ്വീകരിക്കുക!

22. എന്റെ സഹോദരരേ, ജീവൗഷധത്തോടൊപ്പം മാരകവിഷമായി യൂദജനത്തിന്റെ പുളിപ്പില്ലാത്ത അപ്പം നമുക്ക് ഭക്ഷിക്കാതിരിക്കാം.

23. കാരണം, ക്രിസ്തുവിന്റെ രക്തം യൂദജനത്തിന്റെ പുളിപ്പില്ലാത്ത അപ്പത്തിലും നമ്മുടെ കുർബാനയിലും കൂടിക്കലർന്നു കിടക്കുന്നു.

24. നമ്മുടെ കുർബാനയിൽ അത് സ്വീകരിക്കുന്നവൻ ജീവൗഷധം സ്വീകരിക്കുന്നു; യൂദജനത്തിന്റെ കൂടെ അത് ഭക്ഷിക്കുന്നവൻ മാരകവിഷം സ്വീകരിക്കുന്നു.

25. 'തങ്ങളുടെ മേൽ നിപതിക്കട്ടെ' എന്ന് അവർ വിളിച്ചുകൂകിയ ആ രക്തം അവരുടെ പെരുന്നാളുകളിലും സാബതുകളിലും കൂടിക്കലർന്നിരി ക്കുന്നു.[96]

26. അവരുടെ പെരുന്നാളുകളിൽ പങ്കെടുക്കുന്നവർ അവരുടെ രക്തം തളിക്കലും നേരിടേണ്ടിവരും.

27. പന്നിയെ ഭക്ഷിക്കാത്ത ഈ ജനം അനേകം രക്തത്താൽ മലിന മാക്കപ്പെട്ട പന്നിയാണ്.

28. അത് കുടയുമ്പോൾ രക്തം തെറിച്ച് നിങ്ങൾ മലിനരാകാതിരി ക്കാൻ, അതിൽ നിന്ന് അകന്ന് ഓടിപ്പോകുവിൻ.

---

96. മത്താ.27,25

www.malankaralibrary.com

# 20

## “വരുവിൻ, നീസാനിൽ നമുക്കാഘോഷിക്കാം” എന്ന രീതി (15)

1. തന്റെ ശരീരം ദൃശ്യമാംവിധം കാണിക്കുകയും തന്റെ ദൈവിക ശക്തി മറച്ചുവയ്ക്കുകയും ചെയ്ത, അദൃശ്യന്റെ പുത്രനെപ്പറ്റി, എന്റെ സഹോദരങ്ങളേ, വന്ന് ശ്രവിക്കുവിൻ

പ്രതിസ്തോത്രം: ശപ്തരായ ജനം ഈ പെരുന്നാളിൽ ആണികൾ തറച്ച ക്രിസ്തുവിനു സ്തുതി.

2. അവന്റെ കൈകളിൽ ആണി തറയ്ക്കപ്പെട്ടപ്പോൾ അവൻ കബറുകൾ തുറന്നു; കാരണം, അവന്റെ ഇച്ഛ സ്വതന്ത്രശക്തി ആയിരുന്നു.

3. അവന്റെ കരങ്ങളോടൊപ്പം അവന്റെ ശക്തി അവർ ബന്ധിച്ചില്ല. അവന്റെ കരങ്ങൾ ബന്ധിതമായിരുന്നു, എന്നാൽ അവന്റെ ശക്തി പൂർണമായി സ്വതന്ത്രമായിരുന്നു.

4. കുരിശുമരത്തിൽ അവന്റെ ശരീരം മുഴുവനായി തറയ്ക്കപ്പെട്ടു. എന്നാൽ അവന്റെ ശക്തി പൂർണമായി സ്വതന്ത്രമായിരുന്നു.

5. അവന്റെ കൈകളുടെ ബന്ധനത്തിലൂടെ അവന്റെ ശക്തി കീഴമർത്തപ്പെട്ടില്ല. എല്ലാം കാണുന്നവൻ തന്റെ ഇച്ഛയിലൂടെ എല്ലാം പ്രവർത്തിച്ചു.

6. നമ്മുടെ കർത്താവിന്റെ കരങ്ങൾ സ്വതന്ത്രമായിരുന്നപ്പോൾ പോലും, കല്ലറയിൽ നിന്ന് പുറത്തേക്കുവരാൻ മൃതനെ അവിടുന്ന് തന്റെ കൈകളിൽ വഹിച്ചില്ല.

7. കല്ലറയിൽ നിന്ന് പുറത്തേക്കു വന്ന ആ കെട്ടപ്പെട്ട മൃതനെ തന്റെ അദൃശ്യമായ ദൈവികശക്തി അകത്തുകടന്ന് വഹിക്കുകയായിരുന്നു.[97]

8. തന്റെ നീട്ടപ്പെട്ട കരങ്ങളാൽ വിജയിച്ച മോശയും[98], വിജയിച്ച് കീഴടക്കിയ, തന്റെ വിരിക്കപ്പെട്ട കരങ്ങളുടെ ഒരു പ്രതീകമാണ് ചിത്രീകരിച്ചത്.

9. കാരണം, അത് കൈകളുടെ ശക്തി ആയിരുന്നെങ്കിൽ, അത്രയും വലിയ ദൂരത്തിൽ അവയ്ക്ക് എങ്ങനെ വിജയിക്കാൻ കഴിയുമായിരുന്നു!

10. കൈകളിൽ ഒരദൃശ്യശക്തി വിജയിച്ചു. പ്രതീകം രൂപീകരിക്കാൻ അത് കൈകളിൽ വസിച്ചു.

---

97. യോഹ.11,44　　98. പുറ.17,11


www.malankaralibrary.com

11. പുത്രന്റെ പ്രതീകത്തിലൂടെ ഇപ്രകാരം പ്രവാചകനും വിജയിച്ചു. അങ്ങനെയെങ്കിൽ, ആദ്യജാതനും കരങ്ങൾ കൂടാതെ എത്രയധികമായി പ്രവർത്തിക്കും!

12. പുത്രന്റെ ഇച്ഛയാണ് അവന്റെ നിക്ഷേപം. തനിക്കിഷ്ടമുള്ളിടത്തെല്ലാം അവൻ തന്നെ സമ്പത്ത് പുറത്തേക്ക് കൊണ്ടുവരുന്നു.

13. നിക്ഷേപങ്ങളുടെ നിക്ഷേപമാണ് അവന്റെ വാക്ക്. അവൻ അത് എവിടെ തുറക്കുന്നുവോ, അവിടെ സൃഷ്ടികൾ സമ്പന്നരാകുന്നു.

14. അവന്റെ ദാനം നന്മകളുടെ ഉറവിടമാണ്. അവൻ അത് ഒഴുക്കുമ്പോൾ സൃഷ്ടികൾ സന്തുഷ്ടരാകുന്നു.

15. അവന്റെ ഇച്ഛയാണ് വലിയ താക്കോൽ. കാരുണ്യത്തിന്റെ നിക്ഷേപം അതുകൊണ്ട് തുറക്കപ്പെടുന്നു.

16. അവന്റെ കൃപ കരുണാർദ്രമാണ്. ഒരു പോറ്റമ്മയെപ്പോലെ അത് മരുന്നുകൾ വഹിക്കുന്നു.

17. അവന്റെ നീതി വിവേകപൂർവകമാണ്. വളർത്തമ്മയെപ്പോലെ അത് ഭയോപകരണം വഹിക്കുന്നു.

18. അവന്റെ കൃപയുടെ കരം സകലർക്കും പ്രശാന്തമാണ്. അമ്മയെപ്പോലെ അത് എല്ലാ മുറിവുകളും വച്ചുകെട്ടുന്നു.

19. അവന്റെ നീതിയുടെ കരം എല്ലാവർക്കും കഠിനമാണ്. വൈദ്യനെപ്പോലെ അത് എല്ലാ മുറിവുകളും തുന്നിച്ചേർക്കുന്നു.

20. അവൻ മനുഷ്യരുടെ പക്കലേക്ക് വരുമ്പോഴെല്ലാം തന്റെ നീതിയുടെ ആ കരം അവൻ അകത്തേക്ക് വലിക്കുന്നു.

21. അവന്റെ നീതിയെക്കുറിച്ച് പ്രലപിക്കുന്നവനായി, സാത്താനൊഴിച്ച് മറ്റാരും എതിരാളിയായിട്ടില്ല.

# 21

## “വരുവിൻ, നീസാനിൽ നമുക്കാഘോഷിക്കാം” എന്ന രീതി (16)

1. സംശുദ്ധതയിൽ ആഘോഷിക്കണമെന്ന് കൽപ്പിക്കപ്പെട്ട പെസഹായിൽ നിന്ന് അശുദ്ധയും ഭക്ഷിച്ചിരുന്നു.[99]

99. സംഖ്യ 9,6ff: സാനീതാ

www.malankaralibrary.com

പ്രതിസ്തോത്രം: ആ യൂദജനത്തെ മാത്രം രക്ഷിച്ച പ്രതീകത്തിനു പകരം തന്റെ രക്തത്താൽ ജനതകളെ രക്ഷിച്ചവന് സ്തുതി.

2. സെഹിയോനിൽ മാത്രം ആഘോഷിക്കണമെന്ന് കൽപ്പിക്കപ്പെട്ട ആ പെരുന്നാളിന്റെ അനുശ്ശാസ്സനത്തിന് അർഥമില്ലെന്നവണ്ണം, അത് എല്ലായിടത്തും ആഘോഷിക്കപ്പെടുന്നു.

3. യൂദജനം ചെല്ലുന്നിടത്തെല്ലാം തങ്ങളുടെ പെരുന്നാൾ ആഘോഷിക്കാൻ മോശ അനുവദിച്ചില്ല.

4. മോശ ആ പെരുന്നാളിനെ അർപ്പണവുമായും അർപ്പണത്തെ അതിവിശുദ്ധസ്ഥലവുമായും ബന്ധിച്ചു.

5. അതുകൊണ്ട് പെരുന്നാളുമായി ബന്ധപ്പെട്ട അർപ്പണം എല്ലായിടത്തും നടത്താൻ അനുവാദമില്ലായിരുന്നു.

6. വീണ്ടും, അർപ്പണം വിശുദ്ധ സ്ഥലത്തെ മദ്ബഹായുമായി ബന്ധിതമായിരുന്നതിനാൽ, എല്ലായിടത്തും അർപ്പണം നടത്തുക സാധ്യമല്ലായിരുന്നു.

7. അർപ്പണം കൂടാതെ പെരുന്നാൾ ഇല്ലായിരുന്നു. വിശുദ്ധ സ്ഥലത്തല്ലാതെ അർപ്പണം നടത്തിയിരുന്നില്ല.

8. തങ്ങളുടെ നാട്ടിൽ തന്നെയും സെഹിയോനിലല്ലാതെ മറ്റൊരിടത്തും പെരുന്നാൾ ആഘോഷിക്കാൻ മോശ ജനത്തെ അനുവദിച്ചിരുന്നില്ല.

9. എങ്കിൽ, എങ്ങനെയാണ് ജനതകളുടെ ഇടയിൽ ഇന്ന് ഇഷ്ടമുള്ളിടത്തെല്ലാം പെരുന്നാൾ ആഘോഷിക്കുന്നത്?

10. ദാനിയേൽ ബാബേലിൽ വച്ച് പെരുന്നാൾ ആഘോഷിച്ചില്ല. നുണയരെപ്പോലെ, പെരുന്നാൾ ആഘോഷിക്കാൻ അവൻ തുനിഞ്ഞില്ല.

11. അനുവദനീയമല്ലാത്തിടത്ത് ആഘോഷിക്കപ്പെടുന്ന പെരുന്നാൾ അശുദ്ധ പെരുന്നാളാണെന്ന് ദാനിയേൽ അറിഞ്ഞിരുന്നു.

12. പെരുന്നാൾ മാസമായ നീസാനിൽ ദാനിയേൽ മൂന്നാഴ്ച മുഴുവൻ ഉപവസിച്ചു.[100]

13. അവൻ തന്നെ പറഞ്ഞിരിക്കുന്നതുപോലെ, തന്റെ ഉപവാസകാലത്ത് അവൻ മാംസം ഭക്ഷിച്ചില്ല. അതുകൊണ്ട്, പെസഹാക്കുഞ്ഞാടിനെയും ഭക്ഷിച്ചില്ല.

14. കടന്നുപോകുന്ന കൂടാരത്തിനുവേണ്ടി മോശ, ആണ്ടിലൊരിക്കൽ

100. ദാനി.10,3


www.malankaralibrary.com

ബലിയർപ്പണത്തോടും പാനീയബലികളോടുംകൂടെ പ്രതിഷ്ഠാപ്പെരുന്നാൾ കൊണ്ടാടിയിരുന്നു.[101]

15. ബലിയർപ്പണത്തിനുള്ള കൽപ്പന എങ്ങനെ കിട്ടിയെന്ന് പഠിപ്പിക്കാനായി, മോശ മരുഭൂമിയിൽ അർപ്പണം നടത്തിയത് ആവശ്യമായിരുന്നു.

16. തനിക്കിഷ്ടമുള്ളിടത്ത് അർപ്പണം നടത്താനാകില്ലെന്ന് പഠിപ്പിക്കാനായി, അവൻ അർപ്പണം നടത്തുകയും നടത്താതിരിക്കുകയും ചെയ്തു.

17. ജനം മരുഭൂമിയിൽ അർപ്പണം നടത്തിയില്ല, അവർ അപ്രകാരം ചെയ്തില്ലെന്ന് പ്രവാചകൻ ഉച്ചത്തിൽ വിളിച്ചുപറയുന്നു:

18. 'നിങ്ങൾ നാൽപ്പതു വർഷത്തേക്ക് എനിക്ക് ബലികളോ, കാഴ്ചകളോ അർപ്പിച്ചുവോ?[102]

19. സത്യവചനം മാറ്റിമറിക്കാൻ ഒരാൾ ആഗ്രഹിച്ചാൽ, മോശ പറഞ്ഞ മറ്റൊരു വചനത്താൽ അവൻ ബന്ധിതനാണ്':

20. 'മരുഭൂമിയിൽ ചെയ്തതുപോലെ ആരും നാട്ടിൽ പ്രവർത്തിക്കരുത്'.[103]

21. 'നിന്റെ കർത്താവ് വസിക്കാൻ പോകുന്നിടത്ത് അർപ്പണം നടത്താൻ നിനക്ക് അനുവാദമുണ്ടായിരിക്കും'.[104]

22. പെരുന്നാളും ബലിയർപ്പണവും നടത്താൻ ജനത്തിന് ജറുസലേമിൽ മാത്രമേ അനുവാദം ഉണ്ടായിരുന്നുള്ളു.

23. അത്തിവൃക്ഷത്തിൽ നമ്മുടെ കർത്താവ് അതിന് ഒരു സൂചന നൽകി. അത്തിമരം ബലിയർപ്പണം ധരയിൽ കവർന്നെടുത്തു.

24. കാരണം, എല്ലാത്തരം മൃഗങ്ങളും ജറുസലേമിൽ മാത്രം ബലിയർപ്പിക്കപ്പെട്ടിരുന്നു.

25. അതിനുപകരം സജീവ ശരീരത്തിന്റെ സജീവബലി ഭൂമിമുഴുവൻ ഇപ്പോൾ അർപ്പിക്കപ്പെടുന്നു.

ഭാഗ്യവാനായ മാർ അപ്രേം രചിച്ച പുളിപ്പില്ലാത്ത അപ്പത്തിന്റെ ഇരുപത്തിയൊന്ന് ഗീതങ്ങൾ അവസാനിച്ചു.

101. സംഖ്യ 7,10.
102. ആമോ.5,25
103. ആവ.12,8
104. ആവ.12,11

www.malankaralibrary.com

## മാർ അപ്രേം

# ക്രൂശാരോഹണത്തെ പറ്റിയുള്ള ഗീതങ്ങൾ

## 1

### "ദൈവം തന്റെ കാരുണ്യത്താൽ" എന്ന രീതി

1. ഓ, ദാവീദിന്റെ കർത്താവ് കഴുതക്കുട്ടിയുടെ പുറത്തുകയറി സീയോൻ പുത്രിയുടെ പക്കലേക്ക് വന്നു.[1] അസൂയാർഹമാംവിധം മണവാളന്റെ മുമ്പിൽ ആഹ്ലാദാരവം ഉയർന്നു. എല്ലാ ഭാഗങ്ങളിൽ നിന്നും ഓശാനാവിളികൾ മുഴങ്ങുകയും ചെയ്തു. അവന്റെ മുമ്പിൽ അന്ധർക്ക് കണ്ണിന്റെ കാഴ്ച കിട്ടി; മുടന്തർ കുതിച്ചുചാടി നൃത്തം വച്ചു. ഈജിപ്തിൽ നിന്ന് സാറായുടെ പുത്രി പുറപ്പെട്ടപ്പോൾ ഉണ്ടായ ആഹ്ലാദാരവത്തെ അതിശയിക്കുന്നതായിരുന്നു നാട്ടുമ്പുറത്ത് സീയോൻപുത്രിയുടെ ആഹ്ലാദാരവം!

*പ്രതിസ്തോത്രം: സമസ്തപീഡകളും സഹിച്ച ആദ്യജാതൻ വാഴ്ത്തപ്പെട്ടവനാകുന്നു.*

2. സഹോദരരും സദ്വാർത്തയുടെ സന്തുഷ്ടസന്ദേശവാഹകരുമായ പെരുന്നാളും നീസാൻമാസവും പുത്രിയോടും അവളുടെ അമ്മയോടും ഓടിച്ചെന്ന് വിവരം അറിയിച്ചു: 'ഇതാ, മണവാളൻ വാതിൽക്കൽ നിൽക്കുന്നു. അവനെ എതിരേൽക്കാൻ പുറത്തേക്ക് വരിക'. അവൾ അവനെ കണ്ടു; എന്നാൽ അവൾക്ക് അവനെ ഇഷ്ടപ്പെട്ടില്ല. അവൻ പരിശുദ്ധനായതിനാൽ അവൾ രോഷാകുലയായി. അവൻ വിധിയാളനാകയാൽ അവൾ വിറച്ചു. അവൻ വിനീതനാകയാൽ അവൾ ആശ്ചര്യപ്പെട്ടു. തന്റെ മഹനീയകർമങ്ങൾ

1. സക്ക.9,9;മത്താ.21,4;യോഹ.12,15.


www.malankaralibrary.com

അവൻ ശാന്തമാക്കി. അവൻ ബലിഷ്ഠതയും ബലഹീനതയും കൂട്ടിക്കലർത്തി.

3. അവന്റെ സ്തുത്യർഹമായ സൗന്ദര്യത്തിൽ അവൾക്ക് സന്തുഷ്ടി ഉണ്ടായില്ല; വിശേഷിച്ച്, അവന്റെ സംശുദ്ധത അവളെ പീഡിപ്പിച്ചു. കാരണം, അവളുടെ അമ്മയെപ്പോലെ അവളും വ്യഭിചാരത്തിൽ തഴങ്ങിയിരുന്നു. നുണ പറയുന്ന ശീലത്തിൽ അവൾ തന്റെ അമ്മയെ കടത്തിവെട്ടിയിരുന്നു. 'അവൻ ഒരന്യനാണ്' എന്ന് പറയുന്നതു കൂടാതെ, സംശുദ്ധനെ കീഴടക്കാൻ മറ്റൊരു സാധ്യതയുമില്ലെന്ന് അവൾ അറിഞ്ഞിരുന്നു. വ്യഭിചാരികളുമായി കൂടാൻ അവൾ തന്ത്രപൂർവം തന്റെ മണവാളനെ സംശയിച്ചു.

4. കാളക്കുട്ടിമൂലം വഞ്ചനാപൂർവം സംഭവിച്ച അവളുടെ അമ്മയുടെ നിന്ദനം അവളുടെ വായിൽ ഇരിക്കുന്നു. അതിനോടുള്ള നിഗൂഢപ്രേമത്താൽ അവൾ ഞെരുങ്ങി. എന്നാൽ അതിനെ പരസ്യമായി ജയിക്കാൻ അവൾക്കു കഴിഞ്ഞില്ല. അവൾ തന്റെ തന്ത്രങ്ങളുടെ കലവറയിൽ കയറി, തനിക്കു പറ്റിയ ഒരവസരം അതിൽ നിന്ന് തെരഞ്ഞെടുത്തു. മോശയെ വഞ്ചിച്ചു കൊണ്ട്, വാർത്ത കാളക്കുട്ടിയെ അവൾ നിർമിക്കുകയും അതിലൂടെ ലജ്ജിതയാകുകയും ചെയ്തു.

5. ദുഷ്ക്കർമങ്ങളിൽ തന്ത്രശാലിയായ ആ അമ്മയുടെ ഛായ പതിപ്പിച്ച മകളും തന്റെ മണവാളനെ ഒരന്യനായും തന്റെ വരനെ വ്യഭിചാരിയായും കണക്കാക്കി. സത്യം വളച്ചൊടിച്ച് ജോസഫിനെതിരെ നിലവിളിച്ച യജമാനത്തിയെപ്പോലെ അവൾ നിലവിളിക്കുകയും ആരോപണം ഉന്നയിക്കുകയും ചെയ്തു. സത്യം വളച്ചൊടിച്ച് നിലവിളിക്കുന്നവർക്ക് സത്യസന്ധമായ വചനം നൽകുക!

6. അവനെ ന്യായവിസ്താരസ്ഥലത്ത് കൊല്ലുന്നതിനും തന്നെത്തന്നെ സ്നേഹിക്കുന്നതിനുമായി അവൾ അവനെ അവിടേക്കാനയിച്ചു. ഒരു ഹേറോദേസിന്റെ അസന്മാർഗിക നിലപാടനുസരിച്ച്, ആ നിഷ്ക്കളങ്കന്റെ[2] നിലപാടിനെ അവൾ വിമർശിച്ചു. തന്റെ നിലപാട് ജനം സ്വീകരിക്കാനായി അവൾ അവന്റെ വാതിൽക്കൽ പോയി നിലവിളിച്ചു. വ്യഭിചരിക്കാനും കൊല്ലാനുമായി-ഒന്നുകഴിഞ്ഞ് മറ്റൊന്നു ചെയ്യാൻ-അടക്കമൊതുക്കമുള്ളവളെപ്പോലെ തന്ത്രപൂർവം അവൾ ചക്രവർത്തിയിൽ അഭയം തേടി.

7. ജനതകളുടെ ഇടയിൽ അവളുടെ നിന്ദനം വലുതായിരുന്നു. കാരണം, ജനതകളുടെ ആ ഭരണകർത്താവ് തന്റെ കൈകൾ കഴുകി.[3] പിടിക്കാനും കൊല്ലാനുമുള്ള രണ്ടുകെണികൾ മറഞ്ഞിരിക്കുന്നതായി അവൻ കണ്ടു. ഹേറോദേസിനെപ്പോലെ അവൻ തന്റെ കൈകൾ മലിനമാക്കാനാ

2. പീലാത്തോസിന്റെ 3. മത്താ.27,24

www.malankaralibrary.com

യി, ഒരു രണ്ടാം ഹേറോദ്യാ ആയി അവൾ പീലാത്തോസിനെ പിന്തുടർന്നു. വേശ്യ, അവളുടെ മകളെപ്പോലെ, ഊണഭാരത്താൽ തന്നെത്തന്നെ നിറയ്ക്കാനായി, അവൻ തന്റെ കൈകൾ രക്തത്തിൽ നിന്ന് കഴുകി.

8. ഇരുട്ടിനെ സ്നേഹിക്കുന്ന പ്രവൃത്തികളുള്ള, ഇരുട്ടിന്റെ പുത്രിമാരായ അശുദ്ധസ്ത്രീകൾ ദീപം ദർശിക്കുകയും അതിനെ മറികടന്നുപോകുകയും ചെയ്തു. മകൾ അമ്മയെ കുരുക്കുപോലെ സഹായിച്ചു. അവൾ ദീപം ഊതിക്കെടുത്തി, വിജയിയായി എടുത്തുകൊണ്ടുപോയി. എങ്കിലും അവളറിയാതെ തന്നെ, അവളുടെ വിരലുകൾ വിളക്കുതണ്ടായിരുന്നു. അതിഥിസൽക്കാരത്തിൽ അവൾ ദീപം മേൽപ്പോട്ടുയർത്തി. ദീപം അവളെ അതിഥിസൽക്കാരത്തിൽ കുറേക്കൂടി വെളിപ്പെടുത്തി.

9. താൻ പ്രയോജനപ്പെടുത്തിയിരുന്ന ഇരുട്ടിനെ എപ്രകാരം സൂര്യൻ ആട്ടിയോടിക്കുകയും, തന്റെ  ലജ്ജാകര കർമങ്ങൾ സംരക്ഷിക്കുകയും വ്യാപിപ്പിക്കുകയും ചെയ്തിരുന്ന അന്ധകാരത്തെ ചുരുട്ടിവലിച്ചുമാറ്റുകയും ചെയ്തെന്നു കണ്ട് ഇപ്പോൾ മറ്റവൾ പ്രകാശത്തിൽ വെളിച്ചത്തുവന്ന തന്റെ രഹസ്യങ്ങളെപ്പറ്റി ലജ്ജിച്ചു. കുരിശുമരത്തിലൂടെ പ്രകാശത്തെ ഊതിക്കെടുത്താൻ ആഗ്രഹിച്ചെങ്കിലും, അതിന്റെ കിരണങ്ങൾ എല്ലാ മനുഷ്യരിലും വ്യാപിക്കാനായി അവൾ അതിനെ മരത്തിന്മേൽ ഉയർത്തി.[4]

10. സൂര്യനും ഗോഗുൽത്തായിൽ പ്രകാശിച്ച ശക്തനായ മറ്റേ സൂര്യനെ കണ്ടു. ഈ ദൃശ്യസൂര്യൻ അദൃശ്യസൂര്യനെ ചൂണ്ടിക്കാണിക്കാനായി, അവന്റെ കിരണങ്ങൾ തട്ടി, തന്നെത്തന്നെ മൂടി. വ്യഭിചാരിണി തന്നെത്തന്നെ കൂടുതൽ വിവസ്ത്രയാക്കുകയും തന്റെ കൈകൾകൊണ്ട് നെഞ്ചത്തിടിക്കുകയും തന്റെ വായ് ഹാ, കഷ്ടം കൊണ്ട് നിറയ്ക്കുകയും ചെയ്തു. കുരിശിൽ ഉയർത്തപ്പെട്ട പ്രകാശത്തിന്റെ മുമ്പിൽ[5] തന്റെ രഹസ്യങ്ങൾ വെളിപ്പെട്ടതിനാൽ, അവൾ കിടിലംകൊണ്ടു.

11. ചക്രവർത്തിയോട് ലജ്ജാരഹിത പറ്റിച്ചേർന്നു; അവനെ പേരു ചൊല്ലി വിളിച്ചു. എന്നാൽ അവൻ അവളെ ശ്രവിച്ചില്ല. അന്യന്റെ നാമത്തിൽ അവൾ തന്നെത്തന്നെ മൂടുകയും പാവനമിശിഹായുടെ നാമം തന്നിൽ നിന്ന് ദൂരെ എറിയുകയും ചെയ്തു. വിജാതിയനേതാക്കന്മാർ അവളെ നിന്ദിക്കുന്നെന്നു കണ്ടപ്പോൾ, അവളോട് പൂർണമായി ബന്ധത്തിലായിരുന്നവനും അവളോട് എല്ലാവിധത്തിലും സദൃശ്യനുമായ കള്ളനെ വിട്ടുകിട്ടാൻ അവൾ അപേക്ഷിച്ചു. അവനാൽ അവൾ പൂർണമായി മുദ്ര കുത്തപ്പെട്ടിരുന്നു.

12. മോഷ്ടാക്കൾ പരസ്പരം കാണുകയും അഭിവാദ്യം ചെയ്യുകയും ചെയ്തു. അവരുടെ സ്നേഹം ഉത്തേജിതമാകുകയും അന്യോന്യം ഒഴുകു

4. യോഹ.8,28    5. യോഹ.12,32;3,14


www.malankaralibrary.com

കയും ചെയ്തു. അവൻ കച്ചവടക്കാരനെതിരെ വാളൂരി; അവളാകട്ടെ, തന്റെ എല്ലാ നീതിമാന്മാർക്കുമെതിരെ നീട്ടി. അവൻ അജ്ഞനെപ്പോലെ മരുഭൂമിയിൽ കൊള്ള നടത്തി; ബുദ്ധിമതിയായ അവൾ അവളുടെ ആലയത്തിൽ കവർച്ചനടത്തി. നീണ്ട പ്രാർഥനകളിൽ അവൾ തന്നെത്തന്നെ മൂടുകയും വസ്ത്രം ധരിച്ചിരിക്കുന്നവന്റെയെല്ലാം വസ്ത്രം കവർന്നെടുക്കുകയും ചെയ്തു.[6]

13. സാധാരണക്കാരനായ കള്ളൻ ഒരർഥിയെപ്പോലെ സാധാരണക്കാരായ ചെറുപ്പക്കാരെക്കൊണ്ട് മോഷ്ടിക്കുന്നു. കവർച്ചക്കാരുടെ യജമാനത്തിയായ അവൾ മ്ലാനമായ ഉപവാസത്താൽ വളരെ പ്രശോഭിതയായിരുന്നു. ഉപവസിച്ച് അനാഥരെയും വിധവകളെയും അവൾ വിഴുങ്ങി. ദരിദ്രരെയും അവരുടെ സമ്പാദ്യങ്ങളെയും തട്ടിയെടുക്കാൻ, അവർക്കൊരു വലയായിത്തീരാൻ, കൗശലപൂർവം അവൾ ദരിദ്രർക്ക് ദാനവും കൊടുക്കുന്നു.

14. പരസ്യമായി തന്റെ മണവാളനെ വധിക്കാൻ അവൾ തിടുക്കം കൂട്ടി. കവർച്ചക്കാരനെ പരസ്യമായി ആലിംഗനം ചെയ്യാൻ അവൾ തിടുക്കം കൂട്ടി. പരസ്യമായി വ്യഭിചരിക്കാനും കൊല്ലാനും അവൾ ലജ്ജിക്കാത്തതിനാൽ, അവളുടെ ലജ്ജാരാഹിത്യം മൃഗങ്ങളുടേതിനെ കവച്ചുവയ്ക്കുന്നു. അവൾ അവളുടെ അമ്മയ്ക്ക് തുല്യയാണ്. അവൾ എഴുപത് വൃദ്ധരുടെ മുമ്പാകെ അത്യുന്നതനെ നിഷേധിച്ചുപറയുകയും[7] പാവനമായ മേഘത്തൂണിന്റെ കീഴിൽ പരസ്യമായി അശുദ്ധി പ്രവർത്തിക്കുകയും ചെയ്തു.

15. മരുഭൂമിയിൽ അവളുടെ അമ്മ വിഭ്രാന്തി പിടിച്ചവളായിരുന്നെങ്കിലും, വിശുദ്ധനെ എത്തിപ്പിടിക്കാൻ അവളുടെ കരങ്ങൾക്ക് കഴിഞ്ഞില്ല. കാരണം, അവളുടെ കരങ്ങൾ ചെറുതായിരുന്നു. അതിനെ എത്തിപ്പിടിക്കാൻ അവൾ തന്റെ നിന്ദ്യവചനങ്ങൾ വിപുലമാക്കി. അതിന്റെ പ്രകൃതവും അതിന്റെ സ്ഥലവും വേശ്യയെ കീഴടക്കി. കാരണം, അതിന്റെ സ്ഥലം ഉയരത്തിലും അതിന്റെ പ്രകൃതം സംശുദ്ധവുമായിരുന്നു. മനുഷ്യന് അതിന്റെ ഉയരത്തെ കടന്നാക്രമിക്കാനാവില്ല. അതിനെ സ്പർശിക്കാനോ എത്തിപ്പിടിക്കാനോ അവനു കഴിവില്ല.

16. നിഗൂഢനും അദൃശ്യനുമായ ദൈവത്തിന്റെ മറഞ്ഞിരിക്കുന്ന തേജസ്സിനു പകരം ദൃശ്യമായ വിഗ്രഹരൂപം അവളുടെ നയനം മോഹിച്ചു. അദൃശ്യമായതിനേക്കാൾ ദൃശ്യമായത് കാക്ഷിക്കുന്ന അവളുടെ ബലഹീനത ദൈവം ദർശിച്ചു. അവൾ മോഹിച്ചത് അവൻ അവൾക്ക് നൽകി. അവൻ തന്റെ പ്രിയപുത്രനെ അയച്ചു. അവൻ തന്റെ സ്നേഹത്താൽ ദൃശ്യനായിത്തീർന്നു. അവനെ പരസ്യമായി കാണാൻ അവൾക്ക് കഴിയുന്നതിനും ദൃശ്യ

6. മർക്കോ.12,40 7. പുറ.24,1.9

www.malankaralibrary.com

വിഗ്രഹങ്ങൾക്കുപകരം അദൃശ്യദൈവത്തെ വെച്ചുമാറാൻ സാധിക്കുന്നതിനുമായി, അവൻ വന്ന് ഒരു ശരീരം ധരിച്ചു.

17. ഭ്രാന്തർ അന്യദേവന്മാരെ ഇഷ്ടപ്പെട്ടു. എല്ലാറ്റിലും നിന്ദ്യനാണ് അവളുടെ മുമ്പിൽ അവളുടെ ഭർത്താവ്! അവളുടെ വരൻ തന്റെ സ്നേഹത്തിൽ അവളെ സ്വീകരിച്ചു. എന്നാൽ കുപ്രസിദ്ധയായ ആ അശുദ്ധയുടെ ദൃഷ്ടിയിൽ എല്ലാത്തരത്തിലുമുള്ള സത്യം വളരെ നിന്ദ്യമാണ്. അവൻ ഉന്നതനാണ്; അവൾ അവനെ മോഹിച്ചില്ല. അവൻ ചെറുതായി, അവൾ അവനെ സ്നേഹിച്ചില്ല. അവൻ അദൃശ്യനായിരുന്നു, അവൾ അവനെ വെച്ചുമാറി. അവൻ ദൃശ്യനായി, അവൾ അവനെ നിരസിച്ച് കൊന്നുകളഞ്ഞു.

# 2

## "ശിശുക്കൾ കൊല്ലപ്പെട്ടു" എന്ന രീതി

1. ഓ, ഈജിപ്തിൽ ദൃശ്യകുഞ്ഞാടിനെ വെട്ടിയ അദൃശ്യകുഞ്ഞാട്! അവൻ മോശയ്ക്ക് വടി നൽകി, അവൻ അതുകൊണ്ട് മൂത്ത അജഗണത്തെ മേയിച്ചു. വൃദ്ധൻ മൂത്ത അജഗണത്തെ മേയിച്ചു, കുഞ്ഞാട് രണ്ടിനെയും മേയിച്ചു. കുഞ്ഞാട് മേയുകയും മേയിക്കുകയും ചെയ്തു. അത് തന്റെ അജഗണത്തിന്റെ ഇടയനാണ്. കുഞ്ഞാട് അജഗണത്തെ മേയിച്ചു, അജഗണം കുഞ്ഞാടിനെ മേയിച്ചു.

*പ്രതിസ്തോത്രം: തന്റെ അജഗണങ്ങളെ മേയിച്ച കുഞ്ഞാട് വാഴ്ത്തപ്പെട്ടതാകുന്നു.*

2. യിത്രോയുടെ ഭവനത്തിൽ വച്ച് മോശ നിരവധി ആടുകളെയും കുഞ്ഞാടുകളെയും കൊന്നിട്ടുണ്ട്. അവൻ അത് പഠിച്ചിട്ടുണ്ടെങ്കിലും, ഒരു കുഞ്ഞാടിനെ കൊല്ലുന്നത് എങ്ങനെയാണെന്ന് അവന് അറിവില്ലായിരുന്നു. അവൻ എങ്ങനെ തന്റെ പ്രതീകം രൂപീകരിക്കണമെന്ന് നമ്മുടെ കുഞ്ഞാട് അവനെ പഠിപ്പിച്ചു. എങ്ങനെ കൊല്ലണമെന്നും രക്തം തളിക്കണമെന്നും വറുക്കണമെന്നും തിന്നണമെന്നും അർപ്പിതവസ്തു അർപ്പകനെ പഠിപ്പിച്ചു. തന്നെ ഭക്ഷിക്കുന്നവനെ പഠിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

3. തന്റെ മുൻകുറി വഹിക്കുന്ന അജഗണത്തിലെ കുഞ്ഞാടിൽ, എങ്ങനെ തന്റെ പ്രതീകം ചിത്രീകരിക്കണമെന്ന് അജഗണത്തോടൊപ്പം പ്രായമായ ഇടയനെ പുതിയ കുഞ്ഞാട് പഠിപ്പിച്ചു. ഭക്ഷിക്കുന്നവരുടെ ഉള്ളിലേക്ക് തന്റെ ദുഃഖം കടക്കുന്നതിന്, കയ്പുചീര എടുക്കാൻ അത്

കൽപ്പിച്ചു.[8] കുഞ്ഞാടിന്റെ അസ്ഥികളൊന്നും ഒടിക്കരുതെന്ന് അതിനെ കൊല്ലുന്നവർക്ക് അത് താക്കീത് നൽകി.[9] കാരണം, നുറുങ്ങിപ്പോയവ കൂട്ടിച്ചേർക്കുന്നവനാണവൻ. എല്ലാ മുറിവുകളും വച്ചുകെട്ടുന്ന കർത്താവിന് കൃതജ്ഞത!

4. അത് ജലത്തിൽ പാകം ചെയ്യാൻ പാടില്ലെന്ന് കുഞ്ഞാട് മോശയെ പഠിപ്പിച്ചു.[10] കാരണം, മാംസം കോർക്കുന്ന കമ്പി തന്റെ കുരിശുമരത്തിന്റെ ഒരടയാളമാണ്! പൊരിച്ച മാംസം തന്റെ ശരീരത്തിന്റെ ഒരു പ്രതീകവും! വീണ്ടും, നമ്മുടെ സാധാരണ കാലിക ഭക്ഷണംപോലെ അത് നിന്ദിക്കപ്പെടാതിരിക്കാൻ, ഭക്ഷിക്കുന്നവർ ഒന്നും അവശേഷിപ്പിക്കരുതെന്നും അത് കൽപ്പിച്ചു.[11] ജീവൗഷധമായി അത് പവിത്രമാണ്. തന്റെ പ്രതീകം പ്രകാശിതമാക്കിയ കുഞ്ഞാട് വാഴ്ത്തപ്പെട്ടതാകുന്നു.

5. നവീനത്വത്തിന്റെ പ്രതീകം രൂപീകരിക്കാൻ, തന്റെ പ്രതീകം പുളിപ്പില്ലാത്ത അപ്പത്തിന്റെ കൂടെ-പുതിയ അപ്പവും പുതിയ മാംസവും-ഭക്ഷിക്കണമെന്ന് കുഞ്ഞാട് കൽപ്പിച്ചു.[12] എല്ലാവരെയും പഴയതാക്കുന്ന ആ പഴയത്, ഹവ്വായുടെ പുളിപ്പ്, അകത്തു കടന്നിരുന്നതിനാൽ, എല്ലാവരും വൃദ്ധരും ദുർബലരും ആയിത്തീർന്നു. എല്ലാവരെയും നവീകരിക്കുന്ന പുളിപ്പില്ലാത്ത അപ്പം, എല്ലാവരെയും പഴയതാക്കുന്ന പുളിപ്പ് പ്രവർത്തനക്ഷമം അല്ലാതാക്കി. എല്ലാവരെയും നവീകരിച്ച അപ്പം വാഴ്ത്തപ്പെട്ടതാകുന്നു.

6. ആരും ഇരുന്നുകൊണ്ട് ഭക്ഷിക്കരുതെന്ന് സത്യകുഞ്ഞാട് പ്രതീകാത്മകവും കാലികവുമായ ആടിനെ സംബന്ധിച്ച് കൽപ്പന നൽകുക കൂടി ചെയ്തു.[13] തന്റെ വിശുദ്ധ ശരീരത്തിന്റെ ഒരു പ്രതീകം! കാരണം, ആരുടെ മുമ്പിൽ സ്രാപ്പേന്മാർ വിറയ്ക്കുകയും തങ്ങളുടെ മുഖം മറയ്ക്കുകയും ചെയ്യുന്നുവോ, അവനെ ഇരുന്നുകൊണ്ട് ഭക്ഷിക്കാൻ ആരാണ് ഇഷ്ടപ്പെടുക! സ്വീകരിക്കുന്നവരേ, ഭയക്കുകയും നിങ്ങളെത്തന്നെ പവിത്രീകരിക്കുകയും ചെയ്യുവിൻ. തന്റെ പാവന പ്രതീകത്തെപ്പറ്റി പഠിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

7. തന്റെ ഇടയന്മാരെയും തന്റെ കൊലയാളികളെയും തെരഞ്ഞെടുക്കുകയും, തന്റെ പ്രതീകമായ മുട്ടാടിനെ കൊല്ലാൻ അബ്രഹാമിന് കൊലക്കത്തി നൽകുകയും ചെയ്ത സജീവകുഞ്ഞാടിനെ വന്നുകാണുവിൻ. അത് തന്റെ പ്രതീകത്തെ കൊല്ലുകയും തന്റെ മുൻകുറിയെ രക്ഷിക്കുകയും ചെയ്തു. അത് കുഞ്ഞാടിനെ രക്ഷിക്കുകയും മുട്ടാടിനെ കൊല്ലുകയും

8. പുറ.12,8 9. സംഖ്യ 9,12;യോഹ.19,36.

10. പുറ.12,9 11. പുറ.12,16

12. പുറ.12,8 13. പുറ.12,11

www.malankaralibrary.com

ചെയ്തു.[14] പ്രതീകങ്ങളുടെ പൂർത്തീകരണമാകാനായി തന്റെ പ്രതീകത്തിലൂടെ അത് തന്റെ മുൻകുറിയെ രക്ഷിച്ചു. വന്ന് പ്രതീകങ്ങൾ പൂർത്തീകരിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

8. ഈ പുരാതനകുഞ്ഞാട്, ആദ്യജാതന്മാരിൽ ഒന്നാമനായ പുരാതന ഇടയനെ തനിക്കായി തെരഞ്ഞെടുക്കുകയും തന്റെ ചില സാദൃശ്യങ്ങൾ അവനിൽ വർഷിക്കുകയും തന്റെ ചില ചിത്രങ്ങൾ അവനിൽ കൊത്തിവയ്ക്കുകയും ചെയ്തു. തന്റെ കൊലയുടെ ഛായകൾ അവൻ അവന്റെ മേൽ വിരിച്ചു. ഹാബേൽ ഒരേസമയം ഇടയനും അർപ്പിതവസ്തുവും ആയിരുന്നതുപോലെ, ഇടയൻ എന്ന അവസ്ഥയും അർപ്പിതവസ്തുവും, നമ്മുടെ ഇടയനും നമ്മുടെ അർപ്പിതവസ്തുവും ആയിരുന്നവൻ തന്റെമേൽ വച്ചു. തന്റെ സ്വന്തം പ്രതീകങ്ങൾ രൂപീകരിച്ച നിനക്ക് സ്തുതി!

9. ഒരു കുഞ്ഞാട് മറ്റൊരു കുഞ്ഞാടിനെ അർപ്പിക്കാനായി, അവൻ തന്നെ മുമ്പേ നിഷ്ക്കളങ്കനായിരിക്കുന്നതിന് നമ്മുടെ കുഞ്ഞാട് ഹാബേലിനെ പഠിപ്പിച്ചു. ആദ്യം അവൻ തന്നെത്തന്നെ അർപ്പിക്കണമായിരുന്നു; പിന്നീട് മറ്റൊരു കുഞ്ഞാടിനെയും. അവിടെ സംഭവിച്ചത് മഹാത്ഭുതമായിരുന്നു. അർപ്പിച്ചവൻ ഒരു കൂഞ്ഞാടായിരുന്നു. അർപ്പിക്കപ്പെട്ടതും ഒരു കുഞ്ഞാടായിരുന്നു. അത് സ്വീകരിച്ചവനും ഒരു കുഞ്ഞാടായിരുന്നു. ദൈവത്തിന്റെ കുഞ്ഞാടിന് നന്ദി!

10. എല്ലാ തലമുറകളിലും തന്റെ നീതിമാന്മാരുടെ മരണപ്രതീകങ്ങളിൽ ആദ്യജാതന്മാർ നിഗ്രഹിക്കപ്പെട്ടു. തന്നെപ്പറ്റി വിളിച്ചുപറയുന്ന ഗ്രന്ഥങ്ങളിൽ അറിയിപ്പുകാരനായി പ്രവാചകന്മാരിൽ കുഞ്ഞാട് ഉണ്ടായിരുന്നു. സംഭവിക്കാൻ പോകുന്നത് അകലെ ആയിരുന്നപ്പോഴും, അടുത്തായിരുന്നു. തന്റെ ദാസന്മാർ തന്റെ പ്രവൃത്തികൾ അനുധാവനം ചെയ്ത നാമത്തിൽ നേരത്തെ പൊതിയപ്പെട്ടിരുന്നു. തലമുറകൾ തന്റെ നാമങ്ങളിൽ ചിലത് നേരത്തേ വായിക്കുന്നതിനായിരുന്നു അത്. തന്റെ പ്രവാചകരെ പ്രഖ്യാപിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

# 3

## “എഫ്രാതാ, നിനക്കു ഭാഗ്യം” എന്ന രീതി (1)

1. എഴുതപ്പെട്ടിരിക്കുന്നതുപോലെ പതിന്നാലാം തീയതി ഏതാണ്ട് സന്ധ്യാസമയത്ത് പെസഹാക്കുഞ്ഞാടിനെ കൊന്നിരുന്നു.[15] അവന്റെ സമയം

14. ഉൽപ.22,13. 15. ലേവ്യ.23,5


www.malankaralibrary.com

അവനു മുമ്പേ പ്രവചിക്കപ്പെട്ടിരുന്നു എന്നതിൽ, അവനുവേണ്ടി ഒരച്ചാരം മുൻകൂട്ടി ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. പൂർത്തീകരിക്കപ്പെട്ടതുപോലെ, കൊല്ല പ്പെട്ട സത്യകുഞ്ഞാടിന്റെ സമയം നമ്മെ അത് പഠിപ്പിക്കുന്നു. പതിന്നാലാം തീയതി[16] രണ്ടു ഗോളങ്ങളും പൂർണതയിൽ ആയിരുന്നപ്പോൾ, അവൻ കൊല്ലപ്പെട്ടു.

*പ്രതിസ്തോത്രം: തന്റെ പ്രതീകങ്ങൾ അറിയിച്ചവൻ വാഴ്ത്തപ്പെട്ടവ നാകുന്നു.*

2. അവസാന സന്ധ്യയേ, നീയും ഭാഗ്യവതിയാകുന്നു. കാരണം, ഈജി പ്തിന്റെ അന്ത്യം നിന്നിൽ പൂർത്തീകരിക്കപ്പെട്ടു. നമ്മുടെ കർത്താവ് നിന്റെ സമയത്ത് ചെറിയ പെസഹാ ഭക്ഷിക്കുകയും താൻ തന്നെ വലിയ പെസഹാ ആയിത്തീരുകയും ചെയ്തു. പെസഹായെ പെസഹായുമായി കൂട്ടിക്കലർത്തി, പെരുന്നാളിനെ പെരുന്നാളുമായി ബന്ധിച്ചു. കടന്നുപോയ ഒരു പെസഹാ, കടന്നുപോകാത്ത മറ്റേ പെസഹാ: പ്രതീകവും പൂർത്തീകരണവും.

3. ഓ, മാളികമുറിയേ, നീ ഭാഗ്യവതിയാകുന്നു. കാരണം, ഇരുവശ ങ്ങൾക്കും വേണ്ടി നിന്നിൽ സത്യത്തിന്റെ ത്രാസ് സ്ഥാപിച്ചിരിക്കുന്നു. രണ്ടു പെസഹാകളും രണ്ടു കുഞ്ഞാടുകളും രണ്ട് ഉടമ്പടികളും അവിടെ ഉണ്ടാ യിരുന്നു. യൂദജനം തങ്ങളുടെ പെസഹായ്ക്ക് തുല്യമായിരുന്നു. കടന്നുപോ കുന്ന ഒരു കുഞ്ഞാട്; ആ കാലം കടന്നുപോയതുപോലെ, ആ ജനവും കട ന്നുപോയി. ജനതകളുടെ രക്ഷ സത്യമാണ്; കാരണം, കടന്നുപോകാത്ത താണ് ആ കുഞ്ഞാട്.

4. ഓ, മാളികമുറിയേ, നീ ഭാഗ്യവതിയാകുന്നു. കാരണം, അയക്ക പ്പെട്ട രണ്ടു ശിഷ്യന്മാർ വന്ന് തന്റെ അത്താഴത്തിനുവേണ്ടി നിന്നെ ചൂണ്ടി ക്കാട്ടി.[17] സോളമൻ നിർമിച്ച ആലയവും ഹേറോദേസിന്റെ കൊട്ടാരവും ഉപേ ക്ഷിക്കപ്പെട്ടു. അവൻ പരിശുദ്ധി തെരഞ്ഞെടുത്തു, അത് നിന്നിൽ അവൻ ദർശിച്ചു. അവൻ സംശുദ്ധത തെരഞ്ഞെടുത്തു, അത് നിന്നിൽ അവൻ കണ്ടെ ത്തി. നിന്റെ വിശ്വാസത്തിന്, നിന്റെ സേവനത്തിന്റെ പ്രതിഫലമായി, തന്റെ അനുഗ്രഹത്തിന്റെ ബാക്കി അവൻ നൽകി.

5. ഓ, നീതിമാന്റെ സ്ഥലമേ, നീയും വാഴ്ത്തപ്പെട്ടതാകുന്നു! എന്നാൽ നമ്മുടെ കർത്താവ് തന്റെ ശരീരം മുറിച്ച മാളികമുറി, അവൻ നിറച്ച ചെറിയ മുറി, സൃഷ്ടി മുഴുവനും കണ്ണാടിയായിത്തീർന്നു. സ്തുത്യർഹമായ മലയിൽനിന്ന് മോശയിലൂടെ ചെറിയ ഉടമ്പടി നൽകപ്പെട്ടു. വലിയ ഉടമ്പടി ചെറിയ വസതിയിൽ നിന്നുത്ഭവിച്ച് ഭൂമി മുഴുവൻ നിറഞ്ഞു.

---

16. പുറ.30,8;പതിനഞ്ചാംതീയതി എന്ന് ടെക്സ്റ്റിൽ.

17. മർക്കോ. 14,13

www.malankaralibrary.com

6. മോശ പ്രവർത്തിച്ചവയെല്ലാം വെറും സൂചനകൾ ആയിരുന്നതിനാൽ, ബലഹീനമായിരുന്നു. അവ അവയുടെ പൂർത്തീകരണത്തിൽ എത്തുന്നതുവരെ നിരസിക്കപ്പെടാതെ വളർന്നുവരാനാണ് നടപ്പാക്കിയത്. ബലഹീനതയുടെ വസ്ത്രം കൂടാതെ തന്റെ സ്തുത്യർഹപ്രകൃതി സൃഷ്ടികൾക്ക് കാണാൻ കഴിയാത്തതിനാൽ, നമ്മുടെ രക്ഷകൻ ചെയ്ത മഹാകർമങ്ങൾ ചെറുതായിത്തീർന്നു.

7. മാലാഖയ്ക്കുവേണ്ടി ഒരു കാളക്കുട്ടിയുമായി അബ്രഹാം വന്നപ്പോൾ,[18] നിന്നിൽ അവൻ കർത്താവിനെ കണ്ടു. പുത്രൻ തൂവാല അരയിൽ ചുറ്റി, അവനെ ഒറ്റിക്കൊടുത്ത കള്ളന്റെയും പാദത്തിലെ അഴുക്ക് പാത്രത്തിലെ വെള്ളത്തിൽ കഴുകിയതു കണ്ടപ്പോൾ,[19] സ്രാപ്പേന്മാർ വിറച്ചു. അവന്റെ ദൃശ്യകർമങ്ങൾ നിഷേധിക്കുന്ന എല്ലാ വായ്കളും ചെറുതാണ്, എല്ലാ നാവുകളും ബലഹീനമാണ്.

8. യോജിപ്പിന്റെ പ്രതീകമായി നമ്മുടെ കർത്താവ് പാത്രത്തിലെ വെള്ളത്തിൽ സഹോദരങ്ങളുടെ ശരീരങ്ങൾ കഴുകി വെടിപ്പാക്കി. പ്രതീകാത്മകമായി ഒരവയവം വേർപെടുകയും ചെയ്തു. തന്നത്താൻ വെട്ടിമുറിച്ച് അവൻ പരിത്യക്തനായി. സ്നാനജലത്തിനുള്ളിൽ ക്രിസ്തു നമ്മെ നവരീതിയിൽ ഒന്നിച്ചുചേർത്തു. അവന്റെ സ്നേഹത്തോടാണ് കലഹിക്കുന്നതെന്ന് മനസ്സിലാക്കാതെ, തങ്ങൾക്കെതിരായിത്തന്നെ തർക്കിക്കുന്ന, വേർപെട്ട അവയവങ്ങളാകാതിരിക്കട്ടെ നാമോരോരുത്തരും!

9. ഓ, സൃഷ്ടി മുഴുവനുമായി തട്ടിച്ചു നോക്കുമ്പോൾ, വളരെ ചെറുതായ മാളികമുറിയേ, നിനക്കു ഭാഗ്യം. നിന്നിൽ സംഭവിച്ചതുകൊണ്ട് സൃഷ്ടി മുഴുവൻ നിറഞ്ഞിരിക്കുന്നു. സൃഷ്ടി അതിനു വളരെ ചെറുതാണ്. അനുഗ്രഹിക്കപ്പെട്ട പാത്രത്തിൽ നിന്നുള്ള അപ്പം മുറിക്കപ്പെട്ട നിന്റെ ഭവനം വാഴ്ത്തപ്പെട്ടതാകുന്നു. മറിയത്തിൽ നിന്നുള്ള മുന്തിരിക്കുല, സൗഖ്യദായക കാസാ, നിന്നിലാണ് പിഴിയപ്പെട്ടത്.

10. ഓ, മാളികമുറിയേ, നിനക്ക് ഭാഗ്യം. കാരണം, നീ കണ്ടത് ഒരു മനുഷ്യനും കണ്ടിട്ടില്ല, കാണുകയുമില്ല. നമ്മുടെ കർത്താവ് സത്യബലിപീഠം ആയിത്തീർന്നു: പുരോഹിതനും അപ്പവും സൗഖ്യദായക കാസായും. അവൻ തന്നിൽ ഇതെല്ലാം ഉൾക്കൊണ്ടു. മറ്റൊരുവൻ അവനെ മനസ്സിലാക്കുക അസാധ്യമാണ്. ബലിപീഠവും കുഞ്ഞാടും, അർപ്പിതവസ്തുവും അർപ്പിക്കുന്ന പുരോഹിതനും, പുരോഹിതനും അർപ്പകന്റെ ഭക്ഷണവും!

11. മാളികമുറിയേ, നിനക്ക് ഭാഗ്യം! കാരണം, നിന്നിൽ പെസഹാക്കുഞ്ഞാട് സത്യകുഞ്ഞാടിന്മേൽ വന്നുപതിച്ചു. ക്ഷീണിച്ച പ്രതീകം വിശ്രമി

18. ഉൽപ.18,8  19. യോഹ.13,4.5;12,6


www.malankaralibrary.com

ക്കാനായി വിശ്രമസ്ഥലത്തേക്ക് കടന്നുവരികയും അവിടെ തന്റെ ലക്ഷ്യം കണ്ടെത്തുകയും ചെയ്തു. അതുല്യമായ പെസഹാ പുറപ്പെട്ട നിന്റെ ഗേഹം വാഴ്ത്തപ്പെട്ടതാകുന്നു. കാലികകുഞ്ഞാട് തന്റെ കർതൃത്വം എടുത്ത് ദൈവത്തിന്റെ കുഞ്ഞാടിന് നൽകി.

12. മാളികമുറിയേ, നിനക്കു ഭാഗ്യം! കാരണം, നിന്റേതുപോലൊരു മേശ രാജാക്കന്മാരുടെ ഇടയിൽ ഒരിക്കലും സജ്ജമാക്കപ്പെട്ടിട്ടില്ല. കാഴ്ചയപ്പം സൂക്ഷിച്ചിരുന്ന അതിവിശുദ്ധ കൂടാരത്തിലും ഇല്ലായിരുന്നു. ആദ്യമായി നിന്നിൽ ആ അപ്പം മുറിക്കപ്പെട്ടു. എന്തുകൊണ്ടെന്നാൽ ഓ, മാളികമുറിയേ, നീ അവന്റെ പള്ളിയായിത്തീർന്നു. തന്റെ അർപ്പണത്തിലൂടെ ആദ്യത്തെ ബലിപീഠം ആദ്യമായി നിന്നിൽ കാണപ്പെട്ടു.

13. മാളികമുറിയേ, നിനക്കു ഭാഗ്യം! കാരണം, സഹോദരസമൂഹം നിന്നിൽ പുത്രനെ വലയം ചെയ്തു. ബ്രഹ്മചാരിയായ ഒരാൾ വിശിഷ്ടകുസുമം ആയിരുന്നു. അതിന്റെ സൗരഭ്യത്താൽ തന്റെ മാറിൽ ചാരിക്കിടക്കാൻ അതിനു കഴിഞ്ഞു.[20] എല്ലാവരും സ്തുത്യർഹ കുസുമങ്ങളായിരുന്നു. എങ്കിലും സംശുദ്ധകുസുമം ബഹുമാനിതമായി. നാറുന്ന കള അവിടെനിന്ന് പുറത്തേക്ക് പോയി. അവനോടൊപ്പം അവന്റെ ദുർഗന്ധവും.

14. ഓ, മാളികമുറിയേ, വരാൻ പോകുന്ന ആ പുതിയ വേർപിരിയലും നിന്നിൽ സൂചിതമായി. ഇരുട്ടിന്റെ സന്തതി രാത്രിയിൽ പുറപ്പെട്ടുപോകുകയും അവനുചേർന്ന ഇരുട്ടിന്റെ വസ്ത്രം ധരിക്കുകയും ചെയ്തു. കോലാടുകളുടെ തലവനായ അവൻ കറുത്തത് ഇഷ്ടപ്പെടുകയും എഴുന്നേറ്റ് പുറത്തേക്ക് പോകുകയും ചെയ്തു. പിന്നെ തിരികെ വന്നതേയില്ല. ന്യായവിധിയിൽ അവന്റെ ബന്ധുക്കളായ കോലാടുകൾ, പ്രകാശത്തിന്റെ കുഞ്ഞാടുകളിൽ നിന്ന് വേർതിരിക്കപ്പെടും.[21]

15. നിഗൂഢമായിരുന്ന രഹസ്യം, അവനു നൽകിയ ദൃശ്യഅപ്പത്തിലൂടെ, നിന്നിൽ വെളിവാക്കപ്പെട്ടു. അവിടുന്ന് അവനെ എത്രയധികം സ്നേഹിച്ചിരുന്നു എന്നു കാണിക്കാൻ അവൻ അത് മറച്ചുവച്ചിരുന്നു. അവിടുത്തേക്ക് അവനെ അറിയാമായിരുന്നെന്ന് അറിയപ്പെടാൻ, അവിടുന്ന് വെളിപ്പെടുത്തി. അവൻ മറച്ചുവയ്ക്കുകയും താൻ ശ്രദ്ധിക്കുന്നില്ലെന്ന് അവനെ വിശ്വസിപ്പിക്കുകയും ചെയ്തു. അവൻ എത്രമാത്രം കൃതഘ്നൻ ആയിരിക്കുമെന്ന് അവൻ ആരോപിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്തു. 'അത് നീയാണ്' എന്നു പറയാതെ, 'നീ അതു പറഞ്ഞല്ലോ' എന്ന് ഉച്ചരിച്ച ശാന്തൻ![22]

16. ഓ, മാളികമുറിയേ, ശിഷ്യന്മാർ കേട്ടതിനെ സംബന്ധിച്ച് അവരുടെ ഇടയിലുണ്ടായ വിക്ഷോഭം നിന്നിൽ സംഭവിച്ചു. ആ പന്ത്രണ്ടുപേർക്കു

20. യോഹ.13,23 21. മത്താ. 25,32 22. മത്താ.26,25

www.malankaralibrary.com

ണ്ടായ നിലവിളി പോലൊന്ന് ഒരു സ്ത്രീയുടെയും പ്രസവവേദനയിൽ ഉണ്ടായിട്ടില്ല! നിശ്ശബ്ദരായിരിക്കാൻ അവർ ആഗ്രഹിച്ചെങ്കിലും, അവർ ഭയപ്പെട്ടു. ആട് കുഞ്ഞാടിന് ഒരടയാളം കൊടുത്തു: 'ഞങ്ങളെ പഠിപ്പിച്ചാലും, ആരാണ് ചെന്നായ് ആയിത്തീർന്നത്?'

17. പാതാളത്തിൽ കർമരഹിതരായ മൃതരുടെ സാദൃശ്യമായ അവിടുന്ന് അത് സ്വീകരിക്കാൻ ആഗ്രഹിച്ചതിനാൽ, 'അപ്പക്കഷണം സ്വീകരിക്കുവിൻ' എന്നു പറഞ്ഞു.[23] ഒരു മർത്യനെപ്പോലെ താൻ കൊല്ലപ്പെടുമെന്നും താൻ തീറ്റിപ്പോറ്റുന്നവനാണെങ്കിലും തനിക്ക് മേലിൽ പോറ്റപ്പെടാനാവില്ലെന്നും അവിടുന്ന് കാണിച്ചു. എന്നാൽ ജഡരക്തങ്ങൾ ഉള്ളവനും പോഷണം ലഭിക്കുന്നവനുമാണ് താനെന്ന് അവർ കണ്ടു ഗ്രഹിക്കാൻ, അവ പിന്നീട് വീണ്ടും ഉത്ഥാനം ചെയ്യും. മൃതനെപ്പോലെ അവൻ വിശ്രമിച്ചു. താൻ മരിച്ചുയർത്തു എന്ന് പഠിപ്പിക്കാൻ, ഉത്ഥാനം ചെയ്തവനായി അവൻ വീണ്ടും ഭക്ഷ്യവസ്തുക്കൾ നല്കി.

18. മാളികമുറിയേ, നിനക്കു ഭാഗ്യം! കാരണം, വാളുകളുടെ നാമത്തിലൂടെ നീതിമാന്റെ നാമം നിന്നിൽ വിശദീകരിക്കപ്പെട്ടു. തന്റെ വാക്കുകൾ നിന്ദിച്ച ചെവി ചെത്തിമാറ്റിയ ആ ഉടമ്പടി വാളുകൊണ്ട് വെട്ടിമാറ്റപ്പെട്ടു. എന്നാൽ കാരുണ്യവാൻ കടന്നുവന്ന് അത് സുഖപ്പെടുത്തുകയും വാൾ അതിന്റെ ഉറയിൽ ഇടാൻ നിർദേശിക്കുകയും ചെയ്തു.[24] ദയാലുവിന്റെ ക്രോധത്തിലുടെ സുശക്തമായ ഒരുടമ്പടിയുടെ പ്രതീകം നിർത്തലാക്കി.

19. തുടർന്ന് പഠിപ്പിക്കാൻ അവിടുന്ന് പറഞ്ഞു: 'വാളുകൾ എടുക്കുവിൻ'[25]. ...കാരണം, അവിടുന്ന് ശെമയോന്റെ വാൾ തിരികെ ഇടുവിച്ചു. വാളുകൊണ്ട് അവൻ വാളിന്റെ ഉഗ്രക്രോധം മുറിച്ചു. അവൻ ദൂതന്മാരുടെ അസംഖ്യ നിരകളെ കാണിച്ചുകൊണ്ട് തനിക്ക് സാധാരണ മനുഷ്യരുടെ ആവശ്യമില്ലെന്ന് അതിലൂടെ തെളിയിച്ചു.

# 4

## "രാജാവിന്റെ മണവാട്ടി" എന്ന രീതി (1)

1. എന്റെ സഹോദരരേ, ദാസരെ സ്വതന്ത്രരാക്കുന്ന കർത്താവിന്റെ ചെകിട്ടത്ത് ഭൃത്യൻ അടിച്ചു.[26] ഓ, തന്നെ അടിച്ച ഭൃത്യനെയും സ്വതന്ത്രനാക്കാൻ ആഗ്രഹിച്ച ദയാലുവിനെപ്പറ്റി: ഭൃത്യൻ കവിളത്ത് അടിക്കുകയും

---

23. ലൂ.22,36
24. മത്താ.26,53
25. ലൂ.22,37f.
26. യോഹ.18,22


www.malankaralibrary.com

തന്റെ സ്വതന്ത്രമാക്കൽ നിരസിക്കുകയും ചെയ്തതിനാൽ, ദുഷ്ടഭൃത്യന്റെ യജമാനന് ദുഃഖമുണ്ടായി. സ്വതന്ത്രനാക്കപ്പെടുന്ന അടിമയെ അവൻ തന്റെ കവിളത്തെ അടിയോടുകൂടെ സ്വീകരിച്ചു. എല്ലാവരെയും സ്വതന്ത്രരാക്കുന്നവൻ ഇവിടെ പ്രഹരിക്കപ്പെട്ടു.

*പ്രതിസ്തോത്രം: അതിനു നന്ദി പറയാൻ ആകാശവും ഭൂമിയും അവയിലുള്ള സമസ്തവും അപര്യാപ്തമാണ്.*

2. അവരുടെ വിഭ്രാന്തിയിൽ അവർ അവനെ രാജകീയവസ്ത്രം ധരിപ്പിച്ച് രാജാവാക്കി. ഒരു കോമാളിയോടെന്നവണ്ണം തങ്ങളുടെ കർത്താവിനെ പരിഹസിച്ചുകൊണ്ട് പ്രതീകാത്മകമായി അവർ അവനെ ആരാധിച്ചു. അവർ അവന്റെ ശിരസ്സിൽ വച്ച മുൾക്കിരീടത്തിലൂടെ ആദത്തിന്റെ ശാപം എടുത്തുകളഞ്ഞു എന്നു കാണിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തു. അവന്റെ വാക്കുകൾ തെറ്റായി വ്യാഖ്യാനിക്കാൻ അവർ ആഗ്രഹിച്ചിടത്തെല്ലാം നുണയരിലൂടെ തന്റെ സത്യം വിജയമകുടമണിഞ്ഞു.[27]

3. അവർ ദേവാലയത്തിൽ കടന്ന്, നാം കേട്ടതുപോലെ, ബലിപീഠത്തിന്റെ വിരി അവിടെ നിന്നെടുത്തു. അവനെ കുറ്റപ്പെടുത്താനുള്ള അടിസ്ഥാനം അവർ ആഴത്തിൽ തേടി. അവനു രാജകീയബഹുമതിയുടെ അടയാളം നൽകുന്നതിന്, അവർ കടന്ന് വിശുദ്ധ ബലിപീഠം അനാവൃതമാക്കുകയും, അവൻ മരിക്കേണ്ടിയിരുന്നതിനാൽ അത് ധരിപ്പിക്കുകയും ചെയ്തു. ദാവീദ് ഏഫോദ് ധരിച്ചതുപോലെ, വിശുദ്ധസ്ഥലത്തെ വിരിക്കൊപ്പം അവിടുന്ന് രാജത്വവും സ്വീകരിച്ചു.[28]

4. ബലിപീഠത്തെയും അതിലെ തിരുവസ്ത്രങ്ങളെയും ഒരു സാധാരണക്കാരൻ സ്പർശിച്ചാൽ, മരിക്കണമായിരുന്നു: 'ഞങ്ങളുടെ നിയമം അനുസരിച്ച് അവൻ മരണശിക്ഷയ്ക്ക് അർഹനാണ്' എന്ന് അവർ പറഞ്ഞു.[29] തങ്ങളെ കീഴടക്കിയ രാജാവിനെതിരെ വിസ്താരത്തിൽ ആരോപിച്ചതിന് അവർക്ക് മറ്റൊരു വിശദീകരണവും ഇല്ലായിരുന്നു. അവനെ പട്ടുവസ്ത്രം ധരിപ്പിച്ചതിന്റെ അടിസ്ഥാനം നൽകാൻ അവർ ഭയപ്പെട്ടു. അവർ ഭയപ്പെട്ടിരുന്നതിനാൽ, കൗശലപൂർവം ആരോപണം ഉന്നയിച്ചു.

5. എല്ലാം പരിശോധിക്കുന്നവന് രണ്ടു കെണികൾ വയ്ക്കാൻ അവർ ആഗ്രഹിച്ചു. രാജത്വത്തിന്റെ അടയാളം അവർ തന്ത്രപൂർവം അവനെ ധരിപ്പിച്ചു; അതുപോലെ ദൈവികമഹനീയതയുടെ വസ്ത്രവും ധരിപ്പിച്ചു. അതുവഴി ഒന്നിന്റെ അല്ലെങ്കിൽ മറ്റതിന്റെ അടിസ്ഥാനത്തിൽ അവനെ മരണത്തിൽ എത്തിക്കാനായിരുന്നു അത്. അവനെ ഇരട്ടി ബന്ധിക്കാൻ ആഗ്രഹിച്ചപ്പോൾ, രാജത്വവും പൗരോഹിത്യവും എടുത്തുകൊണ്ട് ഇരട്ടി ബന്ധിച്ചു.

27. മത്താ.27,28f. 28. 1സാമു.6,14 29. യോഹ. 19,7

www.malankaralibrary.com

6. അവനെ കൊല്ലാൻ ആഗ്രഹിച്ചിരുന്നു എന്നത് വെളിപ്പെടുത്താതെ, വിജാതിയ ന്യായാധിപന് അവർ അവനെ ഏൽപ്പിച്ചുകൊടുത്തു. വാതിൽമറ അതിന്റെ കീറൽ ശബ്ദത്തിലൂടെ അവസാനനാശം വെളിപ്പെടുത്തി. ജേതാവിനെ കീഴടക്കി എന്നതിനാൽ, കൊല്ലാൻ അവർ വളരെ താൽപര്യപ്പെട്ടു. അവരുടെ നാശത്തിന്റെ കാരണം അവരുടെ തെറ്റുതന്നെ ആയിരുന്നു. ഭൃത്യൻ യജമാനനെ ന്യായാസനത്തിൽ ഇരുന്ന് വിധിച്ചതും വിധിവാചകം എഴുതി തൂക്കിയിട്ടതും അതിലൂടെ അവന്റെ രാജത്വം പ്രഖ്യാപിച്ചതും ആരു കണ്ടിട്ടുണ്ട്![30]

7. സീസറിനെ തങ്ങൾക്കായി തെരഞ്ഞെടുത്ത ആരോപകരുടെ നഗരം അവർ നശിപ്പിച്ചുകളഞ്ഞു. അവർ ആശ്രയിച്ച ആ ന്യായാധിപൻ കൈക്കൂലിയാൽ കണ്ണഞ്ചിയതിനാലല്ല നീതിമാനെ അവർക്ക് വിട്ടുകൊടുത്തത്. കുറ്റമില്ലാത്തവൻ കുറ്റക്കാരനല്ല എന്ന് അവൻ വിശദീകരിച്ചു. അവൻ നിയമജ്ഞർക്കെതിരെ ആരോപകനായിത്തീർന്നു. കായേന്റെ മക്കൾ തങ്ങളുടെ ജനത്തോടൊപ്പം അവന്റെ മേൽ പതിച്ച ആ സജീവരക്തത്തിൽ നിന്ന് അവൻ ജലം കൊണ്ട് തന്റെ കൈകൾ കഴുകി.[31]

8. അവരുടെ ഓരോ തലമുറയും അടുത്തതിനെ പരസ്പരം കടപ്പെടുത്തുന്നു. തെറ്റ് ഭീതികരമായ വിധിവാചകം ഉൾക്കൊള്ളുന്നതാണെന്ന് അവർക്ക് അനുഭവവേദ്യമായതിനാൽ, അവർ ഭയക്കുന്നു. എങ്കിലും അവർ വിഭജിതരായതിനാൽ, അടുത്ത തലമുറ രക്ഷപെടാൻ ഒരു തലമുറയും ആഗ്രഹിക്കുന്നില്ല. നിത്യശിക്ഷയ്ക്ക് വിധിക്കപ്പെടുകയും തങ്ങളുടെ സഖികൾ രക്ഷപെടാൻ ആഗ്രഹിക്കാതിരിക്കുകയും ചെയ്യുന്ന കൊലപാതകികളെപ്പോലെയാണവർ.

9. ഏദനിൽ വച്ച് വശീകരണവിധേയനായി പാപംചെയ്ത വംശത്തലവന്റെ ശിക്ഷാവിധി നീക്കിക്കളയുന്നവനാണ് അവനെന്ന്, അവനെതിരെ അക്രോശിക്കുകയും അവനെ ബന്ധിക്കുകയും ചെയ്തപ്പോൾ, അവർ അനുസ്മരിച്ചില്ല. ഭൃത്യൻ ബന്ധിതനാകാതിരിക്കാൻ അവനോടു കരുണ കാണിക്കുകയും ദാസനുവേണ്ടി തന്റെ മകനെ വിട്ടുകൊടുക്കുകയും ബന്ധിതനാകാൻ അനുവദിക്കുകയും ചെയ്ത കർത്താവിനെപ്പറ്റി! അതിനു നന്ദി പറയാൻ ആകാശവും ഭൂമിയും അവയിലുള്ള സമസ്തവും അപര്യാപ്തമാണ്!

10. തുണിന്മേൽ കെട്ടി ചാട്ടവാറുകൊണ്ട് അടിക്കാൻ അവനെ ആനയിച്ചത്, ആ ജനത്തിന്റെ വീഴ്ചയുടെ പ്രതീകം അവരെ കാണിച്ചു. തൂണുകൾ തകർത്ത, കെട്ടപ്പെട്ട സാംസന്റേതുപോലെ ആയിരുന്നില്ല അത്. സാംസന്റെ കർത്താവ് സത്യതൂണും വിശുദ്ധ നഗരവുമായിരുന്നു. അവൻ

---

30. യോഹ.19,19 31. മത്താ.27,24


www.malankaralibrary.com

അവരെ കൈവിടുകയും അവർ വീണുപോകുകയും ചെയ്തു. കൽദായർ അവരെ തകർത്തു, അവർ അത് വീണ്ടും പണിതുയർത്തി.

11. അവനെ ചമ്മട്ടികൊണ്ട് അടിച്ചതിലൂടെ, അവന്റെ വേദനയിൽ അവർ തങ്ങളുടെ വേദനയുടെ പ്രതീകം രൂപീകരിക്കുകയായിരുന്നു. കാരണം, അവൻ അവരിൽ നിന്ന് രാജത്വവും പ്രവാചകത്വവും പൗരോഹിത്യവും വെട്ടി ദൂരെ എറിഞ്ഞുകളഞ്ഞു: വന്യമൃഗത്തിന്റെ വായിൽനിന്ന് മൂന്നു വാരിയെല്ലുകൾ അവൻ പിടിച്ചെടുത്തു. അതിന്റെ കൊമ്പുകൾ അവൻ ഒടിച്ചു. അതിന്റെ വാരിയെല്ലുകൾ അവൻ വലിച്ചൂരി എടുത്ത് ദൂരേയ്ക്കെറിഞ്ഞു. അതിന്റെ ശക്തി അവൻ എടുക്കുകയും അത് തകർക്കപ്പെടുകയും ചെയ്തു.[32]

12. വിശുദ്ധ സ്ഥലത്തിനെതിരെയുള്ള നിലവിളിയായും അത് നശിപ്പിക്കപ്പെട്ട് വിജനമാക്കപ്പെടുന്നതിനാൽ ദീനസ്വരമായും, കീറപ്പെട്ട വാതിൽമറ ആയിത്തീർന്നു. സത്യപുരോഹിതൻ ആഗതനായി പുരോഹിതവസ്ത്രം ധരിച്ചു എന്നതിന്റെ പ്രതീകമായിട്ടാണ് കാലികപുരോഹിതൻ തന്റെ വസ്ത്രം കീറിയത്. അവൻ വിശുദ്ധ ബലിപീഠവും തന്റെ സേവനത്തിനായി എടുത്തു എന്നതിന്റെ പ്രതീകമായി വിശുദ്ധ സ്ഥലം അതിന്റെ വിരികീറി.[33]

13. ഭൂമികുലുക്കം അവരുടെ ഭവനങ്ങളുടെ തകർച്ചയെയും അവയിലെ നിവാസികളുടെ പാദങ്ങൾ കുലുങ്ങിയതിനെയും സൂചിപ്പിച്ചു. അവരെ ആട്ടിയോടിക്കാൻ ഭൂമി അവരെ എടുത്തു. നാലു ദിക്കുകളിലേക്കും അവരെ അത് എറിഞ്ഞു. ചിതറിക്കാനുള്ള ക്രോധവിധി അത് നടപ്പാക്കി. ജനതകൾ ഒന്നിച്ചുകൂടാനായി യൂദജനത്തെ ചിതറിച്ചു. ആലയം തകർക്കപ്പെടുകയും നമ്മുടെ വിശുദ്ധസ്ഥലങ്ങൾ പണിയപ്പെടുകയും ചെയ്തു.

14. മനുഷ്യരെ പ്രകാശിപ്പിക്കുന്ന സൂര്യൻ ഇരുണ്ടുപോയി. സത്യസൂര്യന്റെ പ്രകാശത്തിൽ ഉന്നതത്തിലെ ഇറേന്മാർ പ്രകാശിക്കുന്നു. സത്യസൂര്യന്റെ നിന്ദനം കാണാതിരിക്കാൻ, സൂര്യൻ അന്ധകാരവസ്ത്രം എടുത്ത് മുഖം മറച്ചു. സൃഷ്ടി വിറച്ചു, ആകാശം തല താഴ്ത്തി, പാതാളം പൊട്ടിപ്പിളർന്ന് പരേതരെ പുറപ്പെടുവിച്ചു.

15. വേദനാദിനത്തിൽ പ്രകാശഗോളങ്ങളും അവനെ ശുശ്രൂഷിച്ചു. യാതൊരു ക്ഷയവുമില്ലാത്ത അവന്റെ പൂർണതയുടെ പ്രതീകമായി അവ ഒരുപോലെ പൂർണമായിരുന്നു. സൂര്യൻ അവന്റെ ദൈവിക മഹനീയതയുടെ പ്രതീകം ചൂണ്ടിക്കാട്ടി; ചന്ദ്രൻ അവന്റെ മനുഷ്യത്വത്തിന്റെ പ്രതീകം ചൂണ്ടിക്കാട്ടി. രണ്ടും അവനെ പ്രഘോഷിച്ചു. തന്റെ അജഗണം തന്റെ പക്കലേക്കു വന്നു എന്നതിന്റെ സൂചനയായി, തനിക്കെതിരെ പ്രഭാതത്തിൽ സൂര്യൻ നിൽക്കുന്നതായി ചന്ദ്രൻ കണ്ടു.

32. ദാനി.7,5.7 33. മത്താ.27,51;മർക്കോ. 14,63

www.malankaralibrary.com

16. സ്നാനപ്പെടുകയും കഴുകപ്പെടുകയും ശുദ്ധീകരിക്കപ്പെടുകയും നവീകരിക്കപ്പെടുകയും ചെയ്ത ജനതകളെ സൂചിപ്പിക്കുന്നതാണ് അവർ അവനെ വച്ച പുതിയ കല്ലറ.[34] രാജാവിന്റെ മരണത്തിന്റെ പ്രതീകമായ ശരീരവും രക്തവും അവർ സ്നേഹപൂർവം തങ്ങളുടെ ശരീരങ്ങളിൽ സ്വീകരിച്ചു. മൂന്നാം ദിവസം അവൻ കല്ലറവിട്ട് ഉത്ഥാനം ചെയ്തു. അവന്റെ മരണം നമ്മുടെ ഉള്ളിൽ നിത്യജീവനാണ്.

17. തന്റെ യജമാനനുവേണ്ടി ബഹുമാനാദരവുകളോടെ വാതിൽ തുറക്കുന്ന ഭൃത്യനു തുല്യമാണ് ഉന്നതത്തിലെ മാലാഖമാർ ഉരുട്ടിമാറ്റിയ, തന്റെ കല്ലറയിലെ കല്ല്.[35] ആ കല്ലറയിൽ മൂന്ന് ഈറയർ കാണപ്പെട്ടു.[36] അവിടുന്ന് മൂന്നാംനാൾ ഉയിർപ്പിക്കപ്പെടുമെന്ന് മൂന്നുപേർ പ്രഘോഷിച്ചു. തന്റെ രണ്ടാംവരവിന്റെ അടയാളം ആദ്യമായി കണ്ട മറിയം സഭയുടെ പ്രതീകമാണ്.[37]

18. പ്രകാശിച്ച് ശോഭ പരത്തിയ അവന്റെ ജീവിതചര്യകൾ, അവന്റെ വസ്ത്രം[38] പ്രഖ്യാപിക്കുന്നു. കാരണം, ഒരന്ധകാരത്തിനും അവനെ ഗ്രസിക്കാൻ കഴിഞ്ഞില്ല. അവന്റെ വസ്ത്രം കല്ലറയിൽ അവശേഷിച്ചു. എന്നാൽ ശരീരം അവശേഷിച്ചില്ല. അങ്ങനെ അവന്റെ ശരീരം ശരീരത്തിന്റെ ഉത്ഥാനം പ്രഘോഷിച്ചു. സത്യവചനത്തിന്റെ പ്രതീകമാണ് അവന്റെ ശരീരത്തിന്റെ സുഗന്ധപൂശൽ. കാരണം, അത് ആത്മാക്കളുടെ ജീവൻ ജീർണതയിൽ നിന്ന് സംരക്ഷിക്കുന്നു.

# 5

## "രാജാവിന്റെ മണവാട്ടി" എന്ന രീതി (2)

1. മിന്നൽപ്പിണരിൽ നിന്ന് ഉന്നതരെയും, മിന്നൽപ്പിണർകൊണ്ട് കെട്ടിയതും പ്രകാശകിരണങ്ങളിൽ നിന്നുള്ളതുമായ, ക്രോബകളുടെ രഥത്തെയും, സൃഷ്ടിച്ചവനെ, പ്രതീകങ്ങൾ നിറഞ്ഞ മഹനീയ വാഹനമായ കുരിശിൽ കയറ്റിയ, ക്രൂശിൽ തറച്ചവർ ലജ്ജിതരായി. ക്രോബകളെയും പ്രകാശഗോളങ്ങളെയും നുകത്തിൽ കെട്ടുകയും തന്റെ ആംഗ്യത്തിൽ അവയുടെ കടിഞ്ഞാൺ വയ്ക്കുകയും ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

34. മത്താ.27,60 35. മത്താ.28,2

36. മത്താ.28,2ff; മർക്കോ.16,4;ലൂ.24,4;യോഹ.20,12.

37. യേശുവിന്റെ മാതാവിനെയാണ് പരാമർശിക്കുന്നത്.

38. യോഹ.20,7


www.malankaralibrary.com

*പ്രതിസ്തോത്രം: നിന്റെ സ്ലീബായാൽ പ്രശോഭിതരായ നിന്റെ ആടുകളിൽ നിന്ന്, എന്റെ കർത്താവേ, നിനക്കും, നിന്നിലൂടെ, നിന്നെ അയച്ചവനും സ്തുതി.*

2. ആ ദിവസവും അതിന്റെ സന്ധ്യയും മഹാപ്രതീകവും അത്ഭുതാവഹമായ അടയാളവുമാണ്. ആ ദിനത്തിന്റെ സന്ധ്യയിൽ ആദാം കുറ്റക്കാരനായിത്തീർന്നു. ഒരു മഹാപ്രതീകം! കാരണം, സൂര്യൻ തലതാഴ്ത്തുകയും പ്രകാശം മങ്ങിപ്പോകുകയും ആദത്തിൽ നിന്ന് അകലുകയും അവൻ അന്ധകാരത്തിൽ അടയ്ക്കപ്പെടുകയും ചെയ്തു. അവൻ അന്ധകാരത്തിൽ ആയിരുന്നു; പ്രകാശം പിന്നീട് തിരികെ വന്നു. അന്ധകാരാവൃതമാകുകയും പിന്നീട് വീണ്ടും ശോഭായമാനമായി അതിന്റെ വിശദീകരണം കണ്ടെത്തുകയും ചെയ്ത ദിവസം!

3. വീണ്ടും, അവനെ കയറ്റിയ കുരിശുമരം എന്ന രഥത്തെപ്പറ്റി: കാരുണ്യത്തിന്റെ ഹേതു കുരിശുമരമാണ്. കാരണം, തന്റെ കുരിശാൽ കുരിശിന്റെ ശിക്ഷാവിധി അവൻ നീക്കിക്കളഞ്ഞു. കുറ്റവാളി മേലിൽ ക്രൂശിക്കപ്പെടേണ്ടതില്ല. ഓ, ദയാലുവേ! ശപ്തൻപോലും അവന്റെ അനുഗ്രഹം വഹിക്കുന്നു. തന്റെ ക്രൂശാരോഹണത്താൽ അവിടുന്ന് ആ യൂദജനത്തിന്റെ വിഗ്രഹങ്ങളും ജനതകളുടെ ഇടയിൽ നിന്ന് കുരിശുകളും നീക്കിക്കളഞ്ഞു.

4. ഗർവുനിറഞ്ഞ നിയമജ്ഞർ തങ്ങളുടെ ക്രോധത്തിൽ അവനെ പട്ടുവസ്ത്രം ധരിപ്പിക്കുകയും അവന്റെ വസ്ത്രം പങ്കിട്ടെടുക്കുകയും ചെയ്തതിലൂടെ തങ്ങളെത്തന്നെ കുറ്റും വിധിച്ചു. കാരണം, സത്യസന്ധരായ നിയമജ്ഞർ അവന്റെ വസ്ത്രത്തിലൂടെ വിശദീകരിച്ച കാര്യം ആ സങ്കീർത്തനത്തിൽ നിന്ന് അവർ ഒരിക്കലും കേട്ടിട്ടില്ലെന്ന മട്ടിലായിരുന്നു അത്.[39] അവിടുന്ന് വന്ന്, സമ്പന്നരായ ഈ നിയമജ്ഞരിൽ നിന്ന്, നിഗൂഢതകൾ വിശദീകരിക്കുന്നതിന് ദിവ്യരഹസ്യങ്ങൾ കാത്തിരുന്നു.

5. ഓ, പരിച്ഛേദിതരുടെ കർത്താവിനെ നിന്ദിച്ചതിൽ ലജ്ജിക്കാത്ത പരിച്ഛേദിതരെപ്പറ്റി! അവർ പരിച്ഛേദിതർ അല്ലാതിരുന്നെങ്കിൽ, അവന്റെ മരണത്തിന് ഒരടിസ്ഥാനം ഉണ്ടാകുമായിരുന്നു. എല്ലാം പൂർത്തീകരിക്കുന്നവൻ കടന്നുവന്നു; അവൻ നിയമം പൂർത്തീകരിച്ചു. എന്നാൽ യൂദജനം അവനെ നിരസിച്ചു. കൽപ്പനകൾ അവയുടെ പൂർത്തീകരണം കണ്ടു; എന്നാൽ ഗർവുനിറഞ്ഞ യൂദർ വെള്ളംപോലെ ചിതറിക്കപ്പെട്ടു. പരിച്ഛേദിതനെ ക്രൂശിൽ തൂക്കി തങ്ങളുടെ സ്വന്തം നാട് അവർ നിന്ദിച്ചതിനാൽ, നിന്ദ്യരായ പരിച്ഛേദിതരെ വിജാതിയരുടെ നാട് നിന്ദിച്ചു.

39. സങ്കീ.22,19

6. അവർ ഭാഗിക്കാതിരുന്ന അവന്റെ അങ്കി[40] ഒരു വലിയ പ്രതീകമാണ്. അവനെ വിഭജിക്കാതെ, ശ്ലീഹന്മാർ അവനെ ലോകം മുഴുവൻ വ്യാപിപ്പിച്ചു. പങ്കിടപ്പെട്ട മറ്റേ വസ്ത്രങ്ങൾ തന്റെ അജഗണത്തിൽ ഉണ്ടായ വിഭജനവും വേർപെടലും സൂചിപ്പിക്കുന്നു. സത്യവിശ്വാസികൾ അവന്റെ അങ്കിയുടെ പ്രതീകത്തെ പ്രശംസിക്കുന്നു; വേർപെട്ട ക്രിസ്ത്യാനികൾ അവന്റെ വസ്ത്രത്തിലൂടെ കുറ്റപ്പെടുത്തപ്പെടുന്നു.

7. അവർ തങ്ങളുടെ ക്രോധാവേശത്തിൽ അവനെ കള്ളന്മാരുടെ മധ്യേ നിർത്തിയതിൽ തങ്ങളെപ്പറ്റിയുള്ള ഒരു സൂചന നൽകുന്നു. കാരണം, ഇടത്തുവശത്തെ കള്ളൻ അവരുടെ പ്രതീകമാണ്; അവനിൽ അവർ പരിത്യജിക്കപ്പെട്ടു. നമ്മുടെ കർത്താവിനെ കൊള്ളയടിച്ച മറ്റേ കള്ളനെപ്പോലെ, കർത്താവിന്റെ ക്രൂശാരോഹണത്തിൽ ഓടി അഭയം തേടിയ വിജാതിയരെ അവിടുന്ന് തെരഞ്ഞെടുത്തു. കർത്താവ് തന്റെ നിക്ഷേപം അവനു തുറന്നു കൊടുത്തു. അവൻ കൊള്ളയടിച്ചുകൊണ്ട് അതിൽനിന്ന് വാഗ്ദാനങ്ങൾ എടുത്തു.

8. വീണ്ടും, അവർ അവന്റെ മുമ്പിൽ തല കുലുക്കുകയും അവനെ പരിഹസിക്കുകയും ചെയ്തപ്പോൾ, ജനതകളുടെ ഇടയിൽ അവരുടെ തല താഴ്ത്തുമെന്ന് അവർ മനസ്സിലാക്കിയില്ല. വിജാതിയ രാജാവിലൂടെ തങ്ങൾ ബഹുമാനിതരാകുമെന്നുള്ള പ്രത്യാശയിൽ അവർ അവനെ ബഹുമാനിച്ചു. എന്നാൽ അവനിലൂടെ അവരുടെ തല കൂടുതൽ ആഴത്തിൽ താണു. ഇവിടെ അവരുടെ തല താണത്, തന്റെ വരവിൽ അവരുടെ തല വീണ്ടും താഴുമെന്നതിന്റെ അച്ചാരമാണ്.

9. വീണ്ടും, മുന്തിരികൃഷിക്കാരൻ മുന്തിരിങ്ങാ പറിച്ച് ആട്ടിപ്പിഴിയുകയും ഈജിപ്തിലെ മുന്തിരിച്ചെടിയുടെ[41] മുന്തിരിത്തോപ്പിലെ പുളിച്ച വിനാഗിരി അവന് കുടിക്കാൻ കൊടുക്കുകയും ചെയ്തു. അബ്രഹാമിന്റെ ഭവനത്തിൽ നിന്നുള്ള മാധുര്യമേറിയ ശാഖ അവൻ മുറിച്ചുമാറ്റി, സോദോമിന്റെ കയ്പുള്ള മുകുളം ആ ശാഖയിൽ ചേർത്തുവച്ചു. അതിൽ നിന്ന് ഒരു ചെറിയ മുള മുളച്ച് പുറത്തേക്കുവന്നു. ഇതാ, അതിന്റെ കുലകൾ വഴി അത് ധരമുഴുവൻ തണൽ നൽകി.

10. വിനാഗിരിയിൽ മുക്കിയ നീർപ്പഞ്ഞി പോലും[42] ആത്മാവിന്റെ ക്യാൻസർ വെളിവാക്കുന്നു. കാരണം, തെറ്റുപോലും ഹൃദ്യവും ആസ്വാദ്യകരവുമായി കാണപ്പെടുന്നു. വഞ്ചകരുടെ ഗ്രന്ഥങ്ങൾ എല്ലാ ഭാഗങ്ങളിൽ നിന്നും മരണം വമിക്കുന്നു. അവരുടെ പഠനങ്ങൾ വിരചിതമായിരിക്കുന്നത് വിഷംകൊണ്ടാണ്. നമ്മുടെ കർത്താവ് നീർപ്പഞ്ഞിയിലെ വിനാഗിരി കുടി

40. യോഹ.19,23 41. സങ്കീ.80,9 42. മത്താ.27,48


www.malankaralibrary.com

ക്കാഞ്ഞത്[43] നാമും അബദ്ധോപദേശകരുടെ വിഷം കുടിക്കരുതെന്ന് ആഗ്ര ഹിച്ചിട്ടാണ്.

11. നീർപ്പഞ്ഞി നീട്ടിയ ഞാങ്ങണയും അബദ്ധപ്രബോധനത്തിന്റെ പ്രതീകമാണ്. കാരണം, എഴുത്തുകോൽകൊണ്ട് അവർ മാരകവിഷം രചി ക്കുന്നു. മാനിയുടെ എഴുത്തുകോൽ എന്താണ് എഴുതിയിരിക്കുന്നതെന്ന് കാണുവിൻ. നിഗൂഢവിഷം നിറഞ്ഞ പാത്രമാണ് അവന്റെ കൃതി. മാർസ്യന്റെ സഖിയായ ബർദൈസാന്റെ എഴുത്തുകോൽ തന്റെ ഗ്രന്ഥങ്ങളിലൂടെ നമുക്ക് കയ്പ്പു നീട്ടിത്തരുന്നു.

12. എന്നാൽ അവർ അവന്റെ കൈയിൽ കൊടുത്ത ഞാങ്ങണ മറ്റ തിന്റെ ശത്രുവാണ്.[44] കാരണം, നിയമജ്ഞർ തങ്ങളുടെ കൈകളിൽ അത് പിടിച്ച് ആദ്യസത്യവാഹകർ ആയിത്തീർന്നു. എന്നാൽ വ്യഭിചരിക്കുന്ന തല മുറ വിധിക്കുകയും സത്യം ദൂരെയെറിയുകയും ചെയ്തു. നമ്മുടെ രക്ഷ കന്റെ വക്താവായ ദാവീദിന്റെ നാവുകൊണ്ട് അവൻ രാജകുമാരിക്ക് തന്റെ വാഗ്ദാനങ്ങൾ എഴുതി.

13. അവർ അവനെ ഞാങ്ങണകൊണ്ട് അടിച്ചപ്പോൾ[45], രാജാവിന്റെ കൈപ്പത്തി അവരെ അടിച്ചു. കാരണം, അവർ തന്റെ അവകാശത്തിൽ പ്രവേ ശിക്കയില്ല എന്ന് എഴുതപ്പെട്ട[46] യൂദജനത്തിന് രാജാവ് കൽപ്പന പുറപ്പെടു വിക്കുകയും അവരെ കീഴ്പ്പെടുത്തി അവരിൽനിന്ന് ചുങ്കം പിരിക്കുകയും ചെയ്തു. അവർ കടന്നപ്പോൾ ഒരദൃശ്യകരം മുന്നോട്ടുവന്ന് അവരെ അടി ച്ചു. അവരുടെ മ്ലേച്ഛതകൾ അനുസ്മരിക്കുന്നതിന് എഴുതിക്കൊണ്ട്, എന്റെ നേരേ വന്ന ഞാങ്ങണ കൊണ്ട് ഞാനും അവരെ പ്രഹരിച്ചു.

14. അവനെ അടിച്ച ഒരു വടിക്കു പകരം എഴുത്തുകോൽ കൊണ്ടുള്ള അടികൾ അവർക്ക് കിട്ടി. കാരണം, എല്ലാ ഭാഷകളിലും അവരുടെ ദുഷ്കർ മങ്ങൾ എഴുതപ്പെടുന്നു. അവർക്കെതിരെ ഒരാൾ ഒരു പ്രബന്ധവും മറ്റൊ രാൾ ഒരു വ്യാഖ്യാനവും മറ്റൊരാൾ ഒരു വിശദീകരണവും വേറൊരാൾ ഒരു പ്രഭാഷണവും എഴുതുന്നു. എഴുത്തുകാരുടെ ഗ്രന്ഥങ്ങൾ എഴുത്തുകോലു കളുടെ കാടാണ്. കുരിശിൽ തറച്ചവരെ അവർ തങ്ങളുടെ ഗ്രന്ഥങ്ങളാൽ അടിക്കുന്നു.

15. അവർ ക്രുദ്ധരായി തിളച്ചുമറിയുകയും അവരുടെ തുപ്പൽ പരി പാവനന്റെ മുഖത്ത് പതിക്കുകയും ചെയ്തു. ആദാമ്യകുലത്തിന്റെ മുഖത്തു നിന്ന് അവൻ നിന്ദനം കഴുകിക്കളഞ്ഞെന്ന് അവർ വിളംബരം ചെയ്തു. അവരുടെ തരക്കാരനും സഖിയുമായ സർപ്പം നുരയ്ക്കുകയും അതിന്റെ

43. മർക്കോ.15,23
44. മത്താ.27,29
45. മത്താ.27,30
46. എബ്രാ.3,11;സങ്കീ.94,11

www.malankaralibrary.com

വിഷംകൊണ്ട് ഹവ്വാ തന്റെ വായ് പൂശുകയും ചെയ്തപ്പോൾ, അത്തിമര ത്തിന് കരുണതോന്നി അവർക്ക് ഇലകൾ നൽകി. എന്നാൽ എല്ലാവരെയും വസ്ത്രം ധരിപ്പിക്കുന്നവനെ സീയോൻ വിവസ്ത്രനാക്കി.

16. വിനാഗിരി, കയ്പ്പ്, മൃതരെ പൂശുന്ന ദ്രവ്യങ്ങൾ എന്നിവ കലർത്തി ഉണ്ടാക്കിയ നിന്ദ്യവസ്തു[47] പാഷണ്ഡതയുടെ പ്രതീകം നമ്മെ കാട്ടുന്നു. ഫരിസേയർ നിന്ദ്യരുടെ പ്രതീകമാണ്. കാരണം, അവർ ദുഷിച്ചവരും കൂടി ക്കലർന്നവരുമാണ്. തെറ്റുകളുടെയെല്ലാം പ്രകൃതം ഏകമാകയാൽ, നമ്മുടെ കർത്താവ് അവരുടെ പ്രതീകം  അൽപ്പം പോലും രുചിച്ചില്ല. എന്നാൽ വിഡ്ഢികൾ അവരുടെ വിഷം മുഴുവൻ നക്കിക്കുടിച്ചു.

17. അവർ അവരുടെ രീതി അനുസരിച്ച് അവനെ അടിച്ചപ്പോൾ, അവൻ സത്യകുഞ്ഞാടാണെന്ന് ആ വിഡ്ഢികൾ ചൂണ്ടിക്കാട്ടുകയായിരുന്നു. അ വർ അവനെ ഗോഗുൽത്തായിൽ ഉയർത്തിയപ്പോൾ, അത്യുന്നത നാഥന്റെ മഹനീയത അവർ ചൂണ്ടിക്കാട്ടി. അവർ അവനെ താഴെയിറക്കി സംസ്ക്കരി ച്ചപ്പോൾ, അവൻ ആഴത്തിന്റെയും കർത്താവാണെന്ന് അവന്റെ കല്ലറ ചൂ ണ്ടിക്കാട്ടി. എല്ലാറ്റിനെയും മധുരമുള്ളതാക്കുന്ന തന്റെ സത്യം അവരിലൂടെ തന്നെ അവൻ അവർക്ക് വച്ചുനീട്ടി. അവർ അവരുടെ കരം മലിനമാക്കി. അ വർ അവന്റെ സത്യം രുചിച്ചു.

18. അവർ വിരമിച്ച് തങ്ങളുടെ നാട് വിട്ടുപോകുമെന്ന് അവരുടെ പുളി പ്പില്ലാത്ത അപ്പം സൂചിപ്പിക്കുന്നു. അവർ തിന്നുന്ന കയ്പുചീരയ്ക്കനുസൃത മായി അവരുടെ പല്ലുകൾ കയ്പ്പുള്ളവയായി. ഒരു മനുഷ്യനെ സ്വതന്ത്രനാ ക്കുന്ന പെരുന്നാളിൽ[48] അവർ ഒരുവനെ കൊന്നു. അവൻ സത്യകുഞ്ഞാടാ ണെന്ന് അവരുടെ പതിവ് ചൂണ്ടിക്കാട്ടുന്നു: പെരുന്നാളിൽ ഒരിക്കലും ഒരു മനുഷ്യനെ കൊന്നിരുന്നില്ല. അവർ കുഞ്ഞാടുകളോടൊപ്പം അവനെ  കൊന്ന തിനാൽ, അത് ഒരർപ്പണവും ആണ്.

# 6

## “രാജാവിന്റെ മണവാട്ടി” എന്ന രീതി (3)

1. യോനായ്ക്കെന്നപോലെ ക്രിസ്തുവിന് മൂന്നു ദിവസങ്ങൾ എണ്ണു ന്നു. ഇതാ, വെള്ളിയാഴ്ച[49] ആ ജനത്തിൽ നിന്ന് പ്രകാശം അസ്തമിച്ചു. പിന്നെ അടുത്തദിവസം വിശ്രമത്തിന്റെ പ്രതീകമായ സാബത്, മൃതരെ വിശ്ര

47. മത്താ.27,34;മർക്കോ.15,23

48. മത്താ.27,15

49. ഒരുക്കദിവസം


www.malankaralibrary.com

മത്തിൽ എത്തിച്ചു. ഇരുട്ടാക്കുകയും പിന്നെ പ്രകാശിപ്പിക്കുകയും ചെയ്ത വൻ, ഇരുണ്ടുപോയ ദിവസത്തിന്റെ നാഴികയും സമയവും നിശ്ചയിച്ചു.[50]

*പ്രതിസ്തോത്രം: ഞങ്ങളുടെ കർത്താവേ, നിനക്കു സ്തുതി. എന്തു കൊണ്ടെന്നാൽ രണ്ടു പ്രകാശഗോളങ്ങൾ നിന്റെ സ്ലീബായുടെ സൂചനകൾ പ്രഘോഷിക്കുന്നു.*

2. ഓ, ചെറുതാണെങ്കിലും വർഷത്തേക്കാൾ മഹാശക്തിയുള്ള സമയമേ! കാരണം, സ്തുത്യർഹൻ അതിൽ തന്റെ ആത്മാവിനെ തന്റെ പിതാവിനെ ഭരമേൽപ്പിച്ചു.[51] അതിൽ അന്ധകാരവും പ്രകാശവും ഉണ്ടായി, അതിൽ ഭൂകമ്പമുണ്ടായി, അതിൽ വാതിൽമറ കീറി,[52] അതിൽ എല്ലാം സംഭവിച്ചു. യേശു ഒരു ദിനത്തിൽ നിന്ന് രണ്ടുണ്ടാക്കി; ജോഷ്വായും ഒന്നിൽ നിന്ന് രണ്ടുണ്ടാക്കി.

3. തന്റെ നാമത്തിന്റെ നാഥന് ജോഷ്വാ ഒരുക്കിയ ആ സ്തുത്യർഹ പ്രതീകത്താൽ, ദിവസം-ഒന്നും രണ്ടുമായി-തുല്യമായി വിഭജിക്കപ്പെട്ടു. ഉദയവും അസ്തമയവും പരിഗണിച്ചാൽ ഒരു ദിവസം, നിദ്രാസമയം നോക്കിയാൽ രണ്ടുദിവസം: ഇരട്ടിയും സാധാരണവും! ഒരുക്കദിവസം ഒരു ദിവസമായിരുന്നു. നിദ്രാസമയം നോക്കിയാൽ ഒരു ദിവസം മാത്രം; തന്റെ അത്ഭുതാടയാളം ഉണ്ടാക്കിയ വിഭജനത്താൽ രണ്ട്.

4. അതുകൊണ്ട്, ഓ, ശ്രോതാവേ, മൂന്നു ദിവസങ്ങളുടെ വിഭജനം സംബന്ധിച്ചുള്ള എന്റെ വാക്കുകൾ സ്വീകരിക്കുക. ഒരുക്കദിവസവും അതിന്റെ മഹാസന്ധ്യയും, സാബതും അതിന്റെ സന്ധ്യയും; വെളിച്ചം മങ്ങുകയും പ്രകാശിക്കുകയും ചെയ്ത കാലയളവ് മറ്റൊരു ദിവസം. ഒരുക്കദിവസത്തിന്റെ പൂർത്തീകരണം പുനരുത്ഥാനമായിരിക്കുമെന്ന് ഈ മറ്റേ ദിവസത്തിന്റെ സന്ധ്യ സൂചിപ്പിക്കുന്നു.

5. ഇരുളുകയും പ്രകാശിക്കുകയും ചെയ്ത സമയം അതിനാൽ തന്നെ വേർതിരിക്കപ്പെട്ടു. അതിനെ ഒരു ദിവസമായി പരിഗണിക്കുക. ദിവസത്തിലെ മണിക്കൂറിന്റെ ഇടത്തോടുകൂടി സന്ധ്യയുടെ കുറേ മണിക്കൂറുകൾ അത് കൂട്ടിച്ചേർത്തു. പൂർണമാകാത്ത ഒരുക്കദിനം അങ്ങനെ പൂർണമായി. മൂന്നു മണിക്കൂർ അന്ധകാരം, മൂന്നു മണിക്കൂർ പ്രകാശം; ഒരു രാപകലുകൾ ഒരു ദിവസത്തിന്റെ അതിർത്തി നിർണയിച്ചു.

6. ഓ, മിച്ചമുള്ള മൂന്നു മണിക്കൂറുകളുടെ, മുന്നോട്ട് ധൃതിയിൽ പോകുന്ന പ്രതീകത്തെപ്പറ്റി: നാലു വർഷം കൊണ്ട് ഒരു പൂർണദിവസം

50. വെള്ളിയാഴ്ച 6-ാം മണിക്കൂർ മുതൽ 9-ാം മണിക്കൂർ വരെയുള്ള അന്ധകാരം മൂന്നാം ദിവസത്തിന്റെ രാത്രി; പിന്നെയുള്ള പ്രകാശം (10-12 മണിക്കൂർ) അതിന്റെ പകൽ.

www.malankaralibrary.com

ഒന്നിച്ചുവരുന്നു. മഹാശക്തമായ ഒരു പ്രതീകം! തന്റെ മരണത്തിൽ ഇരുണ്ടുപോകുന്ന മൂന്നു മണിക്കൂറുകൾ വരാനിരിക്കുന്നതിനെപ്പറ്റി അത് മുൻകൂട്ടി കാണിച്ചു. പ്രകാശഗോളങ്ങളുടെ കർത്താവ് പ്രകാശംകൊണ്ട് തന്റെ പ്രതീകം സൂചിപ്പിച്ചു; മുൻകൂട്ടി സൂര്യൻ അതിന്റെ അറിയിപ്പുകാരനായിരുന്നു.

7. മിച്ചമുള്ള ആ മൂന്നു മണിക്കൂറുകൾ ഒരു വിടവും നികത്തിയില്ല. അളവിന്മേൽ പുറത്തേക്കു പതിക്കുന്ന മണിക്കൂറുകൾ ആയിരുന്നു അവ. അത് ശരിയായ ക്രമീകരണമോ, ക്രമമോ അല്ലായിരുന്നു. മറിച്ച് കൂട്ടിക്കുഴയ്ക്കലായിരുന്നു. കാരണം, ആ മൂന്നു മണിക്കൂർ ആണ്ടുവട്ടത്തെ കൂട്ടിക്കുഴച്ചു. ക്രൂശാരോഹണത്തിൽ ഇരുണ്ടുപോയ ആ മൂന്നു മണിക്കൂർ അത് പ്രഖ്യാപിക്കാനായി മാത്രം സംഭവിച്ചതാണ്.

8. ചന്ദ്രന്റെ ക്ഷയം അതിനാൽ നികത്തപ്പെടുന്നു എന്ന് പറയുന്ന പണ്ഡിതരുണ്ട്. അതേപ്പറ്റി നമുക്ക് ചോദിക്കാനുള്ളത് ഇതാണ്: എന്തുകൊണ്ടാണ് ചന്ദ്രന് അരദിവസം കുറഞ്ഞുപോകുന്നത്? അതും മാസങ്ങളുടെ ഒരു കൂട്ടിക്കുഴച്ചിലാണ്. ഞങ്ങളുടെ പ്രകാശമേ, നിനക്കു സ്തുതി! പ്രകാശഗോളങ്ങളായ സൂര്യനും ചന്ദ്രനും തങ്ങളുടെ പ്രതീകങ്ങളാൽ നിന്നെ ചിത്രീകരിക്കുന്നു.

9. മിച്ചമുള്ള മൂന്നു മണിക്കൂറുകൾകൊണ്ട് ആദ്യമായി സൂര്യൻ അവനെ പ്രഘോഷിക്കുന്നു. വർഷങ്ങളുടെ മണിക്കൂറുകളുടെ എണ്ണത്തിൽ, ബുദ്ധിക്കു മാത്രം ഗ്രഹിക്കാൻ കഴിയുന്ന മണിക്കൂറുകളാണവ. കാരണം, നയനങ്ങൾക്ക് മുമ്പിൽ അവ മറഞ്ഞിരിക്കുന്നു. ദൃശ്യമായതിലൂടെ ഒരു ദിവ്യരഹസ്യം പ്രഘോഷിക്കാൻ, സൂര്യൻ തന്റെ പ്രകാശം മറച്ചുവച്ച ആ ദിവസത്തിന്റെ ഒരു പ്രതീകം!

10. ഇരുണ്ടുപോയ മണിക്കൂറുകൾ കണ്ണുകൾകൊണ്ട് വേർതിരിക്കാൻ കഴിയുന്നവ ആയിരുന്നില്ല. ജലഘടികാരം കൊണ്ട് ബുദ്ധിക്കുമാത്രം ഗ്രഹിക്കാവുന്നതായിരുന്നു അത്. യാഥാർഥ്യത്തിനു തുല്യമായിരുന്നു പ്രതീകവും; രണ്ടും മറഞ്ഞിരുന്നു. ആ മൂന്നും – മറഞ്ഞിരുന്ന മൂന്നു മണിക്കൂറുകൾ– അദൃശ്യമായ മൂന്നിനെ പിൻചെല്ലുകയും ധരിക്കുകയും മൂന്നിനെ പൂർത്തിയാക്കുകയും ചെയ്തു.

11. മൂന്നിൽ ആറ് കേൾക്കുന്ന മൂന്നിനെ ഞാൻ പേരുവിളിച്ചതിനാൽ, നിനക്ക് അസ്വസ്തത ഉണ്ടാകേണ്ട. കാരണം, ഓരോ വർഷവും മിച്ചമുള്ളത് മൂന്നു മാത്രമാണ്. ആ വർഷം ഇരുണ്ടുപോയത് ആ മൂന്നാണ്. അക്കാരണത്താൽ ആരംഭത്തിൽ അവ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്ന് ദൈവം പഠിപ്പിച്ചു. പ്രതീകം കടന്ന് എല്ലായിടത്തും എത്തുന്നു. അത് തന്റെ നാഥനെ കണ്ടെത്തിയപ്പോൾ, അവനോടൊപ്പം സഹിക്കുന്നു.


www.malankaralibrary.com

12. ഓ, സ്തുത്യർഹനായ യേശുവേ, നിന്നെപ്പറ്റി! ചന്ദ്രനും നിന്നെ പ്രഘോഷിക്കുന്നു. കാരണം, ഓരോ മാസവും അരദിവസം അതിന്റെ അളവ് കുറയുന്നു. വർഷത്തിന്റെ മണിക്കൂറുകളുടെ പൂർണ അളവിന് ദൈവം അധികം നൽകിയപ്പോൾ, മാസത്തിന്റെ അളവിന് ന്യൂനതയുണ്ടാക്കി. അവിടുന്ന് കയറിയ സ്കീപ്പാ അവന്റെ വാഹനത്തിന്റെ നുകമാണ്. അതിനു കീഴിൽ സൂര്യനെയും ചന്ദ്രനെയും അവിടുന്ന് വണ്ടിക്കു കെട്ടിയിരിക്കുന്നു.

13. എല്ലാ പ്രകാശഗോളങ്ങളും കർത്താവിന് സേവ ചെയ്യുന്നു. ആ ആരാധ്യനായ പുത്രന്റെ സേവകരാണ് ചിലർ ആരാധിക്കുന്ന, പ്രകാശഗോളങ്ങളായ സൂര്യനും ചന്ദ്രനും. സൂര്യൻ മൂന്നു മണിക്കൂറിലൂടെയും ചന്ദ്രൻ ആറിലൂടെയും-ഇരുപ്രതീകങ്ങളിലൂടെ-നുകത്തിൽ കെട്ടപ്പെട്ട് അവനെ വഹിച്ചു. സൂര്യചന്ദ്രന്മാരുടെ പ്രതീകത്തിലൂടെ തന്റെ വരവ് പ്രഘോഷിക്കാൻ അവയിൽ യേശു തന്റെ പ്രതീകങ്ങൾ കാട്ടി.

14. എന്തുകൊണ്ടാണ് സൂര്യന്റെ അളവിൽ അധികപ്പറ്റും ചന്ദ്രന്റേതിൽ അപര്യാപ്തതയും കുറവും കാണപ്പെടുന്നത്? തന്റെ പൂർണതയിൽ നിന്ന് കവിഞ്ഞൊഴുകി സമ്മാനിച്ച തന്റെ ദൈവത്വം എന്ന സമ്മാനത്തിന്റെ പ്രതീകമാണ് സൂര്യൻ. ചന്ദ്രൻ ശരീരത്തിന്റെ പ്രതീകമാണ്. അപര്യാപ്തമായ അളവിന് അതിനെ മൂടി പൂർണമാക്കിയ പൂർണതയുണ്ട്.

15. സൂര്യൻ തന്റെ കർത്താവിനുവേണ്ടി ഉപമാമയമായി പ്രകാശത്തിന്റെ മൂന്നു മണിക്കൂറുകൾ പ്രഘോഷിച്ചു. ചന്ദ്രൻ ആദത്തിനുവേണ്ടി ഉപമാമയമായി അന്ധകാരത്തിന്റെ മൂന്നു മണിക്കൂറുകൾ പ്രഘോഷിച്ചു. വീണ്ടും, ദൈവികകൃപയുടെ പ്രതീകം വഹിച്ച മൂന്നു മണിക്കൂറുകൾ! ഇതാ, അവ രണ്ടും മൊത്തത്തിൽ ഒൻപതു മണിക്കൂർ പുത്രന്റെ സമയം പ്രഘോഷിക്കുന്നു. അവിടുന്ന് ഒൻപതാം മണിക്കൂറിൽ ഉച്ചത്തിൽ നിലവിളിച്ചുകൊണ്ട് തന്റെ ജീവൻ തന്റെ പിതാവിന് സമർപ്പിച്ചു.[53]

16. ഈശോ ബർ നൂനിലൂടെ ഒരു ദിവസം ഇരട്ടിയായി; മറ്റെല്ലാ ദിവസങ്ങളേക്കാൾ അത് ദൈവർഘ്യമുള്ളതായിരുന്നു. മറ്റെല്ലാ ജനങ്ങളേക്കാൾ അവിടുന്ന് ഉയർത്തിയ യൂദജനത്തിന്റെ പ്രതീകമായിരുന്നു അത്. നമ്മുടെ കർത്താവായ യേശുവിലൂടെ ഒരു ദിവസം മറ്റെല്ലാ ദിവസങ്ങളേക്കാൾ ഹ്രസ്വമായി. എല്ലാവരാലും വെറുക്കപ്പെട്ട ആ ജനത്തിന്റെ പ്രതീകമായിരുന്നു അത്. അവിടെ ആ ജനം ശക്തരായിരുന്നതുപോലെ, സൂര്യനും ശക്തമായി പ്രകാശിച്ചു. ഇവിടെ സൂര്യനെപ്പോലെ ആ ജനം സ്വയം ഇരുണ്ടുപോയി.

17. ഞങ്ങളുടെ കർത്താവേ, ചന്ദ്രന്റെ ഗുണഗണങ്ങളെപ്പറ്റി മറ്റൊരു രീതിയിൽ എഴുതാൻ എന്നെ ശക്തനാക്കിയാലും! സമ്പൂർണ സൂര്യവർഷ

---

51. ലൂ.23,46    52. മത്താ.27,51

www.malankaralibrary.com

ത്തിന്റെ 365 ദിവസത്തിൽ അതിന് 11 ദിവസം കുറവുണ്ട്. എന്റെ കർത്താവേ, ഞാൻ പറഞ്ഞതും പറയുന്നതും നിന്റെ പുകഴ്ചയ്ക്ക് ആയിരിക്കട്ടെ. നിന്റെ കാരുണ്യത്താൽ അതെനിക്ക് പാപമോചനത്തിനായി ഭവിക്കട്ടെ.

18. മോശ വർഷത്തിന്റെ എണ്ണം ചന്ദ്രന്റെ കണക്കുകൂട്ടലുമായി കൂട്ടിക്കലർത്തി. അവൻ വർഷത്തിന്റെ എണ്ണം ഒന്നിച്ചു കൂട്ടിച്ചേർത്തു. നോഹയുടെ വർഷത്തിന് രണ്ട് പ്രകാശഗോളങ്ങളുടെയും എണ്ണങ്ങളുണ്ടായിരുന്നു. വിദഗ്ദ്ധ എഴുത്തുകാരനായ മോശ അവയിൽനിന്ന് ഒരു കണക്കുകൂട്ടൽ മാത്രമേ സ്വീകരിച്ചുള്ളു. ഞങ്ങളുടെ കർത്താവേ, ഞാൻ നിനക്ക് നിന്റെ ദിവ്യരഹസ്യങ്ങളുടെ എഴുത്തുകാരനായിരിക്കട്ടെ. നീ നിന്റെ ദാസനിലൂടെ ഉപമകൾ വിശദീകരിച്ചാലും!

19. എല്ലാറ്റിനേക്കാളും നിഗൂഢമായിരിക്കുന്ന ആ സമയത്തെപ്പറ്റി സംസാരിക്കാൻ, ഞങ്ങളുടെ കർത്താവേ, എനിക്ക് ഇടയാക്കിയാലും! സ്നേഹത്തിന്റെ സാഹസികത സ്നേഹത്തിന് ഹേതുവാകുന്നു. നിന്റെ ആ പുനരുത്ഥാനത്തിന്റെ കീർത്തിയുടെ നാഴിക മറഞ്ഞിരിക്കുന്നെങ്കിൽ, നിന്റെ നിത്യമായ ജനനത്തെ സമീപിക്കുക ഭീതിദായകമാണ്. നമ്മുടെ കർത്താവും ദൈവവുമായവൻ ഉത്ഥാനം ചെയ്യപ്പെട്ടത് ഒരുപക്ഷേ ആ അനുഗൃഹീത രാത്രിയുടെ ആറാം മണിക്കൂറിലായിരിക്കാം.

20. ഇതാ, എന്റെ കർത്താവേ, എന്റെ വിശപ്പ് പ്രതീകങ്ങളുടെ ചെറുകഷണങ്ങൾ അവയുടെ വിശദീകരണങ്ങളോടുകൂടെ ശേഖരിച്ചിരിക്കുന്നു. നിന്റെ പ്രതീകങ്ങളുടെ സമ്പത്ത് വിവരിക്കാൻ, നീതിമാന്റെ നാവ് സുസജ്ജമായിരിക്കുന്നു. എന്റെ കർത്താവേ, ഞാൻ നിന്നെ ആരാധിക്കുന്നു. എന്റെ കർത്താവേ, നിന്റെ ദാസനിൽ നിന്നുപോലും നിനക്ക് എന്റെ വാക്കുകളുടെ അർപ്പണം കരേറ്റുന്നു. ആ കള്ളന്റെ തണലിൽ ഞാൻ നിന്റെ രാജ്യത്തിൽ പ്രവേശിക്കുന്നതിന്, അവനോടുകൂടെ എന്നെയും ഓർക്കണമെ.

# 7

## "സ്വർഗീയ ഗണങ്ങൾ" എന്ന രീതി

1. നീസാൻമാസം അതിന്റെ പുഷ്പിക്കലാൽ ഒരു മനോഹരപുഷ്പമാല അവനു കോർക്കട്ടെ. അവൻ കൂട്ടങ്ങൾക്കുവേണ്ടി പുൽത്തകിടി സജ്ജമാക്കി.[54] അവർ ഭക്ഷിച്ചു തൃപ്തരായി. ഓ, സംതൃപ്തിക്കു മുകളിൽ സംതൃപ്തി പരത്തിയ അത്ഭുതം! ദൃശ്യനീസാൻ അദൃശ്യനെ അലങ്കരിച്ച്,

53. മത്താ. 27,46


www.malankaralibrary.com

പ്രകീർത്തിച്ചു. വയലിലെ ശോഭനലില്ലികളും നമ്മുടെ കർത്താവിന്റെ പ്രകാശിതാടയാളങ്ങളും -പുഷ്പങ്ങളും അത്ഭുതകർമങ്ങളും-കൂടിക്കലർന്നു.

*പ്രതിസ്തോത്രം: നീസാനിൽ ജനം കുഞ്ഞാടിനെ കൊന്നു ഭക്ഷിച്ചു. ദൈവകുഞ്ഞാട് ജീവിക്കുകയും ജീവൻ നൽകുകയും ചെയ്യുന്നു.*

2. നീസാൻമാസം തുടങ്ങി; മുദ്രവയ്ക്കുകയും പൂർത്തീകരിക്കുകയും ചെയ്യുന്നത് അതാണ്. അത് തന്റെ പുഷ്പങ്ങളാൽ അയോഗ്യരായ ജനത്തെ മാലചാർത്തി; അവർ കാലികകുഞ്ഞാടിനെ ഭക്ഷിച്ച് അതിനെ ബഹുമാനിക്കുകയും ഉയർത്തുകയും ചെയ്തു. സത്യകുഞ്ഞാടിനെ നിന്ദിക്കാനും രാജാവിനെ പരിഹാസോക്തി ധരിപ്പിക്കാനും നീതിമാനെ അന്യായമായി കൊല്ലാനും അവർ കയ്പുചീരയ്ക്കു പകരം ചുറ്റിപ്പടർന്ന മുള്ളുകൾ പറിച്ചെടുത്തു.

3. നീതിമാന്റെ പുഷ്പമാല മോശ നിനക്ക് കൊണ്ടുവരട്ടെ. കാരണം, ഒന്നിച്ചുകൂടിച്ചേർന്ന വിശുദ്ധരുടെ അസ്ഥികൾ കൊണ്ട് അവൻ നിനക്ക് ഒരു മാല കോർത്തു. നിന്റെ സ്വരത്തിന്റെ മുഴക്കത്താൽ മുകുളങ്ങൾ പൊട്ടിവിടർന്നു. വസന്തമാസത്തിൽ പാതാളത്തിലും വസന്തമാണ്. മൃതരുടെ മുഖം പ്രകാശിച്ചു. അവരുടെ ഉണങ്ങിവരണ്ട അസ്ഥികൾ സന്തോഷിച്ചു. അവരുടെ നശിച്ചുപോയ സൗന്ദര്യം തിരിച്ചുവന്നു.

4. സൂര്യൻ ഇരുട്ടിൽ നിനക്കൊരു മനോഹരമാല കോർത്തു. അത് പിൻവലിഞ്ഞതിലൂടെ അത് അവനു കോർത്തു. അവന്റെ മരണത്തിന്റെ മൂന്നു ദിനങ്ങളെ അണിയിക്കാൻ മൂന്നു മണിക്കൂർകൊണ്ട് അത് പൂർത്തീകരിക്കപ്പെട്ടു. കുരിശിലൂടെ അവൻ മരണത്തിന്മേൽ ജേതാവാകാൻ, അവൻ മരണവുമായി പോരാട്ടത്തിലാണെന്ന് അത് അറിയിച്ചു. ഗോലിയാത്ത് തന്റെ സ്വന്തം വാളാൽ കൊല്ലപ്പെട്ടതുപോലെ, അവിടുന്ന് അതിനെ സ്വീകരിച്ച് അതിലൂടെ തന്നെ അതിനെ കീഴടക്കി.

5. അവൻ ദൃശ്യനും അദൃശ്യനും ആണെന്നും അവന്റെ ശരീരം അവൻ വേദനയിൽ പൊതിഞ്ഞെങ്കിലും, അവന്റെ സ്വഭാവം സഹനാതീതമാണെന്നും സൂര്യൻ വിളംബരം ചെയ്തു. അവന്റെ ശരീരത്തിന്റെ രഹസ്യത്തിലൂടെ അവൻ സഹിച്ചു, എന്നാൽ തന്റെ ദൈവികശക്തിയുടെ രഹസ്യത്തിലൂടെ അവൻ പ്രശോഭിച്ചു. ഓ, പ്രകാശത്തെപ്രതി ഇരുണ്ടുപോയ ജ്യോതിർഗോളമേ! അത് സമാശ്വാസം കാണുകയും ഉദിച്ച് നമ്മെ സാന്ത്വനപ്പെടുത്തുകയും ചെയ്തു. കാരണം, തന്റെ സഭയ്ക്കുവേണ്ടി അവൻ കബറിൽ നിന്നുയിർത്തു.

6. സൂര്യൻ ഉയരത്തിലും ചന്ദ്രൻ ആഴത്തിലും മറഞ്ഞുപോയി. നീതിമാന്മാർ നാനാഭാഗങ്ങളിലേക്കും ഓടി; തേടിനടന്ന് അഭയസ്ഥാനം കണ്ടെ

ത്തി. മധ്യഭാഗത്തുള്ള നുണയർ ചഞ്ചലചിത്തരായി തങ്ങളുടെ കർത്താവിനെ കൊന്നതിനാൽ സൂര്യൻ മാലഖമാർക്കും ചന്ദ്രൻ സംസ്കരിക്കപ്പെട്ടവർക്കും അനുരൂപരായി. അയക്കപ്പെട്ട മാലാഖമാരെപ്പോലെ സൂര്യൻ പ്രകാശിച്ചു.; ഉയിർപ്പിക്കപ്പെട്ട മൃതരോടൊപ്പം ചന്ദൻ പുറത്തേക്കു വന്നു. ക്രൂശിൽ തറച്ച വർ മധ്യത്തിൽ വീർപ്പുമുട്ടി.

7. തന്റെ വലത്തുവശത്തുള്ളവരോടൊപ്പം കിഴക്ക്ദിക്ക് അവന് ഒരു പുഷ്പമാല നീട്ടട്ടെ. പേടകത്തിന്റെ പ്രതീകങ്ങളിൽ നിന്നും സൂചനക ളിൽനിന്നും അത് അവന് മെടയാൻ ഇടയാകട്ടെ. കാർദുമലയിൽ നിന്ന് അത് പുഷ്പങ്ങൾ ശേഖരിക്കട്ടെ. അവിടെ നിന്നാണ് നോഹയും ശേമും ലോകത ലവനും ഉടലെടുത്തത്. അവിടെ നിന്ന് കീർത്തിമാനായ അബ്രഹാമും പ്രശ സ്തരായ വിദ്വാന്മാരും നക്ഷത്രവും ഉണ്ടായി. പറുദീസായാണ് അതിന്റെ സ്തുത്യർഹമായ അയൽക്കാരൻ!

8. പ്രകാശിക്കുന്നതും എല്ലായിടത്തും സൗരഭ്യം പരത്തിയതുമായ രണ്ട് പുഷപമാലകൾ പശ്ചിമദിക്ക് അവന് നീട്ടട്ടെ. പടിഞ്ഞാറ് ഇരട്ടപ്രകാശ ഗോളങ്ങൾ അസ്തമിച്ചു. എപ്പോഴും പ്രകാശിച്ചുകൊണ്ട് രണ്ടു ശ്ലീഹന്മാർ തങ്ങളുടെ കല്ലറകളിലുണ്ട്. അവയുടെ പ്രകാശം ഒരിക്കലും അസ്തമിക്കു ന്നില്ല. കാരണം, ശെമയോൻ സൂര്യനെ കീഴടക്കി, പൗലോസ് ശ്ലീഹാ ചന്ദ്ര നേക്കാൾ മികച്ചുനിന്നു.

9. ദക്ഷിണദിക്ക് ഫാറാനിൽ നിന്ന് അവന് പുഷ്പമാല നീട്ടട്ടെ.[55] എബ്രായ കുസുമങ്ങളാൽ അത് മുളപൊട്ടി പുഷ്പിച്ചു. ആരും ഒരിക്കലും പൂർത്തീകരിക്കാത്ത ഭയജന്യനിയമമാണ് നമ്മുടെ കർത്താവിന്റെ പുഷ്പ മാല; അവൻ അത് പൂർത്തിയാക്കി അവസാനിപ്പിച്ചു. അത് പഴയതായിപ്പോ യതിനാൽ, മൂകമായി വിശ്രമിച്ചു. സാക്ഷ്യത്തിനായി മാത്രം അത് ഇപ്പോഴും വായിക്കപ്പെടുന്നു. വിറയ്ക്കുന്ന വൃദ്ധരെപ്പോലെ അത് വിശ്രമിക്കുന്നു.

10. വടക്കിന്റെ കാഠിന്യം നിമിത്തം പുഷ്പിക്കൽ നടക്കുന്നില്ല. അവിടെ മഞ്ഞും മഞ്ഞുകട്ടിയും ശക്തമായ കൊടുങ്കാറ്റും മാത്രം. വട ക്കൻകാറ്റ് ഗ്രീക്കുകാരുടെ വിജാതിയത്വം പകർത്തുന്നു. ആ കാരു ണ്യസൂര്യൻ ഫലദായകമാക്കിയ നവകുസുമങ്ങൾ കൊണ്ട് ഉത്തരദിക്ക് ഒരു മാല നീട്ടട്ടെ. രക്തസാക്ഷികളുടെ അസ്ഥികളും പ്രശോഭിതകന്യകകളുടെ പുഷ്പങ്ങളും അതിൽ മൊട്ടിട്ടുവന്നു.

11. ഞങ്ങളുടെ കർത്താവേ, ഉയരവും ആഴവും നിന്നെ പുഷ്പഹാരം അണിയിക്കുന്നു. ആറാം ദിവസം മനുഷ്യർ നിനക്ക് മുൾക്കിരീടം മെടഞ്ഞ തിനാൽ, ഇതാ, ആകാശത്തിന്റെ ആറ് ഭാഗങ്ങളും തങ്ങളുടെ മാലകൾ നിനക്ക്

54. യോഹ.6,10 55. ഹബ.3,3

കൊണ്ടുവരുന്നു. അവ നിന്നെയും നിന്നിലൂടെ നിന്റെ പിതാവിനെയും അണിയിക്കട്ടെ. ആദാം കീഴടക്കപ്പെട്ടതിനാൽ അവന്റെ മാലിന്യം വലുതായിരുന്നു; എങ്കിലും വിജയപുഷ്പമാലയാൽ നീ അവന്റെ തെറ്റിനെ മൂടിക്കളഞ്ഞു. ആദത്തിന്റെ ശരീരം നിന്നിലൂടെ വിജയിച്ചു.

12. ആറാം സഹസ്രാബ്ദത്തിൽ ജനിച്ചവന് എല്ലാ ഭാഗങ്ങളിൽ നിന്നും സ്തുതി. ആറ് എന്ന സംഖ്യ കുറവുകൂടാതെ പൂർണമാണ്. നൂറ് എന്ന സംഖ്യ വലത്തുവശത്തുള്ള ഒരു മാലയാണ്. പുഷ്പമാലപോലെ നമ്മുടെ വലത്തുവശം ഗീതങ്ങൾ അർപ്പിക്കുന്നു. അതിന്റെ പ്രതീകത്തിലൂടെ ഇടത്തുവശത്തുനിന്ന് നീ ഞങ്ങളെ രക്ഷിക്കട്ടെ. അതിന്റെ സൂചനയിലൂടെ ഞങ്ങൾ വലത്തുവശത്തേക്കുവരാൻ ഇടയാകട്ടെ. അതിൽ നൂറ് എന്ന സംഖ്യ മാലപോലെ കോർത്തിണക്കിയിരിക്കുന്നു.

# 8

## "എഫ്രാതാ, നിനക്കു ഭാഗ്യം" എന്ന രീതി

1. പുത്രന്റെ വിയർപ്പു വീഴാൻ യോഗ്യയായിത്തീർന്ന സ്ഥലമേ, നീ ഭാഗ്യവതിയാകുന്നു. ധരയിൽ ആയാസപ്പെടേണ്ടിയിരുന്ന ആദത്തിന്റെ വിയർപ്പ് നീക്കാൻ,[56] അവിടുന്ന് തന്റെ വിയർപ്പുമായി കൂട്ടിക്കലർത്തുകയും രോഗികളെ തന്റെ വിയർപ്പ് വീണതിനാൽ സുഖപ്പെടുത്തുകയും ചെയ്ത ധര ഭാഗ്യമുള്ളതാകുന്നു. അന്യന്റെ വിയർപ്പുകൊണ്ട് സുഖം പ്രാപിച്ച രോഗിയെ ആരു കണ്ടിട്ടുണ്ട്!

*പ്രതിസ്തോത്രം: നിന്നെ അയച്ചവന് സ്തുതിയുണ്ടായിരിക്കട്ടെ.*

2. നിന്റെ പ്രാർഥനകളാൽ ഏദൻതോട്ടത്തെ നീ സന്തുഷ്ടമാക്കിയതിനാൽ, നീ ഭാഗ്യവതിയാകുന്നു. ആദാം രഹസ്യമായി ഭക്ഷിച്ചതിനാൽ തന്റെ സ്രഷ്ടാവിനെതിരെ ആ തോട്ടത്തിൽവച്ച് അവന്റെ ഇച്ഛ വിഭജിതമായി. യേശു ഒലിവുതോട്ടത്തിൽ പ്രവേശിക്കുകയും അതിൽ വച്ച് പ്രാർഥിക്കുകയും പറുദീസായിൽ വച്ച് വിഭജിതമായ ഇച്ഛ തന്റെ പ്രാർഥനകളാൽ നേരേയാക്കുകയും ചെയ്തു. അവിടുന്ന് പറഞ്ഞു: 'എന്റെ ഇഷ്ടമല്ല, നിന്റെ ഇഷ്ടം നിറവേറട്ടെ.'[57]

3. പരിഹാസത്തിന്റെ ഞാങ്ങണയേ, നീയും ഭാഗ്യവതിയാകുന്നു. കാരണം, ഞങ്ങളുടെ രാജാവിന്റെ കരം നിന്നോട് ചേർന്നിരിക്കുന്നു. വിഡ്ഢി

56. ഉൽപ.3,19 57. ലൂ.22,42

കൾ പ്രതീകാത്മകമായി അവനു നൽകിയ ഞാങ്ങണയാണിത്. കാരണം, ന്യായാധിപൻ എന്ന നിലയിൽ അവൻ അവരുടെ തിരസ്ക്കരണം എഴുതിവച്ചു. തങ്ങളുടെ സ്വന്തം നഗരങ്ങൾ ശൂന്യമാക്കാൻ അവനെ പ്രകോപിപ്പിച്ച സീയോനും ജറുസലേമിനും ഹാ,കഷ്ടം! അവർ നിലവിളിച്ചുകൊണ്ട് കള്ളനെ സഹായിച്ചു. കരുണകൂടാതെ സീയോനും ജറുസലേമും വിഭജിക്കപ്പെടുമെന്ന്, അവർ അപമാനിച്ച രാജാവ് വിധി പ്രസ്താവിക്കുകയും എഴുതി പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. പരിഹാസപൂർവം അവർ അവന്റെ കൈയിൽ ഞാങ്ങണ കൊടുത്തു. അവൻ അതിനെ ഒടിഞ്ഞ ഞാങ്ങണയാക്കി. ബലമില്ലാത്തതും കൂർത്ത മുള്ളുള്ളതുമായ ഞാങ്ങണയിൽ ആരും ആശ്രയിക്കാതിരിക്കട്ടെ. അവനെ ഞാങ്ങണ കൊണ്ട് പരിഹസിച്ച ആ ജനത്തെ ലജ്ജിപ്പിക്കാൻ, ശരിയായ ഒരു ചെങ്കോലിനെപ്പറ്റി ദാവീദ് എഴുതി.[58] ഇരുമ്പുകൊണ്ടുള്ള ഒരു ചെങ്കോലിനെപ്പറ്റി ദാവീദ് എഴുതി. അവനെ ക്രൂശിൽ തറച്ചവരെ തകർക്കാനായി അത് അവന്റെ കൈയിൽ കൊടുത്തു.

5. ഗോഗുൽത്തായേ, നീയും ഭാഗ്യവതിയാകുന്നു! നീ ചെറുതാണെങ്കിലും സ്വർഗം നിന്നിൽ അസൂയപ്പെടുന്നു. കാരണം, നമ്മുടെ കർത്താവ് മേൽ സ്വർഗത്തിൽ മറഞ്ഞിരുന്നപ്പോൾ നമ്മുടെ അനുരഞ്ജനം നടന്നില്ല. നിന്നിലാണ് ഞങ്ങളുടെ കടങ്ങൾ പരിഹരിക്കപ്പെട്ടത്. ഏദനിലേക്ക് കടക്കാൻ കള്ളൻ നിന്നിൽ നിന്നാണ് അത് തുറന്നത്. സ്വർഗത്തിന് ഞങ്ങളുടെ അഭയകേന്ദ്രമാകാൻ കഴിഞ്ഞില്ല. നിന്നിൽ ക്രൂശിക്കപ്പെട്ടവനാണ് എന്നെ രക്ഷിച്ചത്.

6. മേലെഴുത്തേ,[59] നീയും ഭാഗ്യമുള്ളതാകുന്നു. രാജാവിന്റെ പ്രതിച്ഛായ പോലെ അവർ നിന്നെ രൂപീകരിച്ചു. അവനോടൊപ്പം നിന്നെ അവർ കുരിശിൽ ചേർത്തുവച്ചു. രാജാവ് മരണനിറം വഹിച്ചു. അവന്റെ പ്രതിച്ഛായയായ മേലെഴുത്ത് രാജാവിന്റെ നിറം വഹിച്ചു. അവന്റെ ബാഹ്യപ്രതിച്ഛായയല്ല നീ വഹിച്ചത്. കാരണം, ക്രൂശിതനായ ആ രാജാവിന്റെ നിഗൂഢമായ ഉപമകളിൽ നീ പൊതിയപ്പെട്ടിരുന്നു. അങ്ങനെ അവന്റെ നിഗൂഢസൗന്ദര്യം നിന്റെ ദൃശ്യതയിലൂടെ നീ പ്രഖ്യാപിച്ചു.

7. ഓ, മേലെഴുത്തേ, നീതിമാൻ നിന്നെക്കുറിച്ചും ജനതകളിൽ നിന്ന് ജനതകളിലേക്ക് എഴുതി. ജനതകളുടെ ഇടയിൽ നിന്ന് നിശബ്ദാടയാളങ്ങൾ പുത്രനുവേണ്ടി സംസാരശക്തിയുള്ള പ്രവാചകരായിത്തീർന്നു. കുരിശിൽ തറച്ചവർ പ്രവാചകരെ പൊതിഞ്ഞ് സൂക്ഷിച്ചപ്പോൾ, ജനതകളുടെ പ്രവാചകത്വം ഉച്ചത്തിൽ വിളിച്ചുപറഞ്ഞു: 'അവരുടെ ലിഖിതങ്ങൾ പൊതിഞ്ഞിരി

---

58. സങ്കീ.45,6        59. പെത്ഖാ : ലൂ.23,38


www.malankaralibrary.com

ക്കയാണ്. ആ ജനം അവരുടെ കർത്താവിനെ കൊന്നെന്ന് അവരുടെ സ്വരം സാക്ഷ്യപ്പെടുത്തുന്നു'.

8. ഓ, കള്ളനേ, നീയും ഭാഗ്യമുള്ളവനാകുന്നു. കാരണം, നിന്റെ മരണത്തിൽ നിന്ന് ജീവൻ നിന്നെ പുറത്തേക്ക് ആനയിച്ചു. നീ ഒരു തിന്മയിൽനിന്ന് മറ്റൊന്നിലേക്ക് എറിയപ്പെട്ടെന്ന് മനുഷ്യർ നിന്നെ കുറ്റപ്പെടുത്തി. എന്നാൽ നമ്മുടെ കർത്താവ് നിന്നെ എടുത്ത് പറുദീസായിൽ വച്ചു. നിന്നെപ്പറ്റി സംസാരിക്കാൻ ഞങ്ങളുടെ നാവിന് അർഹതയില്ല. കാരണം, സ്കറിയോത്താ വഞ്ചനാപൂർവം കർത്താവിനെ ഒറ്റിക്കൊടുത്തു; ശെമയോനും അവനെ തള്ളിപ്പറഞ്ഞു; ശിഷ്യന്മാർ ഓടിയൊളിച്ചു; എന്നാൽ നീ മാത്രം അവനെ പ്രഘോഷിച്ചു.

9. പ്രതീകാത്മകമായി രണ്ടു കള്ളന്മാരുടെ മധ്യേ അവൻ ക്രൂശിക്കപ്പെട്ടു. അവരിൽ ഒരുവൻ അവനെ ദുഷിച്ചു; മറ്റവൻ അവനെ ഏറ്റുപറഞ്ഞു. ഇന്ന് യൂദജനം അവനെ നിഷേധിക്കുന്നു; എന്നാൽ ജനതകൾ അവനെ ഏറ്റുപറയുന്നു എന്ന് പ്രതീകം വ്യക്തമാക്കുന്നു. പ്രതീകാത്മകമായി അവൻ അവർക്കുവേണ്ടി നിശ്ശബ്ദമായി നുണയരെ നിന്ദിച്ചു. കാരണം, ഇതാ, അവർ ലോകത്തിൽ നിന്ദിക്കപ്പെടുന്നു. വിശ്വസിച്ച കള്ളനോട് അവൻ തന്റെ വചനത്താൽ കരുണ കാട്ടി. ഇതാ, അവന്റെ അനുയായികൾ ബഹുമാനിക്കപ്പെടുന്നു.

10. അവർ അവന്റെ കുരിശ് മലമുകളിൽ നാട്ടി; അവർ തന്നെ അവിടെ കയറി, അതിനു കീഴിൽ നിന്നു. ന്യായാസനത്തിൽ ഇരുന്ന് അവരെ തന്റെ പാദപീഠം ആക്കുന്നതിന്റെ പ്രതീകം അവർ അവനു വേണ്ടി രൂപീകരിക്കുകയായിരുന്നു. തന്റെ സത്യത്തിന്റെ കൊടുമുടിയിൽ താൻ പണിയാൻ തുടങ്ങിയ തന്റെ സഭയുടെ കണ്ണാടിയാണ് ഗോഗുൽതാ. ഇന്നും സഭ അടിസ്ഥാനം ഉറപ്പിച്ചിരിക്കുന്നത് ഗോഗുൽത്തായിലാണ്!

11. നീതിമാനായ ജോസഫിന്റെ അതേനാമം വഹിക്കുന്ന നീയും ഭാഗ്യവാനാണ്. കാരണം, നീ ജീവനുള്ള മൃതനെ പൊതിഞ്ഞ് കബറടക്കി;[60] ഉറങ്ങുന്ന ഉണർവുള്ളവന്റെ കണ്ണുകൾ നീ അടച്ചു. അവൻ തന്നെയും ഉറക്കം നടിച്ച് മരണനിദ്രയിലൂടെ പാതാളത്തെ കൊള്ളയടിച്ചു. മരണത്തിനു ഹാ, കഷ്ടം! കാരണം, അവനെ കബളിപ്പിക്കാൻ ആ ഉണർവുള്ളവൻ ഗാഢനിദ്രയിലമർന്നു. അവന്റെ ഉണർവ് ആഴമായ നിദ്രയിലേക്ക് താണു. നമ്മെ കൊള്ളയടിച്ചവൻ കൊള്ളയടിക്കപ്പെട്ടു. നമ്മെ പിടിച്ചവൻ പിടിക്കപ്പെട്ടു. വരുവിൻ, നമുക്ക് ആർത്തട്ടഹസിച്ച് അവനെ പരിഹസിക്കാം!

60. മത്താ.27,59

www.malankaralibrary.com

12. അപൂർവ കബറേ, നീയും ഭാഗ്യവതിയാകുന്നു. കാരണം, ഏകജാതനായ പ്രകാശം നിന്നിൽ നിന്ന് ഉദിച്ചുയർന്നു. നിന്നിൽ മരണത്തിന്റെ ഗർവ് കീഴടക്കപ്പെട്ടു. എന്തുകൊണ്ടെന്നാൽ മരിച്ച ജീവനുള്ളവൻ നിന്നിൽ മരണത്തെ വിരട്ടിയോടിച്ചു. നിന്റെ ഉള്ള് അനുഗൃഹീതമാകുന്നു. കാരണം, എല്ലാറ്റിനെയും വിഴുങ്ങുന്ന മതിവരാത്ത വായ് അതിൽ അടയ്ക്കപ്പെട്ടു. ഞങ്ങളുടെ ഉത്ഥാനത്തിലുള്ള സമ്പൂർണ സന്തോഷത്തോടെ, ഈറയർ നിന്റെ കവാടം കിരണങ്ങളാൽ മാല ചാർത്തുന്നു.

13. ഒരദൃശ്യമരണത്താൽ ആദം മരിച്ച ഏദന്റെ പ്രതീകമാണ് അവന്റെ കബറും അവന്റെ തോട്ടവും. അവൻ ഓടി വൃക്ഷങ്ങളുടെ ഇടയിൽ ഒളിച്ചു. ഒരു കല്ലറയിൽ എന്നപോലെ അവൻ കടന്ന് ഒളിച്ചിരുന്നു. കബറടക്കപ്പെട്ട ജീവനുള്ളവൻ, തോട്ടത്തിൽ ഉത്ഥിതനായവൻ, തോട്ടത്തിൽ വീണുപോയവനെ ഉണർത്തി. തോട്ടത്തിലെ കല്ലറയിൽ നിന്ന് തോട്ടത്തിലെ വിവാഹവിരുന്നിലേക്ക് അവൻ മഹത്വത്തോടെ അവനെ ആനയിച്ചു.

14. ആദത്തെ കൊന്ന ആ കള്ളന്റെ സഖിയായ, അത്യാർത്തിയുള്ള സർപ്പമേ, നീ എവിടെയാണ്? ദുഷ്ടൻ അവനെ കൊന്ന് അവന്റെ വായടയ്ക്കുകയും അവന്റെ ജഡം അത്യാർത്തിയുള്ള മരണത്തിന് എറിഞ്ഞുകൊടുക്കുകയും ചെയ്തു. നിങ്ങൾക്കിരുവർക്കും ഹാ, കഷ്ടം! കാരണം, ഒരേ, ഒരാൾ നിങ്ങളെ കീഴടക്കി. നിങ്ങൾ ഒരേ ഒരു കാര്യത്തിൽ ആശ്രയിച്ചു. ഇപ്പോൾ അത് കൈവിട്ടുപോയിരിക്കുന്നു. ഹവ്വാ തോട്ടത്തിലും ആദാം പറുദീസായിലുമാണ്; നിങ്ങളാകട്ടെ, യാതനയിലാണ്.

15. ഓ, ബഥാനിയായേ,[61] നീയും ഭാഗ്യവതിയാണ്! കാരണം, പേടകത്തിന്റെ മലയും സീനായ്മലയും നിന്നിൽ അസൂയപ്പെടുന്നു. അത്യുന്നത കർത്താവ് അവയിൽ നിന്നല്ല ഉന്നതത്തിലേക്ക് പോയത്; പിന്നെയോ, നിന്നിൽ നിന്നാണ്. നിന്റെ ഭൂപ്രദേശങ്ങളും ഭാഗ്യമുള്ളവയാണ്. അവ അവന്റെ സ്വർഗാരോഹണത്താൽ അനുഗൃഹീതമായി. കാരണം, അവന്റെ സ്തുത്യർഹയാത്രയും, ഉയരാഴങ്ങളിൽ കർതൃത്വത്തിലേക്ക് കടന്ന താഴ്മയുള്ളവന്റെ പക്കലേക്ക് തങ്ങളുടെ ഉയരത്തിൽനിന്ന് താണിറങ്ങിയ മേഘവും നീ കണ്ടു.

16. അസൂയാരഹിതരായ നിങ്ങൾ മൂവരും ഭാഗ്യമുള്ളവരാണ്! കാരണം, പിതാവിന്റെ മൂന്നാമൻ[62] നിങ്ങൾക്ക് തുല്യനാണ്. ബേത്‌ലഹേമിൽ അവന്റെ ജനനം, നസ്രത്തിൽ അവന്റെ വാസം, ബഥാനിയായിൽ അവന്റെ സ്വർഗാരോഹണം. അവയിൽ അവൻ ആരംഭിക്കുകയും തന്റെ യാത്ര പൂർത്തിയാക്കുകയും ചെയ്തു. അവൻ മഹത്വീകരിക്കപ്പെട്ടു. അവൻ തന്റെ പുളിപ്പ് അവശേഷിപ്പിക്കുകയും തന്റെ ജനത്തിൽ ഒളിച്ചുവയ്ക്കുകയും

61. ലൂ.24,50 62. ക്രിസ്തുവിനെ കുറിക്കുന്നു.


www.malankaralibrary.com

ചെയ്തു. ഇതാ, കുരിശിൽ ഉയർത്തപ്പെട്ട അവൻ എല്ലാ ജനതകളെയും അനായാസം തന്നിലേക്ക് അടുപ്പിക്കുകയും ചെയ്തു. അവനെ അയച്ചവന് സ്തുതി.

# 9

## "എഫ്രാതാ, നിനക്ക് ഭാഗ്യം" എന്ന രീതി

1. നമ്മുടെ രാജാവിന്റെ പിന്നാലെ സജീവകുരിശു വഹിച്ച ശെമയോനേ, നീയും ഭാഗ്യവാനാകുന്നു. രാജാക്കന്മാരുടെ കൊടികൾ വഹിക്കുന്നവർ ഗംഭീരരാണ്. എങ്കിലും രാജാക്കന്മാർ തങ്ങളുടെ കൊടികളോടൊപ്പം ദുർബലരാണ്. കുരിശ് വഹിക്കുകയും അതിന്റെ നേർക്ക് സന്തോഷം പ്രകടിപ്പിക്കുകയും ചെയ്ത നിന്റെ കരങ്ങൾ ഭാഗ്യമുള്ളവയാണ്. അത് കുനിഞ്ഞ് നിനക്ക് ജീവൻ നൽകി. നിന്റെ വാഹകൻ ജീവന്റെ നാട്ടിലേക്ക് നിന്നെ വഹിക്കുകയും അവിടെ നിന്നെ എത്തിക്കുകയും ചെയ്തു. കാരണം, സ്വർഗരാജ്യത്തിന്റെ കപ്പലാണത്.

2. സജീവ കുരിശുമരമേ, നീയും ഭാഗ്യവതിയാകുന്നു. കാരണം, നീ മരണത്തിന് ഒരദൃശ്യ കുന്തമായിത്തീർന്നു. തനിക്കേറ്റ ആ കുന്തം കൊണ്ട്, അതുമായി ഏറ്റുമുട്ടിയപ്പോൾ, പുത്രൻ മരണത്തെ കൊന്നു. അവന്റെ കുന്തം, കുന്തം നീക്കിക്കളഞ്ഞു. കാരണം, അവന്റെ പാപമോചനം നമ്മുടെ കടച്ചീട്ട് കീറിക്കളഞ്ഞു. പറുദീസാ സന്തോഷിച്ചു. കാരണം, അഭയാർഥികളും രാജ്യഭ്രഷ്ടരുമായവരെ തങ്ങളുടെ ഭവനങ്ങളിലേക്ക് അത് തിരികെ കൊണ്ടുവന്നു.

3. കയ്പുജലം നിനക്ക് പ്രതീകാത്മകമായി മധുരമുള്ളതായി. കയ്പുള്ളത് നിന്നിലൂടെ മധുരമുള്ളതായിത്തീരും.......

## മാർ അപ്രേം

# ഉത്ഥാനത്തെപ്പറ്റിയുള്ള ഗീതങ്ങൾ

## 1

1. ദാവീദിന്റെ ഭവനത്തിൽ നിന്ന് നമുക്കുവേണ്ടി കുഞ്ഞാട് കടന്നുവന്നു; പുരോഹിതനും മഹാപുരോഹിതനും അബ്രഹാമിൽനിന്നും. തന്റെ ശരീരം ബലിക്കായും തന്റെ രക്തം തളിക്കലിനുമായി[63] തന്നുകൊണ്ട് അവൻ നമുക്ക് കുഞ്ഞാടും മഹാപുരോഹിതനുമായി. അവന്റെ പ്രവൃത്തികൾ വാഴ്ത്തപ്പെട്ടവയാകുന്നു.

*പ്രതിസ്തോത്രം: അവന്റെ ഉദയം വാഴ്ത്തപ്പെട്ടതാകുന്നു.*

2. വഴിതെറ്റിപ്പോയ ആടായ ആദത്തെതേടി എല്ലാവരുടെയും ഇടയൻ താഴേക്കു പറന്നുവന്നു; അവനെ എടുത്ത് അവിടുന്ന് തോളിൽ വഹിച്ചു.[64] അജഗണത്തിന്റെ കർത്താവിന് അവൻ ഒരു കാഴ്ചയർപ്പണം[65] ആയിരുന്നു. അവന്റെ ഇറക്കം വാഴ്ത്തപ്പെട്ടതാകുന്നു.

3. ദാഹാർത്തഭൂമിയായ[66] മറിയത്തിൽ അവിടുന്ന് പനിമഞ്ഞും ജീവദായകമഴയും വർഷിച്ചു. പുതിയ കതിർക്കുലയായും[67] പുതിയ അപ്പമായും[68] തീരാൻ, ഗോതമ്പു മണിപോലെ അവൻ വീണ്ടും പാതാളത്തിൽ നിപതിച്ചു. അവന്റെ അർപ്പണം വാഴ്ത്തപ്പെട്ടതാകുന്നു.

4. നഷ്ടപ്പെട്ടുപോയ മനുഷ്യവർഗത്തിൽ നിന്ന് അവന്റെ വിജ്ഞാനം തെറ്റിനെ ആട്ടിപ്പായിച്ചു. അവൻ നിമിത്തം ദുഷ്ടനു വഴിതെറ്റുകയും അവൻ സംഭ്രമിക്കുകയും ചെയ്തു. അവൻ തന്റെ വിജ്ഞാനം മുഴുവൻ ജനതകളിൽ വർഷിച്ചു. അവന്റെ ഉറവ വാഴ്ത്തപ്പെട്ടതാകുന്നു.

---

63. പുറ.12,6-7
64. ലൂ.15,5
65. കുർബാന
66. ഏശാ.53,2
67. ലേവ്യ. 23,11
68. യോഹ.6,36


www.malankaralibrary.com

5. ഉന്നതത്തിൽ നിന്ന് ദൈവികശക്തി നമ്മുടെ പക്കലേക്കിറങ്ങിവന്നു. ഉദരത്തിൽ നിന്ന് പ്രത്യാശ നമുക്കായി പ്രകാശിച്ചു. കല്ലറയിൽ നിന്ന് ജീവൻ[69] നമുക്ക് ഉദിച്ചു. വലത്തുഭാഗത്ത് രാജാവ് നമുക്കുവേണ്ടി ഇരിക്കുന്നു. അവന്റെ മഹത്വം വാഴ്ത്തപ്പെട്ടതാകുന്നു.

6. ഉന്നതത്തിൽ നിന്ന് നദിപോലെ അവൻ ഒഴുകി. മറിയത്തിൽനിന്ന് വേരിൽ നിന്നെന്നപോലെ അവൻ പൊട്ടിമുളച്ചു.[70] കുരിശിൽ നിന്ന് ഫലസമാനം അവൻ ഇറങ്ങിവന്നു. ആദ്യഫലമായി അവൻ സ്വർഗത്തിലേക്ക് കരേറി.[71] അവന്റെ തിരുഹിതം വാഴ്ത്തപ്പെട്ടതാകുന്നു.

7. പിതാവിന്റെ മടിയിൽ നിന്ന്[72] വചനം പുറപ്പെട്ടു. മറ്റൊരു മടിയിൽ അവൻ ശരീരം ധരിച്ചു. ഒരു മടിയിൽ നിന്ന് മറ്റൊന്നിലേക്ക് അവൻ കടന്നു. അവൻ സംശുദ്ധമായ ഉദരങ്ങൾ നിറയ്ക്കുന്നു. നമ്മിൽ വസിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

8. ഉന്നതത്തിൽ നിന്ന് കർത്താവായി അവൻ താണിറങ്ങിവന്നു. ഉദരത്തിൽ നിന്ന് ദാസനെപ്പോലെ അവൻ പുറത്തേക്കുവന്നു. പാതാളത്തിൽ മരണം അവന്റെ മുമ്പിൽ മുട്ടുകുത്തി. അവന്റെ ഉത്ഥാനത്തിൽ ജീവൻ അവനെ ആരാധിച്ചു. അവന്റെ വിജയം വാഴ്ത്തപ്പെട്ടതാകുന്നു.

9. മറിയം ശിശുവായി അവനെ വഹിച്ചു. പുരോഹിതൻ അർപ്പണമായി അവനെ വഹിച്ചു.[73] സ്ലീബാ കൊല്ലപ്പെട്ടവനായി അവനെ വഹിച്ചു. സ്വർഗം ദൈവമായി അവനെ വഹിച്ചു. അവന്റെ പിതാവിനു സ്തുതി!

10. എല്ലാ വശത്തുനിന്നും അവൻ കൈകൾ നീട്ടി സൗഖ്യവും വാഗ്ദാനങ്ങളും നൽകി. കുട്ടികൾ അവന്റെ സൗഖ്യം ലഭിക്കാനോടി. തിരിച്ചറിവുള്ളവർ അവന്റെ വാഗ്ദാനങ്ങൾക്കായി ഓടി. അവന്റെ പ്രത്യക്ഷീകരണം വാഴ്ത്തപ്പെട്ടതാകുന്നു.

11. മത്സ്യത്തിന്റെ വായിൽനിന്ന് അവൻ ഒരു നാണയം നൽകി.[74] അതിന്റെ മുദ്ര കാലികവും ആ നാണയം കടന്നുപോകുന്നതുമായിരുന്നു. നമുക്ക് പുതിയൊരുടമ്പടി നൽകിക്കൊണ്ട് തന്റെ സ്വന്തം വായിൽ നിന്ന് അവൻ നമുക്ക് പുതിയൊരു മുദ്ര നൽകി. അതിന്റെ ദാതാവ് വാഴ്ത്തപ്പെട്ടവനാകുന്നു.

12. ദൈവത്തിൽ നിന്നാണ് അവന്റെ ദൈവത്വം; മർത്യരിൽ നിന്നാണ് അവന്റെ മനുഷ്യത്വം; മൽക്കീസദേക്കിൽ നിന്നാണ് അവന്റെ പൗരോ

---

69. രക്ഷ
70. ഏശാ.11,1;ലൂ.3,32;റോമ.15,12
71. കൊളോ.1,18
72. ഉദരത്തിൽ നിന്ന്
73. ലൂ.2,25
74. മത്താ.17,27

www.malankaralibrary.com

ഹിത്യം[75]; ദാവീദിന്റെ വംശാവലിയിൽ നിന്നാണ് അവന്റെ രാജത്വം. അവന്റെ കൂട്ടിച്ചേർക്കൽ വാഴ്ത്തപ്പെട്ടതാകുന്നു.

13. അതിഥികളോടൊപ്പം വിവാഹവിരുന്നിൽ അവൻ ചേർന്നു; ഉപവാസകരോടൊപ്പം പരീക്ഷകളിൽ അവൻ ചേർന്നു. ജാഗരണം ചെയ്യുന്നവരോടൊപ്പം പോരാട്ടത്തിൽ അവൻ ചേർന്നു. വിശുദ്ധസ്ഥലത്ത് അവൻ ഒരു പ്രബോധകനായിരുന്നു. അവന്റെ പ്രബോധനം വാഴ്ത്തപ്പെട്ടതാകുന്നു.

14. അശുദ്ധരിൽ നിന്ന് അവൻ പിന്മാറിയില്ല. പാപികളിൽ നിന്ന് അവൻ അകന്നുമാറിയില്ല. സത്യസന്ധരിൽ അവൻ അതീവസന്തുഷ്ടനായിരുന്നു. ഋജുമാനസ്സരിൽ അവൻ വളരെ ആനന്ദിച്ചു. അവന്റെ പ്രബോധനം വാഴ്ത്തപ്പെട്ടതാകുന്നു.

15. രോഗികളിൽ നിന്ന് അവൻ തന്റെ പാദവും സാധാരണക്കാരിൽനിന്ന് തന്റെ വാക്കുകളും പിൻവലിച്ചില്ല. താഴ്ന്നവരിലേക്ക് അവൻ താഴ്ന്നിറങ്ങി; അത്യുന്നതങ്ങളിലേക്ക് അവൻ കരേറി. അവനെ അയച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

16. അവന്റെ ജനനമാണ് നമ്മുടെ ശുദ്ധീകരണം. അവന്റെ സ്നാനമാണ് നമ്മുടെ പാപമോചനം. അവന്റെ മരണമാണ് നമ്മുടെ ജീവൻ. അവന്റെ സ്വർഗാരോഹണമാണ് നമ്മുടെ മഹത്വീകരണം. അവന് എങ്ങനെ നന്ദി പറയാൻ നമുക്കാകും?

17. അത്യാർത്തിയുള്ളവർ അവനെ ഭോജനപ്രിയനായി കരുതി.[76] വിവേകികൾ അവനെ എല്ലാം പ്രദാനം ചെയ്യുന്നവനായി കണക്കാക്കി. കുടിയന്മാർ അവനെ കുടിയനായി കരുതി. തിരിച്ചറിവുള്ളവർ അവനെ എല്ലാവർക്കും പാനീയം നൽകുന്നവനായി പരിഗണിച്ചു. അവന്റെ മുൻകൂട്ടി കാണൽ വാഴ്ത്തപ്പെട്ടതാകുന്നു.

18. കയ്യാഫാസിന് അവന്റെ ഗർഭധാരണം ഇടർച്ചയായിരുന്നു; എന്നാൽ ഗബ്രിയേലിന് അവന്റെ ജനനം മഹനീയമായിരുന്നു. അവിശ്വാസികൾക്ക് അവന്റെ സ്വർഗാരോഹണം സംശയത്തിന് ഹേതുവായി; എന്നാൽ അവന്റെ ശിഷ്യർക്ക് തന്റെ മഹനീയത ആശ്ചര്യമുളവാക്കുന്നു. അവന്റെ വേർതിരിവ് വാഴ്ത്തപ്പെട്ടതാകുന്നു.

19. തന്റെ ജനകനോടൊപ്പം അവന്റെ ജനനം സുനിശ്ചിതമാണ്; എന്നാൽ അന്വേഷകർക്ക് അവന്റെ നിത്യജനനം അസാധ്യമായ സംഗതിയാണ്. സ്വർഗീയർക്ക് അതിന്റെ യാഥാർഥ്യം സുസ്പഷ്ടമാണ്; എന്നാൽ താഴെയുള്ളവർക്ക് അത് അന്വേഷണത്തിന്റെയും സംശയത്തിന്റെയും വിഷയമാണ്; എന്നാലത് അന്വേഷണാതീതമാണ്.

---

75. എബ്രാ.5,6 76. മത്താ.11,19


www.malankaralibrary.com

20. ദുഷ്ടൻ അവനെ പരീക്ഷിച്ചു. യൂദജനം അവനെ ചോദ്യംചെയ്തു. ഹേറോദേസ് അവനോട് ആരാഞ്ഞു. അവനെ പരിശോധിക്കാൻ ആഗ്രഹിച്ചതിനാൽ, നിശ്ശബ്ദത കൊണ്ട് അവനെ അവിടുന്ന് ഖണ്ഡിച്ചു.[77] അവന്റെ ജനകൻ വാഴ്ത്തപ്പെട്ടവനാകുന്നു.

21. യോർദാനിൽ സ്നാനപ്പെട്ട ഒരാളായി അവർ അവനെ പരിഗണിച്ചു. കടലിൽ ആയിരുന്നപ്പോൾ ഉറങ്ങുന്നവരുടെ ഇടയിൽ അവർ അവനെ എണ്ണി.[78] കൊല്ലപ്പെടേണ്ടവനെപ്പോലെ അവർ അവനെ കുരിശിൽ തൂക്കി. ഒരു ശവശരീരം പോലെ അവർ അവനെ കല്ലറയിൽ വച്ചു. അവന്റെ താഴ്മ വാഴ്ത്തപ്പെട്ടതാകുന്നു.

22. എന്റെ കർത്താവേ, നിനക്ക് തുല്യനായി ഞങ്ങൾക്ക് ആരുണ്ട്? ചെറിയവനായിത്തീർന്ന വലിയവൻ, ഉറങ്ങിയ ഉണർവുള്ളവൻ, സ്നാനപ്പെട്ട സംശുദ്ധൻ, മരിച്ച ജീവനുള്ളവൻ, എല്ലാവർക്കും ബഹുമാനം നൽകാൻ തന്നെത്തന്നെ താഴ്ത്തിയ രാജാവ്. നിന്റെ ബഹുമാനം വാഴ്ത്തപ്പെട്ടതാകുന്നു.

# 2

## “ശിശുക്കൾ കൊല്ലപ്പെട്ടു” എന്ന രീതി

1. നിന്റെ നിയമം എനിക്ക് പറുദാസായെ വെളിപ്പെടുത്തുന്ന വാഹനമായി. നിന്റെ കുരിശ് പറുദീസാ തുറക്കുന്ന താക്കോലായി. പറുദീസായിൽ നിന്ന് ശേഖരിച്ചു കൊണ്ടുവന്ന റോസാപ്പുഷ്പങ്ങളും സംസാരശക്തിയുള്ള പൂമൊട്ടുകളും, സന്തുഷ്ടോദ്യാനത്തിൽ നിന്ന് ഞാൻ വഹിച്ചു. പാട്ടുകളായി മനുഷ്യരിൽ, നിന്റെ പെരുന്നാളിന്റെ ഇടയ്ക്ക് അവ വിതറപ്പെട്ടിരിക്കുന്നു. പുഷ്പമാല ചാർത്തുന്നവനും ചാർത്തപ്പെടുന്നവനുമായവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

2. ഇതാ, ആനന്ദോത്സവം വായും നാവും മുഴുവനായി നിറഞ്ഞുനിൽക്കുന്നു. സംശുദ്ധരായ ബ്നൈക്യാമാ, ബ്നാത്ക്യാമാ എന്നിവർ അതുനിമിത്തം കൊമ്പും കുഴലും കണക്കെയായി; പെൺകുട്ടികളും ആൺകുട്ടികളും വീണയും കിന്നരവും പോലെയായി. തുടരെത്തുടരെയുള്ള ഗീതങ്ങൾ പ്രകമ്പനം കൊള്ളിച്ച് ഉയരുന്നു. അവയെല്ലാം സ്വർഗത്തിൽ എത്തുകയും മഹത്വത്തിന്റെ കർത്താവിനെ പ്രകീർത്തിക്കുകയും ചെയ്യുന്നു. ചെകിടരിൽ മുഴക്കം ഉണ്ടാക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

---

77. ലൂ.23,9    78. മത്താ.8,24

www.malankaralibrary.com

ഉത്ഥാനത്തെപ്പറ്റി: ഗീതം 2,3–8

3. താഴെ ധരയും മേലാകാശവും മുഴക്കം ഉണ്ടാക്കുന്നു. സ്വർഗീയവും ഭൗമികവുമായ ഗീതങ്ങൾ നീസാൻമാസം കൂട്ടിക്കലർത്തി. വിശുദ്ധ സഭയുടെ ഗീതങ്ങൾ ദൈവത്വത്തിന്റെ ഇടിമുഴക്കവുമായി കൂടിക്കലർന്നിരിക്കുന്നു. അതിന്റെ ദീപങ്ങളുടെ പ്രകാശത്തോടൊപ്പം മിന്നൽപ്പിണരുകൾ കൂടിക്കലർന്നിരിക്കുന്നു. മഴയോടുകൂടെ വേദനയുടെ കരച്ചിലും പുഷ്പിച്ച പുൽത്തകിടിയോടുകൂടെ പെസഹായുടെ നോമ്പും[79] കൂടിക്കലർന്നിരിക്കുന്നു.

4. പേടകത്തിൽ എല്ലാ വായ്കളിൽ നിന്നും എല്ലാ സ്വരങ്ങളും ആഹ്ലാദാരവം മുഴക്കി. പുറത്ത് ഭീകരതിരമാലകൾ, അകത്ത് മധുരസ്വരങ്ങൾ! ഇണകളായി അതിനുള്ളിൽ നാവുകൾ സംശുദ്ധതയിൽ കൂടുതലായി പാടി; അത് നമ്മുടെ പെരുന്നാളിന്റെ മുൻകുറിയാണ്. അതിൽ പേടകത്തിന്റെ കർത്താവിന് യുവാക്കളും കന്യകമാരും സംശുദ്ധമായി പാടി.

5. ഈ പെരുന്നാളിൽ ഓരോരുത്തരും താന്താങ്ങളുടെ സത്പ്രവൃത്തികൾ അർപ്പണമായി അർപ്പിക്കുമ്പോൾ, അവിടെ ഞാൻ ദരിദ്രനായി നിൽക്കുന്നെന്നു കാണുകയാൽ, എന്റെ കർത്താവേ, ഞാൻ വേദനിക്കുന്നു. നിന്റെ പനിമഞ്ഞാൽ എന്റെ ആത്മാവ് നനയ്ക്കപ്പെടട്ടെ. അതെനിക്ക് ഒരു രണ്ടാം നീസാൻ ആയിത്തീരട്ടെ. അതിന്റെ പുഷ്പങ്ങൾ എനിക്ക് അർപ്പിതവസ്തു ആയിരിക്കട്ടെ. ഇതാ, നിരവധി മാലകൾ കോർത്ത് കാതിന്റെ വാതിൽക്കൽ തൂക്കിയിട്ടിരിക്കുന്നു. എന്റെ മേൽ ഇറ്റിറ്റുവീണ മേഘം വാഴ്ത്തപ്പെട്ടതാകുന്നു.

6. മലകളിൽ നിന്നെന്നവണ്ണം ഗ്രന്ഥങ്ങളിൽ നിന്ന് പൂക്കൾ ശേഖരിക്കുന്നത് ആരു കണ്ടിട്ടുണ്ട്! അതുകൊണ്ട് സംശുദ്ധർ ആത്മാവിന്റെ വിശാലമായ ഉള്ളറകൾ നിറച്ചു. ഇതാ, സൂര്യനെപ്പോലെ സ്വരം ജനക്കൂട്ടത്തിന്മേൽ പുഷ്പങ്ങൾ വിതറിയിരിക്കുന്നു. അവ സംശുദ്ധ പൂക്കളാണ്; നമ്മുടെ കർത്താവ് മറിയത്തിന്റെ തൈലം സ്വീകരിച്ചതുപോലെ, നിങ്ങളുടെ ബുദ്ധികൊണ്ട് അവ എടുക്കുവിൻ. തന്റെ ദാസികളാൽ പൂമാല ചാർത്തപ്പെട്ടവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

7. കുട്ടികൾ നമ്മുടെ കർത്താവിന്റെ മുമ്പിൽ മനോഹരവും സംസാരശക്തിയുള്ളവയുമായ കുസുമങ്ങൾ വിതറി. കഴുതക്കുട്ടി അതുമൂലം ചാർത്തപ്പെട്ടു. അതുകൊണ്ട് വഴി നിറഞ്ഞിരുന്നു. പുഷ്പങ്ങളെപ്പോലെ സ്തുതിയും ലില്ലിച്ചെടികളെപ്പോലെ ഗാനങ്ങളും അവർ വിതറി. എന്റെ കർത്താവേ, പെരുന്നാളിന്റെ ഇടയ്ക്ക് ഇപ്പോൾ കുട്ടികളുടെ നിര നിനക്ക് പുഷ്പങ്ങളെപ്പോലെ ഗീതങ്ങൾ ആലപിച്ചു. കുട്ടികളാൽ പ്രകീർത്തിക്കപ്പെട്ട നീ വാഴ്ത്തപ്പെട്ടവനാകുന്നു.

8. ഇതാ, ഒരുദരംപോലെ ഞങ്ങളുടെ കാതുകൾ കുട്ടികളുടെ ഗീത

79. ഉയിർപ്പിന്റെ ഉപവാസവും


www.malankaralibrary.com

ങ്ങളാൽ നിറഞ്ഞിരിക്കുന്നു. കന്യകകളുടെ ഗാനങ്ങളാൽ ഞങ്ങളുടെ ആന്ത രിക കാതുകളും നിറഞ്ഞിരിക്കുന്നു. ഈ പെരുന്നാളിൽ നാമൊരു വലിയ മാല കോർക്കാനായി, ഓരോരുത്തരും എല്ലാ പുഷ്പങ്ങളും ശേഖരിച്ച്, തന്റെ മണ്ണിൽ വളരുന്ന പൂക്കളോട് കൂട്ടിക്കലർത്താൻ ഇടയാകട്ടെ. തന്റെ പുഷ്പ മാല ചാർത്തലിന് നമ്മെ വിളിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

9. മെത്രാൻ തന്റെ വ്യാഖ്യാനങ്ങൾ പുഷ്പങ്ങളായി കോർക്കട്ടെ. വൈദികർ തങ്ങളുടെ സത്കർമങ്ങളും ശെമ്മാശ്ശന്മാർ തങ്ങളുടെ വായന കളും യുവാക്കൾ തങ്ങളുടെ സ്തുതിഗീതങ്ങളും കുട്ടികൾ തങ്ങളുടെ സങ്കീർത്തനങ്ങളും കന്യകകൾ തങ്ങളുടെ കീർത്തനങ്ങളും പ്രഭുക്കന്മാർ തങ്ങളുടെ നടപടികളും സാധാരണക്കാർ തങ്ങളുടെ ജീവിതചര്യകളും കോർക്കട്ടെ. നമ്മിൽ സത്പ്രവൃത്തികൾ വർദ്ധിപ്പിക്കുന്നവൻ വാഴ്ത്തപ്പെട്ട വനാകുന്നു.

10. ജേതാക്കളായ രക്തസാക്ഷികളെയും ശ്ലീഹന്മാരെയും പ്രവാചക ന്മാരെയും നമുക്ക് ക്ഷണിച്ചുവരുത്താം. അവരുടെ പുഷ്പങ്ങൾ അവർക്കു തുല്യമാണ്. അവരുടെ പുഷ്പങ്ങൾ പ്രശോഭിതവും അവരുടെ റോസാകൾ ധാരാളവുമാണ്. അവരുടെ ലില്ലികളുടെ സൗരഭ്യം മാധുര്യമേറിയതാണ്. നമ്മുടെ മനോഹരപെരുന്നാളിന്റെ കിരീടധാരണത്തിനായി അവർ സന്തു ഷ്ടിയുടെ ഉദ്യാനത്തിൽ നിന്ന് മനോഹരകുസുമങ്ങൽ ശേഖരിച്ചുകൊണ്ടു വരുന്നു. സൗഭാഗ്യവാന്മാരിൽ നിന്ന് നിനക്ക് സ്തുതിയുണ്ടായിരിക്കട്ടെ.

11. നിന്റെ കിരീടത്തിന്റെ മഹനീയതയ്ക്കു മുമ്പിൽ രാജാക്കന്മാരുടെ കിരീടങ്ങൾ നിസ്സാരങ്ങളായിത്തീർന്നു. അതിന്റെ ഉള്ളിൽ വെടിപ്പ് കോർത്തി ണക്കിയിരിക്കുന്നു. അതിൽ വിശ്വാസം പ്രശോഭിക്കുന്നു, താഴ്മ ശോഭ പര ത്തുന്നു, അതിന്റെ ഉള്ളിൽ സംശുദ്ധത ബന്ധിതമായിരിക്കുന്നു, അതിൽ നിന്ന് മഹാസ്നേഹം പ്രസരിക്കുന്നു. ഓ, പുഷ്പങ്ങളുടെ മഹാരാജാവേ, നിന്റെ കിരീടത്തിന് തികഞ്ഞ മനോഹാരിതയാണ്. അത് മെടയാൻ ഇട യാക്കിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

12. ഞങ്ങളുടെ രാജാവേ, ഞങ്ങളുടെ അർപ്പണം സ്വീകരിക്കണമെ. അതിനുപകരം ഞങ്ങൾക്ക് രക്ഷ നൽകണമെ. നശിപ്പിക്കപ്പെട്ട ഭൂസ്വത്തു ക്കൾക്കു സ്വച്ഛത നൽകണമെ. കത്തി നശിച്ച പള്ളികൾ നവീകരിക്കണമെ. അങ്ങനെ മഹാസമാധാനം വന്നപ്പോൾ ഞങ്ങൾ ഒരു വലിയ മാല കോർക്കാൻ ഇടയാകട്ടെ. സമാധാനനാഥന് പുഷ്പമാല ചാർത്താൻ എല്ലാ ഭാഗങ്ങളിൽ നിന്നും പൂക്കളും പൂമാലകളും വന്നെത്തട്ടെ. സൃഷ്ടിച്ചവനും സൃഷ്ടിക്കാൻ കഴിവുള്ളവനും വാഴ്ത്തപ്പെട്ടവനാകുന്നു.

# 3

## "ശിശുക്കൾ കൊല്ലപ്പെട്ടു" എന്ന രീതി (3)

1. ജേതാവ് പുറത്തേക്കയച്ച, വിജയമാസമായ നീസാൻ, പ്രകാശിച്ച് ഈജിപ്തിൽ വിജയിക്കുകയും രാജാവിന്റെ മണവാട്ടിയെ രക്ഷിച്ച് പുറപ്പെടുവിക്കുകയും ചെയ്തു. അവളുടെ മുമ്പിൽ തന്റെ മേഘത്താൽ അവൻ ധരയെ നനച്ചു. അതിനെ പൂക്കൾ വിരിച്ച് നിറച്ചു. ഇടിമിന്നൽപ്പിണർ പ്രകാശിച്ചു. ഇടിമുഴക്കം ഉയർന്നു. അവളുടെ മുമ്പിൽ മലകൾ വിറച്ചു.[80] എളിയവർക്ക് വിജയം നൽകിയ കാരുണ്യവാൻ വാഴ്ത്തപ്പെട്ടവനാകുന്നു.

2. ഒരു സംശുദ്ധ വിവാഹവിരുന്ന് മരുഭൂമിയിൽ വച്ചുണ്ടായി. സീനായ് മലമുകളിലായിരുന്നു മണവറ. പരിശുദ്ധൻ താണിറങ്ങിവന്ന് തന്റെ സ്നേഹിതനായ അബ്രഹാമിന്റെ മകളുമായി വിവാഹനിശ്ചയം നടത്തുകയും വിവാഹം കഴിക്കുകയും ചെയ്തു. നടുക്കുന്ന ഒന്ന് പെട്ടെന്ന് സംഭവിച്ചു. മണവാട്ടി മണവറയിൽ വിവാഹബന്ധം വേർപെടുത്തി. വിവാഹദല്ലാൾ വരന്റെ പക്കൽ മുകളിലേക്ക് കയറിപ്പോയി. മണവറയിൽ അന്യൻ കടന്നു. വധു രാജാവിനെ ദ്വേഷിക്കുകയും കാളക്കുട്ടിയെ പ്രേമിക്കുകയും ചെയ്തു. അവൾക്ക് വിവാഹമോചനക്കത്ത് നൽകിയ സംശുദ്ധൻ വാഴ്ത്തപ്പെട്ടവനാകുന്നു.

3. മരുഭൂമിയിൽ അവൾ വ്യഭിചാരം നടത്തി; മരുഭൂമിയിൽ തന്നെ അവൾ തന്റെ പടുകുഴി കണ്ടെത്തി. സംശുദ്ധർ അവളിലൂടെ മലിനരാകാതിരിക്കാൻ, അവൻ അവളെ ജനതകളുടെ ഇടയിലൂടെ നയിച്ചില്ല. അവൾക്ക് പകരം അവൻ അവളുടെ മകളെ ചൂണ്ടിക്കാട്ടുകയും അമ്മയുടെ അലങ്കാരങ്ങൾ അവൾക്ക് നൽകുകയും ചെയ്തു. അവളുടെ അശുദ്ധിയെപ്പറ്റി അവൻ അവൾക്ക് മുന്നറിയിപ്പു നൽകി. അവൾ സംശുദ്ധയാകുമ്പോൾ രാജകുമാരൻ അവളുടെ മണവാളൻ ആകുമെന്ന് അവളോട് വാഗ്ദാനം ചെയ്തു. ജനതകളുടെ സഭയുമായി വിവാഹഉടമ്പടി ചെയ്തവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

4. ഒരിക്കൽ തന്റെ അമ്മയുടെ പക്കലേക്കെന്നപോലെ സാറായുടെ മകളുടെ പക്കലേക്ക് അവളെ പൂമാല ചാർത്താൻ സന്തുഷ്ടനീസാൻ അയക്കപ്പെട്ടു. അത് രാജകുമാരന്റെ നേരേ പുറപ്പെട്ടു. മണവാട്ടി മണവാളനിൽ സന്തുഷ്ടനാകാൻ, അവന്റെ മുമ്പിൽ വലിയ ആഡംബരം! മുടന്തർ കലമാനിനെപ്പോലെ തുള്ളിച്ചാടി, പൊട്ടിയ നയനങ്ങൾ വിളക്കുകൾ പോലെ പ്രകാ

80. സങ്കീ.114,4


www.malankaralibrary.com

ശിച്ചു, മരച്ചില്ലകൾ കൊണ്ടുള്ള സ്തുതിപ്പുകൾ അനുഗമിച്ചു.[81] വ്യഭിചാരിണിയെ ലജ്ജിപ്പിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

5. സാറായുടെ മകൾ രാജകുമാരനെ കണ്ടു. അവൻ അടക്കമൊതുക്കം ഉള്ളവനാണെന്നും താൻ ഇരുണ്ടവളാണെന്നും അവൾ കണ്ടു. അവൻ സംശുദ്ധനാണെന്നും താൻ വ്യഭിചാരത്തിൽ തഴങ്ങിയതിനാൽ രോഗിണിയാണെന്നും അവൾ കണ്ടു. തന്നെ കുറ്റപ്പെടുത്താതിരിക്കാൻ, അവൾ കുറ്റാരോപണം നടത്തി; അവൻ അവളെ പുറത്താക്കാനായി.... ക്ലേശിപ്പിക്കുന്ന ദുഷിച്ച സംഗതികൾ അവൾ അവന്റെമേൽ ആരോപിച്ചു. അവൾ വിവേകശൂന്യ ആയിരുന്നതിനാൽ, അവൻ തന്റെ സംശുദ്ധമണവാളൻ ആയിരുന്നെന്ന് അവൾ തിരിച്ചറിഞ്ഞില്ല. അവളുടെ അശുദ്ധി സഹിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

6. നീതിയുള്ള നീസാൻമാസം അവളുടെ അലങ്കാരങ്ങൾ കവർന്നെടുത്തു. അതിലാണ് അവൾ അവ ധരിച്ചിരുന്നത്. അതിലാണ് അവൾ അവ ഉപേക്ഷിച്ചത്. അത് വാതിൽമറ പകുത്തുകീറി. അവൾ ധരിച്ച സംശുദ്ധവസ്ത്രമായിരുന്നു അത്. അതുകൊണ്ടാണ് വിശുദ്ധസ്ഥലത്തെ കാരകിലുകൾ പൊതിഞ്ഞിരുന്നത്. അത് അവളുടെ പെരുന്നാളുകൾ കവർന്നെടുത്തു. അത് അവളുടെ പ്രമുഖപെരുന്നാൾ എടുത്തുമാറ്റി. അതിനെ കേന്ദ്രീകരിച്ചായിരുന്നു അവളുടെ പെരുന്നാളുകളെല്ലാം. അവളെ എന്നേക്കുമായി ഉപേക്ഷിച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

7. അവളുടെ താന്തോന്നിത്തം ദർശിച്ച രാജകുമാരൻ കടന്നുവന്ന് വിജാതിയരുടെ സഭയെ മണവാട്ടിയായി സ്വീകരിച്ചു. അവളുടെ സ്നേഹവും വിശ്വസ്തതയും പരിശോധിച്ചപ്പോൾ, ഒരിക്കലും വിവാഹമോചനം സംഭവിക്കാതിരിക്കാൻ അവൻ അവളെ തന്നോട് ബന്ധിക്കുകയും അവൻ അവളോട് ചേരുകയും ചെയ്തു. ഇതാ, രാജകീയാലങ്കാരങ്ങൾ അണിഞ്ഞ്, അവൾ രാജകീയാരമനയിൽ സിംഹാസനസ്ഥയായിരിക്കുന്നു! പുഷ്പങ്ങളാൽ അലംകൃതയായും മൂടപ്പെട്ടും നീസാൻമാസം അവൾക്ക് ശുശ്രൂഷ ചെയ്യുന്നു.

8. നീസാനിൽ പുമൊട്ടുകൾ പൊട്ടിവിടർന്ന് റോസാപ്പുഷ്പങ്ങൾ പുറത്തേക്കു വരുന്നു. അവ ഉദരത്തെ അനാവൃതമാക്കി അവശേഷിപ്പിച്ചിട്ട്, മറ്റുള്ളവരുടെ കിരീടധാരണത്തിനായി ഭവിക്കുന്നു. നീസാൻ പോലെയാണ് നീസാനിലെ പെരുന്നാളും. അതിൽ മഹാപുരോഹിതൻ തന്റെ മേൽവസ്ത്രം കീറി.[82] അവനിൽ നിന്ന് പൗരോഹിത്യം നീങ്ങിപ്പോയി. അത് അവനെ വിവസ്ത്രനാക്കിയിട്ട് അത് നമ്മുടെ കർത്താവിന്റെമേൽ വിരിച്ചു. തന്റേത് തിരികെ ആവശ്യപ്പെട്ട നീതിമാൻ വാഴ്ത്തപ്പെട്ടവനാകുന്നു.

---

81. മത്താ.21,8 82. മർക്കോ.14,63

www.malankaralibrary.com

9. നീസാനിൽ എപ്രകാരം കയ്യാഫാസ് എന്ന ആ പ്രധാനപുരോഹിതനിൽ നിന്ന് പൗരോഹിത്യം കീറപ്പെടുകയും ഉരിയപ്പെടുകയും വാതിൽമറ തന്നെ കീറിപ്പോകുകയും ചെയ്തെന്ന് ആത്മാവ് കാണുകയാൽ, ദൈവാലയത്തിൽ നിന്ന് പുറപ്പെട്ടുപോകുകയും എല്ലാം എടുത്തുകൊണ്ടു പോകുകയും ചെയ്തു. കാരണം, ശുശ്രൂഷിക്കപ്പെട്ട പരുശുദ്ധനെ ശുശ്രൂഷിക്കാൻ പുരോഹിതർ ആരും ഇല്ലെന്ന് കണ്ട്, ആത്മാവ് അവിടെനിന്ന് പുറപ്പെട്ട് അവനെ ശുശ്രൂഷിക്കുന്നിടത്തേക്ക് പോയി. തന്റെ ശുശ്രൂഷയെ ശ്രേഷ്ഠമാക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

10. അന്ധകാരത്തിന്റെ കട്ടിയുള്ള മൂടൽ നീസാനിൽ പൂർണമായി കീറപ്പെട്ടു. അന്ധകാരത്തിൽ മിന്നൽപ്പിണർ തിളങ്ങുന്നു. അതിന്റെ പ്രകാശം അതിനെ കീറിമുറിക്കുന്നു. നീസാനിൽ ആഘോഷിക്കപ്പെടുന്ന പെരുന്നാൾ ഒറ്റ ശബ്ദത്താൽ കല്ലറകൾ പിളർത്തി.[83] എല്ലാവരെയും കൊല്ലുന്ന മരണം, എല്ലാവരെയും ജീവിപ്പിക്കുന്ന സ്വരം കേൾക്കുകയും നിദ്ര വിട്ടുണർന്ന് തന്റെ സമ്പാദ്യങ്ങളെല്ലാം വിട്ടുകൊടുക്കുകയും ചെയ്തു. എല്ലാവരെയും ജീവിപ്പിക്കുന്നവന്റെ പുത്രാ, നിനക്ക് സ്തുതി.

11. ദുർബലയായിത്തീർന്ന പ്രതീകാത്മകകുഞ്ഞാട് ഈ ദിവസം ഈജിപ്തിന്റെ ഓടാമ്പലുകൾ ബലം പ്രയോഗിച്ച് തുറന്നു. അതിന്റെ കൊലയിൽ അത് തന്റെ ശക്തികാട്ടി. കാരണം, മരിച്ചത്, ജീവനുള്ളവരെ രക്ഷിച്ചു. ആദ്യജാതനും തന്റെ മരണദിവസം ഈ ജിപ്തുകാരിലെന്നപോലെ, പാതാളത്തിന്റെ ഓടാമ്പലുകൾ തുറന്നു. അപ്പോൾ മരിച്ചവർ പുറത്തേക്ക് വരികയും[84] തന്റെ മരണത്താൽ പാതാളത്തിൽനിന്ന് തങ്ങളെ പുറത്തേക്ക് കൊണ്ടുവന്ന ആ കുഞ്ഞാടിന്റെ ശക്തി പ്രഘോഷിക്കുകയും ചെയ്തു. നിന്റെ സ്വന്തത്തെ രക്ഷിച്ചവനേ, നിനക്ക് സ്തുതി!

12. സൃഷ്ടികളുടെമേൽ നിപതിച്ചിരുന്ന കഠിനഭാരം നീസാൻമാസം ലഘുവാക്കി. അത് മലകളിൽ നിന്ന് ഭാരം നീക്കി; ഉറവകളിൽ നിന്ന് മൂടികൾ മാറ്റി. കാരണം, അതിന്റെ ചൂടുകൊണ്ട് അത് നദികളിലെ മഞ്ഞും മഞ്ഞുകട്ടയും ഉരുക്കി. അതിന്റെ സമാധാനം ഉറവകളെ സന്തുഷ്ടമാക്കി. കച്ചവടക്കാരനെ സമ്പന്നനാക്കാൻ കടലിലെ ഓളങ്ങളിൽ അത് പാത തുറന്നു. എന്റെ കർത്താവേ, നിന്റെ മുൻകരുതലിനു സ്തുതി!

13. എല്ലാവരെയും ക്ലേശിപ്പിക്കുന്ന മോശമായ തണുപ്പും, എല്ലാവരെയും അലട്ടുന്ന ഞെരുക്കുന്ന ചൂടും മൃദുവായ നീസാൻ കീഴടക്കി. അത് കാറ്റിനെ തന്റെ മൃദുത്വവുമായി കൂട്ടിക്കലർത്തി. നഗ്നമായ വൃക്ഷങ്ങളെ അത് വസ്ത്രം ധരിപ്പിച്ചു. കാരണം, അനാഥരുടെ പിതാവിന്റെ ഒരു പ്രതീകമാണത്. ഏദ

83. മത്താ.27,52 84.മത്താ.27,53


www.malankaralibrary.com

നിൽ ഹവ്വായുടെ നഗ്നതയെ മറച്ച് വസ്ത്രം ധരിപ്പിച്ച തന്റെ കർത്താവിനെപ്പോലെ, അത് ധരയുടെ നഗ്നത മറച്ചു. നമ്മുടെ നഗ്നത മറച്ചവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

14. വിജയമാസമായ നീസാൻ! എല്ലാ ദിവസങ്ങളും അതിനെ ചുറ്റുന്നു; എല്ലാമാസങ്ങളും അതിനെ വലയം ചെയ്യുന്നു. മാസങ്ങളുടെ പകുതി ഒരു വശത്തും ബാക്കി മറ്റേവശത്തുമായി ഇടത്തും വലത്തും ചുറ്റുന്നു. സമ്പദ്സമൃദ്ധമായ ടെഷ്റി[85] അതിനെതിരെ അകലെനിന്ന് അതിന് അർപ്പണം നടത്തുന്നു. എല്ലാം ക്രമീകരിക്കുന്ന ശക്തി വാഴ്ത്തപ്പെട്ടതാകുന്നു.

15. 'ഓ, വന്ധ്യയേ, നിന്റെ മക്കളെ വിർദ്ധിപ്പിക്കാൻ, നിന്റെ ഉദരം ഞാൻ വിസ്തൃമാക്കും' എന്ന് പ്രവാചകൻ വിളിച്ചുപറഞ്ഞു.[86] കാരണം, അഗ്രചർമികളെ ജറുസലേം നിഗ്രഹിച്ചു. സഭയാകട്ടെ, പരിച്ഛേദിതർക്കും ജീവൻ പ്രദാനം ചെയ്യുന്നു. ശാരീരികരായവർ ആത്മീയമായി വീണ്ടും ജനിക്കാൻ അവൾ പ്രേരിപ്പിക്കുന്നു. ശാരീരികജനനത്തിൽ അവർ സന്തോഷിക്കുന്നു; കുട്ടികളുടെ പാലിൽ അവർ അഭിമാനം കൊള്ളുന്നു. നാടിന്റെ അവകാശത്തെ അവർ പ്രതീക്ഷിക്കുന്നു. ജനതകൾക്ക് വാഗ്ദാനം നൽകിയവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

16. സീയോൻപുത്രിയുടെ ചെറിയ ഉദരം വെറും കാലികമാണെന്ന് അതുതന്നെ അവളെ ബോധ്യപ്പെടുത്തുന്നു. അതിൽ തന്റെ പെരുന്നാൾ ആഘോഷിക്കാൻ അതിന് ചെറിയ കൂട്ടം മതിയാകും. ജറുസലേമിൽ മാത്രം ജനം തങ്ങളുടെ അർപ്പണം നടത്തിയാൽ മതിയെന്ന് ദൈവം കൽപ്പിച്ചു.[87] തങ്ങളുടെ കാഴ്ചകളർപ്പിക്കാൻ എല്ലാ ഭാഗങ്ങളിൽ നിന്നും എല്ലാ ജനങ്ങൾക്കും അവിടെ എങ്ങനെ എത്താനാകും? തന്റെ ശരീരം എല്ലായിടത്തും മുറിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

17. ദാനിയേൽ കണ്ട പാറ ധര മുഴുവൻ നിറച്ചു.[88] ഏലിയാ കണ്ട മേഘം വ്സ്തൃതമായി,[89] എല്ലാ ജനങ്ങളിലേക്കും നീങ്ങി വ്യാപിച്ച സുവിശേഷത്തിന്റെ മുൻകുറി ആയിത്തീർന്നു. അതിന്റെ സമൃദ്ധമായ മേഘം പെയ്യാനും ജനതകളുടെ ദാഹം ശമിപ്പിക്കാൻ കഴിവുള്ള തുള്ളികളാകാനും ഇടയാക്കി. മനുഷ്യർ എല്ലായിടത്തും ശുശ്രൂഷിക്കുന്നവൻ വാഴ്ത്തപ്പെട്ടവനാകുന്നു.

---

85. ഒക്ടോബർ-നവംബർ

86. ഏശാ.54,1ff.

87. ആവ.12,5ff.

88. ദാനി.2,35

89. 1രാജാ.18,44

www.malankaralibrary.com

# 4

## “ആദ്യജാതന്റെ നോമ്പ് ഇതാകുന്നു” എന്ന രീതി (1)

1. എല്ലാറ്റിനെയും സമ്പന്നമാക്കുന്ന മാസത്തിൽ, എന്റെ അനുഗൃഹീത കർത്താവേ, നിന്റെ സമ്പത്തിൽ നിന്ന് ഞങ്ങളെ അൽപം സമ്പന്നരാക്കണമെ. നിന്റെ സമ്മാനം നീസാൻ മാസത്തിൽ എല്ലാറ്റിന്മേലും വ്യാപിച്ചിരിക്കുന്നു. അതിൽ മലകൾ പച്ചപിടിച്ച് സമൃദ്ധമായും അലംകൃതമായും ഇരിക്കുന്നു; വൃക്ഷങ്ങൾ ഫലങ്ങൾ കൊണ്ടും കടൽ നേട്ടങ്ങൾ കൊണ്ടും നാട് വണ്ടിച്ചക്രങ്ങൾ കൊണ്ടും ഉയരം പ്രശോഭിത നക്ഷത്രങ്ങൾകൊണ്ടും താഴ്‌വരകൾ പൂക്കൾകൊണ്ടും അലംകൃതമായിരിക്കുന്നു. നീസാൻമാസം ധരയുടെ അലങ്കാരമാണ്. നീസാനിലെ പെരുന്നാൾ സഭയുടെ അലങ്കാരമാണ്.

2. ഞാൻ ധൈര്യപൂർവം അപേക്ഷിച്ച് സംസാരിക്കണമെന്ന് ഈ സംസാരശക്തിയുള്ള നീസാൻ എന്നെ ഉപദേശിക്കുന്നു. എന്റെ കർത്താവേ, മാരകഇഴജന്തുക്കളുടെ അടഞ്ഞ വായ്കൾ നീസാൻമാസത്തിൽ തുറക്കുമ്പോൾ, എല്ലാവരെയും വഞ്ചിക്കുകയും കൊല്ലുകയും ചെയ്ത ശപ്തനായ സർപ്പത്തിന്റെ വായ് അത് തുറന്നു. അപ്പോൾ, എന്റെ കർത്താവേ, നിന്റെ കാരുണ്യത്താൽ നിന്റെ ദാസന്റെ വായ് തുറക്കുകയും അതിനെ സത്യത്തിന്റെ കിന്നരമാക്കുകയും ചെയ്യണമെ. അത് എല്ലാ ശ്രോതാക്കൾക്കുമായി അനുഗൃഹീതസത്യം നിറഞ്ഞ ഇമ്പകരമായ ഗാനങ്ങൾ ആലപിക്കാൻ ഇടയാകട്ടെ.

3. വീണ്ടും, നീസാനിലെ ഇടിമുഴക്കത്തോടൊപ്പം അന്തരീക്ഷവായു എല്ലാ സ്വരങ്ങളിലും സംസാരശക്തിയുള്ളതാകുമ്പോൾ, സംസാരശക്തിയുള്ളവരുടെ സഭ നിന്റെ സംസാരശക്തിയുള്ള പെസഹാപ്പെരുന്നാളിൽ എത്രയധികമായി ആർത്തുല്ലസിക്കണം! ഒരു ഗിതാർ പോലെ ബേത്‌ലഹേമിൽ ഈററയർ ആർത്തുല്ലസിച്ച ആ പെരുന്നാളിന്റെ ബന്ധുവും സഖിയുമായ നിന്റെ മഹാപെരുന്നാളിൽ അവൾ പൂർണമായി മുഴങ്ങട്ടെ. കാനോൻ മാസത്തിൽ ഈററയർ കൊരുത്ത സ്തുതിയുടെ പൂമാല നീസാനിൽ സഭ കോർക്കട്ടെ.

4. ഇതാ, നീസാൻമാസം വസ്ത്രം നെയ്ത് ധരയെ ധരിപ്പിക്കുന്നു. സൃഷ്ടി എല്ലാ നിറങ്ങളുമുള്ള വസ്ത്രത്താൽ മൂടപ്പെടുന്നു. പുഷ്പങ്ങളുടെ വസ്ത്രവും വസന്തകാലത്തിന്റെ മേൽവസ്ത്രവുമാണത്. കൈകൾ കൊണ്ട് നെയ്തെടുക്കാത്ത ഒരു വസ്ത്രംകൊണ്ട് നീസാനിലെ പെരുന്നാളിൽ ആദത്തിന്റെ മാതാവായ ധര തന്നെത്തന്നെ പൊതിഞ്ഞിരിക്കുന്നു. തന്റെ കർത്താവ് ഇറങ്ങിവന്ന് തന്റെ മകനെ മുകളിലേക്ക് പൊക്കിയെടുത്തതിൽ


www.malankaralibrary.com

അവൾ സന്തോഷിക്കുന്നു. ധരയ്ക്ക് രണ്ടു പെരുന്നാളുകളും രണ്ട് വിവാഹാഘോഷങ്ങളും ഒന്നിച്ച്: അവളുടെ കർത്താവിന്റെയും അവളുടെ മകന്റെയും ആഘോഷം!

5. ജീവിച്ചിരിക്കുന്നവർക്ക് മാതൃഉദരവും മടിയും പോലെയും മരിച്ചവർക്ക് പുതപ്പുപോലെയുമാണ് ഭൂമി. ഓ, ധര! അവളിൽ നിന്ന് സകലരും വസ്ത്രം ധരിക്കുന്നു, അവളെ ഉടുപ്പിക്കാൻ ആർക്കും കഴിയില്ല. നീസാൻ മാസം അവളുടെ നഗ്നതയെ ധരിപ്പിക്കുന്നു; നഗ്നനായ നോഹയെ ധരിപ്പിച്ചതുപോലെ അത് അവളുടെ നഗ്നതയെ വസ്ത്രം ധരിപ്പിക്കുന്നു. രണ്ടു സഹോദരങ്ങൾ ഒരു വസ്ത്രംകൊണ്ട് എല്ലാവരുടെയും പിതാവിനെ മറച്ചു.[90] എല്ലാവരുടെയും മാതാവായ ധരയെ നീസാൻമാസം തനിച്ച് പുഷ്പവസ്ത്രങ്ങളാൽ പൊതിഞ്ഞു.

6. വസന്തമാസത്തിൽ നിറഞ്ഞ ചുറുചുറുക്കോടെ തേനീച്ച പുറത്തേക്കു വരുന്നു. എല്ലാറ്റിനേക്കാളും ബലഹീനയായ അതിനെ നിരീക്ഷിച്ച് അതിന്റെ ദൃഷ്ടാന്തമനുസരിച്ച് തീക്ഷ്ണതയുള്ളവർ ആകുവിൻ. അത് പ്രതീകങ്ങളിൽ[91] പൊതിയപ്പെട്ടിരിക്കുന്നു. അത് സൂചനകൾ[92] വഹിക്കുന്നു. കാരണം, അത് എല്ലാ പൂക്കളിൽനിന്നും പ്രയോജനകരമായത് ശേഖരിക്കുന്നു. അതിന്റെ മറഞ്ഞിരിക്കുന്ന, നിസ്സാരസമ്പാദ്യം തുറക്കുമ്പോൾ,അതെ പ്രകാരം അധ്വാനിച്ചെന്നും തേനറ ഉണ്ടാക്കിയെന്നും അവ നിറച്ചെന്നും കാണുമ്പോൾ, അത് അത്ഭുതം തന്നെയാണ്. അതിന്റെ സ്രഷ്ടാവ് വാഴ്ത്തപ്പെട്ടവനാകുന്നു.

7. മാധുര്യം വിതറപ്പെട്ടിരിക്കുന്നു; ഏറ്റവും വൃത്തിയുള്ള ഈ ജീവിയുടെ വായ് അത് ശേഖരിക്കുന്നു. അത് സഭയ്ക്ക് ഒരു കണ്ണാടിയാണ്. അത് പരിശുദ്ധാത്മാവിന്റെ മാധുര്യം തിരുലിഖിതങ്ങളിൽ നിന്ന് ശേഖരിക്കുന്നു. സിനഗോഗ് മരുഭൂമിയിൽ വച്ച് അശുദ്ധമായ കൈകൾകൊണ്ട് അത്യാഗ്രഹത്തോടെ മന്നാ പെറുക്കിയെടുത്തു. മനോഹര മന്നായ്ക്കുപകരം സംശുദ്ധസ്നേഹം വന്ന് ശേഖരിക്കുവിൻ. മന്നാ രാത്രിയിൽ സൂക്ഷിച്ചുവച്ചാൽ ദുർഗന്ധം വമിക്കുമായിരുന്നു.[93] എന്നാൽ സ്നേഹമാണെങ്കിൽ കൂടുതൽ മാധുര്യമുള്ളതായിത്തീരും.

8. കുത്തിക്കയറുന്ന തണുപ്പുകാലത്തിന്റെ മരവിപ്പ് നീസാൻ ഭേദിച്ചു. സ്നേഹത്തിന്റെ പ്രതീകമാണ് നീസാൻ. അത് തന്റെ ചൂടുകൊണ്ട് കടുത്ത തണുപ്പിനെ കീഴടക്കി. തണുപ്പുകാലം ബന്ധിച്ചിരുന്ന പാദങ്ങൾ കുതിച്ചു ചാടി. അലസമായിരുന്ന കൈകൾ സ്വതന്ത്രമായി. ആവേശം ഭൂമിയെ അല

90. ഉൽപ.9,23
91. റാസേ
92. ഥുപ്സേ
93. പുറ.16,20

www.malankaralibrary.com

ങ്കരിക്കാൻ പുറപ്പെട്ടു. ധര തന്നെത്തന്നെ അലങ്കരിക്കുന്നതിനു പകരം ആത്മാവ് അതുകണ്ട് ആവേശഭരിതയാകട്ടെ.

9. എല്ലാറ്റിനെയും സ്വതന്ത്രമാക്കുന്നത് എന്ന നിലയിൽ നീസാൻ ബഹുമാനിക്കപ്പെടുന്നു. അത് കച്ചവടക്കാരെ സ്വതന്ത്രരാക്കുന്നു; കാരണം തണുപ്പുകാലത്ത് അവർ ബന്ധിതരായിരുന്നു. തന്റെ കർത്താവ് പാതാളത്തിൽ ബന്ധനസ്ഥരായവരെ നീസാനിൽ സ്വതന്ത്രരാക്കുകയും അവർ തങ്ങളുടെ കല്ലറകൾ പിളർത്തുകയും ചെയ്തതുപോലെ, നീസാൻ തന്റെ ആധിപത്യത്തിന്റെ ആഗമനംകൊണ്ട് അവരെ സ്വതന്ത്രരാക്കുന്നു. തന്നത്താൻ ബന്ധിതമായ സ്വാതന്ത്ര്യം ബന്ധനത്തിൽ നിന്ന് തന്നത്താൻ മോചനം പ്രാപിക്കാൻ ഇടയാകട്ടെ. മറ്റുതരത്തിൽ സ്വതന്ത്രമാക്കാൻ ആഗ്രഹിച്ചാൽ, അവന്റെ  ബന്ധനം അവന്റെ സ്വന്തം ഇച്ഛയിൻ കീഴിൽ നിലനിൽക്കുന്നു.

10. ഓ, മൃദുവായ നീസാനേ, നിന്നിൽ സ്വർഗീയൻ ഇടിമുഴക്കം ഞങ്ങളുടെ കാതുകൾക്ക് മൃദുലമാക്കി. നീസാനിൽ ഇടിമുഴക്കത്തിന്റെ കർത്താവ് തന്റെ ശക്തി തന്റെ കാരുണ്യത്താൽ ശാന്തമാക്കി, താഴേക്കിറങ്ങി വരികയും മറിയത്തിന്റെ ഉദരത്തിൽ വസിക്കുകയും ചെയ്തു. നീസാനിൽ അവൻ വീണ്ടും ശക്തി പ്രാപിച്ചു; അവൻ പാതാളത്തിന്റെ അന്തരാളം ഭേദിച്ച് അതിൽ നിന്ന് മുകളിലേക്ക് കരേറി. നീസാനിൽ അവൻ വീണ്ടും പ്രവേശിക്കുകയും തന്റെ സ്വരം ശാന്തമാക്കുകയും തന്റെ ഉത്ഥാനത്തെപ്പറ്റി കേട്ടിട്ട് സംശയിച്ചിരുന്നവരെ ബോധ്യപ്പെടുത്തുകയും ചെയ്തു.[94]

11. ഈ സ്തുത്യർഹമായ നീസാൻ എല്ലാ നിക്ഷേപങ്ങളും തുറന്ന് അവയിലെ സമ്പത്ത് വെളിച്ചത്തു കൊണ്ടുവന്നു....എല്ലാറ്റിനെയും ജീവിപ്പിക്കുന്നവന് ഭൗമിക ഗർഭപാത്രം ശരീരം സമ്മാനിച്ചു.

12. സുഗന്ധവാഹിയായ നീസാൻ സുഗന്ധവാഹിയായ ധൂപകലശമായിത്തീർന്നു. അത് എല്ലാ സുഗന്ധങ്ങളും പരത്തി. ഭൂമിയിൽ വ്യാപരിക്കാൻ ദൈവം താണിറങ്ങിവന്നു. നീസാൻ അവനെ കാണുകയും മഹാപുരോഹിതനെപ്പോലെ സ്വീകരിക്കുകയും ചെയ്തു. അത് അവന്റെ മുമ്പിൽ സുഗന്ധധൂപം അർപ്പിച്ചു. ആ സുഗന്ധം ഇപ്രകാരം അറിയിച്ചു: ഇതാ, മഹാപുരോഹിതൻ സ്വർഗത്തിൽ നിന്ന് താഴേക്ക് ഇറങ്ങി വന്നിരിക്കുന്നു. അവന്റെ അർപ്പണം സത്യസ്നേഹമാണ്. അവന്റെ ധൂപം കാരുണ്യമാണ്. അവന്റെ ഈസോപ്പ് പാപമോചനമാണ്.

13. നീസാനിൽ നമ്മുടെ കർത്താവ് സ്വർഗത്തിൽ നിന്ന് താഴേക്കിറങ്ങിവന്ന് മറിയത്തിൽ ഉരുവായി. വീണ്ടും, നീസാനിൽ അവൻ ഉത്ഥാനം ചെയ്ത് ഉന്നതത്തിലേക്ക് കരേറി. വീണ്ടും, മറിയം  അവനെ കണ്ടു. അവൻ

94. യോഹ.20,19.24


www.malankaralibrary.com

താഴേക്ക് വന്നപ്പോൾ അവൾ അവനെ സ്പർശിച്ചു.....സൗഭാഗ്യനീസാൻ! എന്തുകൊണ്ടെന്നാൽ നീ നിന്റെ കർത്താവിന്റെ ഗർഭധാരണവും മരണവും ഉത്ഥാനവും ദർശിച്ചു.

14. തെരഞ്ഞെടുക്കപ്പെട്ടവൻ[95] ദയയിൽ തന്നെത്തന്നെ പൊതിഞ്ഞ്, നീസാനിൽ സ്വർഗം തുറന്ന് താഴേക്ക് യാത്ര പുറപ്പെട്ടു. തന്റെ നിരവധി സത്കർമങ്ങളാൽ നീസാനിൽ അവൻ മാല ചാർത്തപ്പെട്ടു. അവൻ ആഴത്തിൽനിന്ന് മുകളിലേക്ക് കരേറി. ഉത്ഥാനം ചെയ്ത പരേതർ അവനൊരു മാല കോർത്തു. സമാശ്വസിപ്പിക്കപ്പെട്ട ശിഷ്യർ നിനക്കൊരു മാല കോർത്തു. നിന്റെ പോരാട്ടത്തിൽ അത്ഭുതസ്തബ്ധരായ ഈറയർ നിനക്കൊരു മാല കോർത്തു. മുൾക്കിരീടത്തിനു പകരം സൃഷ്ടി മുഴുവൻ നിനക്ക് കീർത്തിയുടെ മാല കോർത്തു.

15. പ്രതീകങ്ങളുടെ കാര്യവിചാരിപ്പുകാരനായി നീസാൻ നമ്മുടെ കർത്താവിന്റെ പക്കലേക്കോടി. കാരണം, മോശ നീസാനിൽ ഈജിപ്തിൽ വച്ച് നിഗൂഢപ്രതീകങ്ങൾ നീസാന് ഭരമേൽപ്പിച്ചു. തന്റെ പ്രതീകങ്ങൾ നീസാൻ കൊണ്ടുവന്നു....ഭാഗ്യവതിയായ നീസാൻ, നീ രണ്ടു പെസഹാകളും ദർശിച്ചു: മോശയുടെ പെസഹായും നമ്മുടെ കർത്താവിന്റെ പെസഹായും.

# 5

## "ആദ്യജാതന്റെ നോമ്പ് ഇതാകുന്നു" എന്ന രീതി

1. എന്റെ കർത്താവേ, സമൃദ്ധിയുടെ ഈ മാസത്തിൽ കുറവുകൂടാതെ നിന്റെ ദാനം എല്ലാവരുടെമേലും ചൊരിയപ്പെട്ടു. എന്റെ കർത്താവേ, എല്ലാവരുടെമേലും ചൊരിയപ്പെട്ട നിന്റെ നന്മകളാൽ നീസാന്റെ മഴത്തുള്ളികൾ കീഴടക്കപ്പെട്ടു. ഇതാ, കുറ്റിക്കാടുവരെ നിന്റെ സഹാനഭൂതി നിന്റെ ദാനം താഴേക്കിറക്കി. കള വളർന്ന് അലങ്കരിച്ച് നിശ്ശബ്ദമായി നിന്റെ കൃപ തിരികെ നൽകുന്നെങ്കിൽ, എന്റെ കർത്താവേ, ഗീതങ്ങളാൽ നിന്റെ സ്തുതി ആലപിക്കാൻ ദാഹിക്കുന്നവന് നിന്റെ കാരുണ്യം നിരസിക്കരുതേ.

2. കർമനിരതമായ നീസാൻ ശൂന്യമായ ഉറവകളെയും ജലപാനത്തിനായി നിറച്ചു. എന്റെ കർത്താവേ, നിന്റെ കൃപയുടെ ഓളത്താൽ ഞങ്ങളുടെ ആത്മാക്കളുടെ ദാഹാർത്തമായ ഉറവയെ നിറച്ചാലും. കാരണം, അവ

95. ക്രിസ്തു

പൂർണമായും നിന്റെ ദാനത്തിൽ ആശ്രയിക്കുന്നു. നിന്റെ കൃപ നിന്റെ സൃഷ്ടികളെ സുഖപ്പെടുത്താൻ വർഷിക്കപ്പെടുന്നില്ലെങ്കിൽ, അവ രോഗ ഗ്രസ്തമാകും.....

3. ....എന്തുകൊണ്ടെന്നാൽ സൂര്യൻ ദുഷ്ടരുടെമേൽ ഒരിക്കലും ഉദിക്കാതിരിക്കുന്നില്ല; അതിന്റെ ദൃശ്യമായ ഉദയത്തിലൂടെ തന്റെ സ്നേഹത്തിന്റെ അദൃശ്യമായ ഉദയം തിരിച്ചറിയണം. കൃതഘ്നരിൽ നിന്ന് തന്റെ കാരുണ്യം അവിടുന്ന് ഒരിക്കലും പിൻവലിക്കുന്നില്ലെന്ന്, സുസ്ഥിരമായി ദുഷ്ടന്റെമേൽ ഉദിക്കുന്ന സൂര്യനിലൂടെ അവിടുന്ന് കാട്ടുന്നു.

4. മൂകവും ബധിരവുമായ തണുപ്പുകാലത്തിന്റെ ഏകാന്തതയ്ക്കു ശേഷം, ഇതാ, ഇപ്പോൾ നീസാൻ ഇടിമുഴക്കുന്നു. ലോകത്തിന്റെ ചൈതന്യം പകർന്ന ജീവനും ചാലനവുമാണത്. കാരണം, തുഴയുന്നവരുടെയും കപ്പിത്താന്റെയും ആരവത്താൽ അത് കടലിന് ചൈതന്യം പകർന്നു; അജഗണങ്ങളുടെ ശബ്ദത്താൽ മരുഭൂമിക്ക് അത് ചൈതന്യം പകർന്നു; അന്തരീക്ഷത്തിന് പക്ഷികളുടെ ശബ്ദത്താൽ അത് ജീവൻ നൽകി. സജീവശബ്ദം അകത്തു കടന്നെന്ന് ഗ്രഹിച്ചപ്പോൾ, നീസാനിൽ പാതാളത്തിന്റെ മൃതമൂകതയ്ക്ക് ജീവൻ വച്ചു.

 www.malankaralibrary.com

# മാർ അപ്രേമിന്റെ മലയാളത്തിലുള്ള കൃതികൾ

1. ജി. ചേടിയത്ത്, മാർ അപ്രേം, *പറുദീസാഗീതങ്ങൾ*, കോട്ടയം, 2001, പേജ്, 118. (OIRSI-249).

2. ---------, മാർ അപ്രേം, *കന്യാത്വഗീതങ്ങൾ*, കോട്ടയം, 2001, പേജ്, 220. (OIRSI -250).

3. ---------, മാർ അപ്രേം, *മനുഷ്യാവതാരഗീതങ്ങൾ*, കോട്ടയം, 2001, പേജ്,168. (OIRSI -251).

4. ----------, മാർ അപ്രേം, *ഉൽപ്പത്തിഭാഷ്യം*, കോട്ടയം, 2001, പേജ്, 278. (-*ഉൽപ്പത്തിഭാഷ്യം*, പേജ് 11-161; *പുബ്ലിയൂസിനുള്ള കത്ത്*, പേജ്, 162-177; *നമ്മുടെ കർത്താവിനെ കുറിച്ചുള്ള പ്രസംഗം*, പേജ്, 178-241; *ജൂലിയനെതിരെയുള്ള ഗീതങ്ങൾ*, പേജ്, 242-278.) (OIRSI-257).

5. ----------, മാർ അപ്രേം, സുവിശേഷഭാഷ്യം (ദിയാതെസ്സറോൺ ഭാഷ്യം), കോട്ടയം, 2002, പേജ്, 358 (OIRSI-263).

6. ---------, മാർ അപ്രേം, *വിശ്വാസഗീതങ്ങൾ*, കോട്ടയം, 2008, പേജ്, 264 (-*വിശ്വാസഗീതങ്ങൾ*, പേജ്, 1-205; *വിശ്വാസത്തെപ്പറ്റിയുള്ള പ്രസംഗങ്ങൾ അഥവാ മെമ്രാകൾ*, പേജ് 206-255) (OIRSI-301).

7. ----------, മാർ അപ്രേം, *നിസിബിയൻ ഗീതങ്ങൾ*, കോട്ടയം, 2009, പേജ് 232, (OIRSI-309).

8.-----------, മാർ അപ്രേം, *സഭാഗീതങ്ങൾ*, കോട്ടയം, 2009, പേജ് 124, (OIRSI-310).

9.-----------, മാർ അപ്രേം, *പെസഹാഗീതങ്ങൾ*, കോട്ടയം, 2009, പേജ് .

Manager, OIRSI Publication, P.B. No.10
Vadavathoor, Kottayam - 686 010

# മലയാളത്തിലുള്ള പട്രിസ്റ്റിക് ടെക്സ്റ്റുകൾ

ഡിഡാക്കെ

റോമിലെ വി.ക്ലെമെന്റ്, കോറിന്തോസുകാർക്കെഴുതിയ ലേഖനം

അന്ത്യോക്യയിലെ വി. ഇഗ്നേഷ്യസിന്റെ ഏഴു ലേഖനങ്ങൾ

ഹിയെരാപ്പൊളീസിലെ പപ്പിയാസിന്റെ രേഖാശകലങ്ങൾ

വി. പോളിക്കാർപ്പ് ഫിലിപ്പിയർക്കെഴുതിയ ലെഖനം

വി. പോളിക്കാർപ്പിന്റെ രക്തസാക്ഷിത്വം

ബർണബാസിന്റെ ലേഖനം

ഡയഗ്നേറ്റസിനുള്ള ലേഖനം

ഹെർമാസിന്റെ ഇടയൻ

റോമിലെ വി. ക്ലെമെന്റിന്റെ പേരിൽ അറിയപ്പെടുന്ന “രണ്ടാം ലേഖനം”

ക്ലെമെന്റിന്റെ പേരിൽ അറിയപ്പെടുന്ന “കന്യകകൾക്കുള്ള രണ്ടു കത്തുകൾ”

ഡിഡസ്കാലിയാ

സാർദിസിലെ മെലിറ്റോയുടെ പെസഹാപ്രസംഗം

വി. ഗ്രിഗറി നസ്യാൻസൻ, പെസഹാപ്രസംഗം

വി. സിപ്രിയാൻ, കത്തോലിക്കാ സഭയുടെ ഐക്യം

വി. സിപ്രിയാന്റെ പ്രോകോൺസുളാർ നടപടികൾ

വി. സിപ്രിയാൻ, പ്രാർഥനയെപ്പറ്റി

സോളമന്റെ ഗീതകങ്ങൾ

ഹിപ്പോളിറ്റസ്, അപ്പസ്തോലികപാരമ്പര്യം

എവാഗ്രിയസ്, പ്രാക്തിക്കോസ്

എവാഗ്രിയസ്, പ്രാർഥനയെപ്പറ്റി


www.malankaralibrary.com

എവാഗ്രിയസ്, പ്രാർഥിക്കാനുള്ള ഉപദേശം

ആദായിയുടെ പ്രബോധനം

സെറാപിയോൻ, പ്രാർഥനക്രമം (എവുക്കൊലോഗിയോൻ)

മർക്കോസിന്റെ അനാഫറ

ദെർ ബലീസെ പപ്പീറസ്

ഈബാസ് മാരിക്കയച്ച കത്ത്

ഐറേനിയസ്, അപ്പസ്തോലിക പ്രബോധനത്തിന്റെ തെളിവ്

മാർ തോമായുടെ നടപടികൾ

പെക്തോറിയുസിന്റെ ശിലാലിഖിതം

അബേർചിയുസിന്റെ ശിലാലിഖിതം

വി. ജസ്റ്റിന്റെ രക്തസാക്ഷിത്വം

ഷില്ലിയിലെ രക്തസാക്ഷികളുടെ നടപടികൾ

തെർത്തുല്യൻ, പ്രാർഥനയെപ്പറ്റി

ഒരിജൻ, പ്രാർഥനയെപ്പറ്റി

ഒരിജൻ, ഉത്തമഗീതഭാഷ്യം

ഒരിജൻ, ലൂക്കാഭാഷ്യം

യോഹന്നാന്റെ സുവിശേഷം, ഒരിജന്റെ ഭാഷ്യം

അലക്സാണ്ട്രിയയിലെ ക്ലെമെന്റ്, പ്രാർഥനയെപ്പറ്റി

ജറുസലേമിലെ വി. സിറിൽ, മതാധ്യാപനപ്രസംഗങ്ങൾ

വി. ജോൺ ക്രിസൊസ്തോം, പ്രാർഥനയെപ്പറ്റി

വി. ജോൺ ക്രിസൊസ്തോം, ക്രിസ്തുശാസ്ത്രം

വി. ജോൺ ക്രിസൊസ്തോം, ബാബിലാസിന്റെ ചരിത്രം

വി. ജോൺ ക്രിസൊസ്തോം, മതാധ്യാപനപ്രസംഗങ്ങൾ

വി. ഗ്രിഗറി നീസ്സാ, കർതൃപ്രാർഥന

വി. ഗ്രിഗറി നീസ്സാ, ഗിരിപ്രഭാഷണം

വി. അഗസ്റ്റിൻ, പ്രാർഥനയെപ്പറ്റി

വി. അഗസ്റ്റിൻ, ക്രിസ്മസ്-ദനഹാ പ്രസംഗങ്ങൾ

വി. ബേസിൽ, പ്രാർഥനയെപ്പറ്റി

www.malankaralibrary.com

വി. ജറോം, പ്രാർഥനയെപ്പറ്റി
വി.ജറോം, മഹദ്വ്യക്തികൾ
ജന്നാഡിയുസ്, മഹദ്വ്യക്തികൾ
വി. ജോൺ ഡമഷീൻ, സത്യവിശ്വാസം
ബർ എബ്രായാ, പ്രാർഥനയെപ്പറ്റി
ബർ എബ്രായാ, സഭാചരിത്രം രണ്ടാം ഭാഗം (പൗരസ്ത്യ മഫ്രിയാന്മാരെപ്പറ്റി)
മാർ അഫ്രാത്, പ്രാർഥനയെപ്പറ്റി
മാർ അപ്രേം, പ്രാർഥനയെപ്പറ്റി
മാർ അപ്രേം, പറുദീസാ ഗീതങ്ങൾ
മാർ അപ്രേം, ഉത്പത്തിഭാഷ്യം
മാർ അപ്രേം, മനുഷ്യാവതാരഗീതങ്ങൾ
മാർ അപ്രേം, കന്യാത്വഗീതങ്ങൾ
മാർ അപ്രേം, വിശ്വാസഗീതങ്ങൾ
മാർ അപ്രേം, സുവിശേഷഭാഷ്യം (ദിയാതെസ്സാറോൺ ഭാഷ്യം)
മാർ അപ്രേം, നിസിബിയൻ ഗീതങ്ങൾ
മാർ അപ്രേം, സഭാഗീതങ്ങൾ
സോപാനഗ്രന്ഥം (ലീബർ ഗ്രാദൂം), പ്രാർഥനയെപ്പറ്റി
അപ്പമെയായിലെ യോഹന്നാൻ, പ്രാർഥനയെപ്പറ്റി ഹെസീക്കിയസിനുള്ള കത്ത്
മാർ ഫീലൊക്സീനുസ്, പരിശുദ്ധാത്മാവിന്റെ ആവാസത്തെക്കുറിച്ച്,
മാർ ഫീലൊക്സീനുസ്, പ്രാർഥനയെ കുറിച്ച് മൂന്നു രേഖകൾ
മാർ ബാബായ്, പ്രാർഥനയെക്കുറിച്ച് കുറിയാക്കോസിനുള്ള കത്ത്
അജ്ഞാതഗ്രന്ഥകാരൻ, പ്രാർഥനയെപ്പറ്റി (രണ്ടു രേഖകൾ 6/7നൂ.)
നഥ്ഫാറിലെ അബ്രഹാം, പ്രാർഥനയെപ്പറ്റി രണ്ടു രേഖകൾ
യൗസേപ്പ് ഹസ്സായാ, പ്രാർഥനയെപ്പറ്റി രണ്ടു രേഖകൾ
യോഹന്നാൻ ദല്യാതാ, പ്രാർഥനയെപ്പറ്റി രണ്ടു രേഖകൾ
നിനവേയിലെ ഇസഹാക്ക്, പ്രാർഥനയെപ്പറ്റി നാല് രേഖകൾ
സഹ്ദോണാ, പ്രാർഥനയെക്കുറിച്ച്
മൂറത്തോറിയൻ രേഖാശകലം


www.malankaralibrary.com

എവുസേബിയസ്, സഭാചരിത്രം
സൊക്രാട്ടസ്, സഭാചരിത്രം
മൊപ്സുവെസ്ത്യായിലെ തിയഡോർ, മതാധ്യാപന പ്രസംഗങ്ങൾ
തിയഡോർ, യോഹന്നാന്റെ സുവിശേഷത്തിന്റെ ഭാഷ്യം
സൈറസിലെ തിയഡൊറേറ്റ്, ക്രിസ്തുശാസ്ത്രം (എരാനിസ്തെസ്)
വി. അത്തനേഷ്യസ്, വി.അന്തോണിയോസിന്റെ ജീവചരിത്രം
വി. ലെയോ, ഫ്ളാവിയന് അയച്ച കത്ത്
അൻസീറാ, നെയോ ചെസാറിയാ, ഗാംഗ്ര സിനഡുകൾ
മാർ മാറൂഥായുടെ കാനോനകൾ
സിനോഡിക്കോൻ ഓറിയെന്താലെ
ആദ്യത്തെ ഏഴ് എക്യുമേനിക്കൽ സൂനഹദോസുകൾ
ഈശോദാദ്, പുതിയനിയമഭാഷ്യം
ഈശോദാദ്, സുവിശേഷഭാഷ്യം
പ്രാചീനസന്യാസചരിത്രം (പല്ലാഡിയുസിന്റെ ലൗസിയാക് ചരിത്രം)
ഷിതോപൊളീസിലെ സിറിൽ, വി.എവുതീമിയസിന്റെ ജീവചരിത്രം
ഷിതോപൊളീസിലെ സിറിൽ, പലസ്തീനയിലെ സന്യാസികൾ
മാർ ബാബായ്, ക്രിസ്തുശാസ്ത്രം (*ലീബർ ദെ യൂണിയോണെ*)
അറബികളുടെ മെത്രാനായ ഗീവർഗീസ്, കൂദാശാഭാഷ്യം
മോശബർകേഫാ, കൂദാശാഭാഷ്യം
ഡയനീഷ്യസ് ബർ സലീബി, കൂദാശാഭാഷ്യം
സെവുഡോ ഡയനീഷ്യസ്, കൂദാശാഭാഷ്യം
ഗബ്രിയേൽ ഖത്രായാ, കൂദാശാഭാഷ്യം
മാർ അബ്ദീശോ, കൂദാശാഭാഷ്യം
മാർ അബ്ദീശോ, കാറ്റലോഗ്
മാർ യേശുദ്നാഹ്, സന്യാസചരിത്രം
മാർ തിമോതി രണ്ടാമൻ, കൂദാശാഭാഷ്യം
അർബേലിലെ ജോർജ് (ഗീവർഗീസ്), കൂദാശാഭാഷ്യം
അബ്രഹാം ബർലീഫേ, കൂദാശാഭാഷ്യം

www.malankaralibrary.com

അപ്പസ്തോലികകാനോനകൾ

മാർ ദാദീശോ ഖത്രായാ, ഏകാന്തജീവിതത്തെപ്പറ്റി (അഞ്ചു ഭാഗങ്ങൾ)

മാർ റാബൂളയുടെ സന്യാസനിയമങ്ങൾ

മാർ അബ്രഹാമിന്റെ സന്യാസനിയമങ്ങൾ

മാർ ദാദീശോയുടെ സന്യാസനിയമങ്ങൾ

മാർ ബാബായിയുടെ സന്യാസനിയമങ്ങൾ

മാർ ഫീലൊക്സീനൂസിന്റെ സന്യാസനിയമങ്ങൾ

മാർ യാക്കോബിന്റെ സന്യാസനിയമങ്ങൾ

മാർ കുറിയാക്കോസിന്റെ സന്യാസനിയമങ്ങൾ

മാർ അപ്രേമിന്റെ സന്യാസനിയമങ്ങൾ

വി. അഗസ്റ്റിൻ, ഗിരിപ്രഭാഷണം (ഗിരിപ്രഭാഷണം, ആഗസ്തീനോസിന്റെ ഭാഷ്യം)

വി. അഗസ്റ്റിൻ, യോഹന്നാന്റെ സുവിശേഷഭാഷ്യം (വി. യോഹന്നാന്റെ സുവിശേഷം ആഗസ്തീനോസിന്റെ ഭാഷ്യം).

വി. ജോൺ ക്രിസൊസ്തോം, ശ്ലീഹന്മാരുടെ നടപടികൾ (ശ്ലീഹന്മാരുടെ നടപടികൾ, ജോൺ ക്രിസൊസ്തോമിന്റെ ഭാഷ്യം)

മാർ അപ്രേം പെസഹാഗീതങ്ങൾ: പുളിപ്പില്ലാത്ത അപ്പത്തെപ്പറ്റി, ക്രൂശാരോഹണത്തെപ്പറ്റി, സ്വർഗാരോഹണത്തെപ്പറ്റി



www.malankaralibrary.com

## OIRSI PUBLICATIONS - RECENT BOOKS

| | | |
|---|---|---|
| 288. | G. Chediath | പട്രോളജി – വാല്യം 1, 2006, p.308, Rs.150.00 |
| 289. | G. Chediath | പട്രോളജി – വാല്യം 2, 2006, p.286, Rs.125.00 |
| 290. | G. Chediath | ജോൺ ക്രിസൊസ്തോം: ക്രിസ്തുശാസ്ത്രം, ബാബിലാസിന്റെ ചരിത്രം, 2006 p.124, Rs. 40.00 |
| 294. | P. Vadakeoram | Heidegger's Vision of Human Existence in the expression and appropriation of Being 2007, p.417, Rs.300 |
| 296. | J. Kattackal | Three Hundred Verses of Bhartrhari: Text, Translation and Christian Commentary, 2008, p.220, Rs.100.00 |
| 297. | S.Kannniyakonil-S.Chirapanath (Ed.), | ധാർമ്മിക ദൈവശാസ്ത്രം, 2008, പേജ് 544, Rs.300.00 |
| 298. | P.Pallath | The Eucharistic Liturgy of the St. Thomas, Christians and the Synod of Diamper, 2008, p.236, Rs.100.00 |
| 299. | A.Mekkattukunnel | പ്രത്യാശയുടെ ചൂണ്ടുപലകകൾ, 2008, p.64,Rs.30.00 |
| 300. | G. Chediath | പട്രോളജി-III, 2008, p.276, Rs.80.00 |
| 301. | G. Chediath | മാർ അപ്രേം, വിശ്വാസഗീതങ്ങൾ, 2008, പേജ് 256, Rs.100.00 |
| 302. | Mar Joseph Neelankavil | Feasts and Celebrations, 2008,p.240, Rs.225.00 |
| 303. | J.Puliurumpil | The Early Christian Settlements of Kerala, 2008, p.172, Rs.90.00 |
| 304. | C.Pyngott | തിരുനാളുകൾ, 2008, p.396, Rs.210.00 |
| 305. | A.Mekkattukunnel | ദൈവവചനം: റൂഹായുടെ സിംഫണി, 2008, p.64,Rs.50.00 |
| 306. | L.Arangasserry | Orders of Priesthood and Orders of Service, 2008, p.208, Rs.200 |
| 307. | J.Thamarasserry | Church:Sign and Sacrament of Unity, 2009, p.790, Rs.300.00 |
| 308. | J.Kattackal | Dharma Pada, 2009, p.147, Rs.100 |
| 309. | G. Chediath | മാർ അപ്രേം-നിസിബിയൻ ഗീതങ്ങൾ, 2009, p.232, Rs.100 |
| 310. | G. Chediath | മാർ അപ്രേം-സഭാഗീതങ്ങൾ, 2009,p.144,Rs.60 |
| 311. | A.Mekkattukunnel | പൗലോസ് ശ്ലീഹാ: ജനതകൾക്കൊരു പ്രകാശ ഗോപുരം, 2009, p.192, Rs.100.00 |
| 312. | G. Chediath | മാർ അപ്രേം-പെസഹാഗീതങ്ങൾ, 2009,p.96, Rs.40.00 |

Manager, OIRSI Publication, P.B. No.10
Vadavathoor, Kottayam - 686 010

www.malankaralibrary.com



## മാർ അപ്രേം

# പെസഹാഗീതങ്ങൾ

'സഭാപിതാക്കന്മാർ ഉജ്ജ്വലപ്രകാശം ലഭിച്ച ദൈവശാസ്ത്രജ്ഞന്മാരാണ്. കത്തോലിക്കാ സഭയുടെ പ്രബോധനങ്ങൾ ഉയർത്തിപ്പിടിക്കാൻ അവർ സർവാത്മനാ ശ്രദ്ധിച്ചു. ജനങ്ങളോടു അവികലമായി ദൈവവചനം പ്രസംഗിക്കാനും അവരുടെ ക്രൈസ്തവ ജീവിതത്തിന് അവ ഉപയുക്തമാക്കാനും പരിശ്രമിച്ച അജപാലകരാണവർ. അപ്പസ്തോലിക പ്രസംഗത്തിന് നിശ്ചിത രൂപഭാവങ്ങൾ നൽകാൻ ശ്രമിച്ച ആദ്യവ്യക്തികളാണവർ. അജപാലകർ എന്ന നിലയിൽ സുവിശേഷസന്ദേശം ചുറ്റുപാടുമുള്ള മനുഷ്യർക്കു മനസ്സിലാകത്തക്ക രീതിയിൽ വിവരിച്ചു കൊടുക്കാൻ പിതാക്കന്മാർ തത്രപ്പെട്ടു. വേദപാഠം, ദൈവശാസ്ത്രം, വി. ഗ്രന്ഥം, ലിറ്റർജി, അജപാലനജോലികൾ എന്നിവയെല്ലാം ഒന്നിച്ചു പോകുന്നവയായിരുന്നു; വെറും ബൗദ്ധികതലത്തിൽ മാത്രം ഒതുങ്ങുന്നതായിരുന്നില്ല അവരുടെ പ്രവർത്തനം; പിന്നെയോ, സമ്പൂർണ വ്യക്തിയെ ഉന്നംവച്ചുകൊണ്ടുള്ളതായിരുന്നു.'

ജോൺ പോൾ രണ്ടാമൻ മാർപാപ്പാ

OIRSI
PUBLICATIONS
Vadavathoor
P.B. No. 10,
Kottayam